

ഭേരിവിജയം
Bharath
Studio, Trichur







ചർമ്മരോഗങ്ങൾ
വരാതിരിപ്പാനും
വന്നതിനെ മാററുവാനും
ചന്ദ്രിക ഔഷധസോപ്പ്
പതിവായി ഉപയോഗിക്കുക

അഖിലകേരള സൊഡാലിററി മാസിക

ഒററപ്രതി: 17 ന.പ.
ആണ്ടിൽ: 2 രൂപ.
(മുൻകൂർ)

പത്രാധിപർ: ഫാദർ ജെ. ചെമ്മണ്ണൂർ, ബി.എ.

PHONE: 603
TRICHUR

# മേരീവിജയം

പുസ്തകം XIV ★ 1964 മാർച്ച് ★ ലക്കം III

## പത്രാധിപപംക്തി

### പണിയും പ്രായശ്ചിത്തവും

മാർച്ചുമാസം വി. യൗസേപ്പുപിതാവിന്റെ മാസമാണ്; അമ്പതുനോയമ്പിന്റെ കാലഘട്ടവുമാണ്. വി. യൗസേപ്പ് ആശാരിപ്പണിക്കാരനും തൊഴിലാളികളുടെ മദ്ധ്യസ്ഥനും; നോയമ്പുകാലമാണെങ്കിൽ, പ്രായശ്ചിത്തകൃത്യങ്ങളനുഷ്ഠിക്കേണ്ട സന്ദർഭവും. അങ്ങനെ പണിയും പ്രായശ്ചിത്തവും കൈകോർത്തു പിടിച്ചു പോകേണ്ടതായ —സമഞ്ജസമായി സമ്മേളിക്കേണ്ടതായ— ഒരവസരമാണ് മാർച്ചുമാസം.



അദ്ധ്വാനത്തിന്റെ തഴമ്പും, വെയിലിന്റെ കരുവാളിപ്പും, മഞ്ഞിന്റെ മരവിപ്പും, വിയർപ്പിന്റെ വിഴുപ്പും — എല്ലാം പ്രത്യക്ഷമാകുന്ന വി. യൗസേപ്പിൽ എളിമയുടെ അഗാധതയും ശുദ്ധതയുടെ വെണ്മയും അനുസരണത്തിന്റെ ശാലീനതയും ത്യാഗത്തിന്റെ പരമകോടിയും —പുണ്യത്തിന്റെ പാരമ്യം മുഴുവനും— അടങ്ങിയിരുന്നു. കാരണം, അദ്ധ്വാനങ്ങളെ അദ്ദേഹം പ്രായശ്ചിത്തകൃത്യങ്ങളാക്കി വിശുദ്ധീകരിച്ചെടുത്തു. ഒച്ചപ്പാടും ബഹളവും, സ്ട്രൈക്കും സമരവും ഒന്നും ഇല്ലാതെത്തന്നെ ആ തൊഴിലാളികുടുംബം ജീവസന്ധാരണം നടത്തി. പാടത്തും പറമ്പിലും, അടുക്കളയിലും മില്ലിലും, പീടികയിലും ഓഫീസിലും വിയർത്തൊലിച്ചു പണിയെടുക്കുന്ന ഒരു തൊഴിലാളിക്കു പ്രായശ്ചിത്തത്തിന്റെ ചൈതന്യം വഴിയായി പുണ്യത്തിന്റെ പരമകാഷ്ഠയിലെത്തിച്ചേരാൻ കഴിയുമെന്നതിന്റെ മകുടോദാഹരണമാണ് വി. യൗസേപ്പിതാവ്. "നിന്റെ നെററിയിലെ വിയർപ്പുകൊണ്ടു നീ ഭക്ഷണം സമ്പാദിക്കുക" എന്നുള്ളതായിരുന്നു ആദ്യപാപത്തിന്റെ ശിക്ഷ. ദിവ്യരക്ഷകൻ ആ ശിക്ഷയെ പാപത്തിനുള്ള ഒരു പരിഹാരമാർഗ്ഗമാക്കി ഉയർത്തി. അങ്ങനെ, നമ്മുടെ അനുദിനജീവിതത്തിൽ നാം അവശ്യം അനുഷ്ഠിക്കേണ്ടതായ ജോലികൾ, കായികാദ്ധ്വാനങ്ങൾ, ബുദ്ധിപരമായ പ്രവൃത്തികൾ — എല്ലാംതന്നെ പാപത്തിനു പരിഹാരമായി സമർപ്പിക്കേണ്ടതാണ്.

“ഞങ്ങൾക്കുണ്ടോ പുണ്യം സമ്പാദിക്കുവാൻ കഴിയുന്നു? ഞങ്ങൾക്കുണ്ടോ പ്രാർത്ഥിക്കുവാൻ സമയം?” എന്നെല്ലാം ചോദിക്കുന്ന തൊഴിലാളികൾ പുണ്യമെന്താണെന്നും പ്രാർത്ഥനയെന്താണെന്നും മനസ്സിലാക്കാത്തവരാണ്. ഏതു ചെളിക്കുണ്ടിലും കുപ്പക്കുഴിയിലും ധൂമപടലത്തിലും നിന്നുകൊണ്ട് വിയർത്തദ്ധ്വാനിച്ചാലും അതെല്ലാം മനസ്സിന്റെ ദിവ്യസംയോജനംകൊണ്ട് പുണ്യകൃത്യങ്ങളായിത്തീരുമെന്നും ഹൃദയത്തെ ഇടയ്ക്കിടെ ദൈവത്തിന്റെ പക്കലേയ്ക്കു് ഉയർത്തിയാൽ ആ കഠിനാദ്ധ്വാനംതന്നെ അതിവിശിഷ്ടമായ പ്രാർത്ഥനയും പ്രായശ്ചിത്തവുമായി രൂപാന്തരപ്പെടുമെന്നും എല്ലാ തൊഴിലാളികളും മനസ്സിലാക്കേണ്ടതാണ്. ആശാരിയുടെ പണിപ്പുരയിൽക്കൂടി പുണ്യത്തിന്റെ ഉന്നതവിഷ്ടരത്തിൽ എത്തിയ വി. യൗസേപ്പുപിതാവ് നമ്മുടെ തൊഴിലാളികൾക്കു വെളിച്ചം നൽകട്ടെ.

കവർച്ചിത്രം: ഗൗരവമേറിയ വായന

ജോസഫ് കാക്കശ്ശേരി എം. ഏ., എം. ഇ. ഡി

# പുത്രവാത്സല്യം

പണ്ട് പേർഷ്യയിൽ ക്രിസ്തുവിനേയും അദ്ദേഹം സ്ഥാപിച്ച മതത്തേയും പററി വലിയ പുച്ഛമായിരുന്ന ഒരു സുൽത്താനുണ്ടായിരുന്നു. അദ്ദേഹത്തിന് സമർത്ഥനും ബുദ്ധിമാനുമായ ഒരു മന്ത്രിയും ഉണ്ടായിരുന്നു. ഈ മന്ത്രി ഒരിക്കൽ പലസ്തീനാരാജ്യം സന്ദർശിച്ചു. അവിടെവെച്ച് അദ്ദേഹം യേശുക്രിസ്തുവിനെപ്പററി കേൾക്കുന്നതിനു ഇടയാകുകയും ക്രിസ്തുമതത്തിലേയ്ക്ക് ആകർഷിക്കപ്പെടുകയും ചെയ്തു. ക്രിസ്ത്യാനികളുടെ വിശുദ്ധ സ്ഥലങ്ങളെല്ലാം അദ്ദേഹം സന്ദർശിച്ചു. അധികം താമസിയാതെ മന്ത്രി ക്രിസ്തുമതം സ്വീകരിച്ചു. അദ്ദേഹം പേർഷ്യയിൽ മടങ്ങിയെത്തി, പാപികളെ രക്ഷിക്കുന്നതിന് അവതരിച്ച യേശുക്രിസ്തുവിൽ താൻ വിശ്വസിക്കുന്നുവെന്നും അതുകൊണ്ട് ഒരു ക്രിസ്ത്യാനിയായെന്നും പരസ്യമായി പ്രസ്താവിച്ചു. രാജാവിന് ഇതു തീരെ ഇഷ്ടപ്പെട്ടില്ല. അദ്ദേഹം ക്രിസ്തുമതത്തിലെ കഥയില്ലായ്മകൾ മന്ത്രിക്കു മനസ്സിലാക്കിക്കൊടുക്കുവാൻ തീരുമാനിച്ചു. രാജാവ് മന്ത്രിയെ വിളിച്ച് ഇപ്രകാരം ചോദിച്ചു: "ഞാൻ എൻെറ ആവശ്യങ്ങൾ സാധിക്കുന്നതിന് എൻെറ ഭൃത്യന്മാരോട് കല്പിക്കുകയും അവർ അതു വേണ്ടവിധത്തിൽ നിർവ്വഹിക്കുകയും ചെയ്യുന്നു. എന്നാൽ നിങ്ങൾ വിശ്വസിക്കുന്ന രാജാധിരാജനായ ക്രിസ്തുവിന് ഒരു വാക്കുകൊണ്ട് പാപികളെ രക്ഷിക്കുവാൻ കഴിയുമായിരുന്നില്ലേ? പിന്നെ എന്തിനാണ് മനുഷ്യനായി ഭൂമിയിൽ അവതരിച്ച് ഇത്ര കഷ്ടതകൾ അനുഭവിച്ചതു?" ബുദ്ധിമാനായ മന്ത്രി ഉടനെ അതിന് മറുപടി നൽകിയില്ല. അതിനു കുറെ സമയം അനുവദിക്കണമെന്ന് രാജാവിനോടപേക്ഷിച്ചു. രണ്ടു ദിവസം കഴിഞ്ഞ് മറുപടി പറഞ്ഞാൽ മതിയെന്ന് രാജാവ് കല്പിച്ചനുവദിച്ചു. മന്ത്രി ഒരു ശില്പകലാവിദഗ്ദ്ധനെ വിളിച്ച് രാജാവിൻെറ മൂന്നു വയസ്സു പ്രായമുള്ള കുമാരൻെറ ഒരു പ്രതിമ ഉണ്ടാക്കുവാൻ ഏല്പിച്ചു. ആ രാജകുമാരനെപ്പോലെ വസ്ത്രം ധരിപ്പിച്ച് രണ്ടു ദിവസത്തിനുള്ളിൽ ഒരു നിശ്ചിതസ്ഥലത്തേയ്ക്കു പ്രതിമ കൊണ്ടുചെല്ലുവാനും നിർദ്ദേശിച്ചു.

രണ്ടു ദിവസങ്ങൾക്കുശേഷം, രാജാവ് മന്ത്രിയോടൊന്നിച്ച് ഒരു ബോട്ടിൽക്കയറി, യാത്ര ആരംഭിക്കുന്നതിനു മുമ്പ് തൻെറ മുൻചോദ്യത്തിൻെറ ഉത്തരം പറയുവാൻ ആവശ്യപ്പെട്ടു. ഉടനെ ശില്പി പ്രതിമയുമായി നദീതീരത്തിലെത്തി. തൻെറ ഓമനകുമാരനാണെന്നു കരുതി ആ പ്രതിമയെ വാരിയെടുക്കുവാൻ രാജാവ് കൈകൾ നീട്ടി. മുമ്പ് നൽകിയിരുന്ന നിർദ്ദേശമനുസരിച്ച് ശില്പി ആ പ്രതിമയെ വെള്ളത്തിലിട്ടു. രാജാവ് പരിഭ്രമിച്ച് വെള്ളത്തിൽ ചാടുവാൻ ശ്രമിച്ചു. മന്ത്രി അദ്ദേഹത്തെ ആ സാഹസത്തിൽനിന്ന് തടയുകയും അദ്ദേഹത്തോട് ഇപ്രകാരം ചോദിക്കുകയും ചെയ്തു: "അല്ലയോ പ്രഭോ! ഓമനകുമാരനെ രക്ഷിക്കുന്നതിന് വെള്ളത്തിൽ ചാടുവാൻ അങ്ങ് ശ്രമിച്ചതു് എന്തിനാണ്? എന്നോടു കല്പിച്ചാൽ ഞാൻ അതു നിർവ്വഹിക്കുമായിരുന്നില്ലേ?" "അതു് എൻെറ പ്രിയപുത്രനോടുള്ള സ്നേഹംകൊണ്ടാണ്" എന്നായിരുന്നു രാജാവിൻെറ ഉത്തരം. മന്ത്രി രാജാവിനോട് പറഞ്ഞു, "സർവ്വശക്തനായ ദൈവം ലോകത്തിലെ പാപികളായ മനുഷ്യരെ രക്ഷിപ്പാൻ ഭൂമിയിൽ അവതരിച്ചതു്, തൻെറ മക്കളാകുന്ന മനുഷ്യരോടുള്ള സ്നേഹംകൊണ്ടുമാത്രമാണ്. ഇതുതന്നെയാണ് അങ്ങ് എന്നോടു ചോദിച്ചിരുന്ന ചോദ്യത്തിനുള്ള ഉത്തരം." രാജാവ് ബുദ്ധിമാനും വിശ്വാസിയും ആയിരുന്ന മന്ത്രിയുടെ ഉത്തരം കേട്ട് സന്തോഷിച്ചു. തനിക്കും ക്രിസ്തുമതതത്വങ്ങൾ പഠിക്കുന്നതിന് ആഗ്രഹമുണ്ടെന്ന് അറിയിക്കുകയും ചെയ്തു. മന്ത്രിയുടെ വിശ്വാസതീക്ഷ്ണത ആ രാജാവിനെ അധികം താമസിയാതെ ക്രിസ്തുമതത്തിലേയ്ക്കാനയിക്കുന്നതിനു സഹായിച്ചു.

പുതുതായി ക്രിസ്തുമതം സ്വീകരിച്ച ഒരു മന്ത്രിയുടെ വിശ്വാസം ഈ സുൽത്താൻെറ മതപരിവർത്തനത്തിന് കാരണമായെങ്കിൽ പത്തൊമ്പതു നൂററാണ്ടിൻെറ പാരമ്പര്യമുള്ള ക്രിസ്തുവിൻെറ പടയാളികൾക്ക് മന്ദഭക്തന്മാരേയും ക്രിസ്തുവിൽനിന്ന് ഒഴിഞ്ഞു നില്ക്കുന്നവരേയും മനസ്സു തിരിക്കുന്നതിന് വലിയ വിഷമം ഉണ്ടാകുകയില്ല. ലോകത്തിലുള്ള മറെറല്ലാ മതങ്ങളിലും മനുഷ്യൻ ഈശ്വരനെ അന്വേഷിച്ചു പോകുകയാണ്. പക്ഷെ ക്രിസ്തുമതത്തിലാകട്ടെ, ദൈവം മനുഷ്യരെ അന്വേഷിച്ചുവരുന്നു. ക്രിസ്തു നമ്മെ ആദ്യം സ്നേഹിച്ചു. അതിലാണ് ക്രിസ്തുമതത്തിൻെറ മാഹാത്മ്യം അടങ്ങിയിരിക്കുന്നതു്. ഇത്ര 'സ്നേഹമൂർത്തി'യായ ക്രിസ്തു എല്ലാ മനുഷ്യഹൃദയങ്ങളിലും വസിപ്പാൻ ആഗ്രഹിക്കുന്നു. "കുറുനരികൾക്ക് മാളങ്ങളും ആകാശത്തിലെ പറവകൾക്ക് കൂടുകളും ഉണ്ട്. മനുഷ്യപുത്രനോ തല ചായിപ്പാൻ സ്ഥലമില്ല" എന്നു വിലപിച്ചുകൊണ്ട് നമ്മുടെ അടുക്കൽ വരുന്ന ക്രിസ്തുവിനെ നമുക്ക് ആശ്വസിപ്പിക്കുവാൻ കഴിയുകയില്ലേ? മിശിഹായുടെമേലും, അദ്ദേഹത്തിൻെറ ശുശ്രൂഷകരുടെമേലും അർത്ഥശൂന്യമായ ആരോപണങ്ങളും കുപ്രചരണങ്ങളും ധാരാളമായി വളർന്നുവരുന്ന ഒരു കാലഘട്ടമാണല്ലൊ ഇതു്. ഇവയുടെ കഥയില്ലായ്മകളെ തെളിയിക്കുവാൻ, യാഥാർത്ഥ്യങ്ങളെ തുറന്നു കാട്ടുവാൻ, ആ മന്ത്രിയെപ്പോലെ ധൈര്യമുള്ളവരുടെ അഭാവം നിമിത്തം അനേകം കത്തോലിക്കർ

(ശേഷം 93-ാം പേജിൽ)

# പുതിയ കോൺഗ്രസ്സും പുതിയ മനുഷ്യനും

— ജി. പാനികളം —

*ഇക്കൊല്ലാവസാനം ബോംബേയിൽവച്ചു നടക്കുന്ന അഖിലലോകദിവ്യകാരുണ്യകോൺഗ്രസ്സിന്റെ പശ്ചാത്തലത്തിൽ അവസരോചിതമായ വിജ്ഞാനം പകരുന്നതാണ് ഈ ലേഖനം. — പത്രാധിപർ*

ഇന്ത്യൻ ചിന്തകനായ ടാഗോർ തന്റെ നാഷണലിസത്തിന്റെ ഒരു ഭാഗത്തിങ്ങനെ പറഞ്ഞിട്ടുണ്ട്: "ഭാരതമേ, ഉണർന്നിരിക്കൂ; നിന്റെ അർച്ചനയുടെ കാഴ്ചവസ്തുക്കളെ ആ പുലരിയിലേയ്ക്കായി ഒരുക്കൂ. അതിന്റെ സ്വാഗതഗാനം നിന്റെ ശബ്ദത്തിൽ അലിഞ്ഞലിഞ്ഞു ചേരട്ടെ. എന്നിട്ട് നീ ഇങ്ങനെ പാടൂ 'ദൈവത്തിന്റെതന്നെ സഹനത്തിന്റെ പുത്രിയായ സമാധാനമേ, വരൂ. നിന്റെ സംതൃപ്തിയുടെ ഭാണ്ഡാഗാരവും ധൈര്യത്തിന്റെ പടവാളും നിന്റെ നെററിത്തടത്തിന്നലങ്കാരമായ ശാന്തതയുമായി നീ വരൂ" ഇന്ത്യൻ സ്വാതന്ത്ര്യദിനത്തിന്റെ പൊൻപുലരിയെ മുന്നിൽ കണ്ടുകൊണ്ടാണ് ടാഗോർ ഈ വരികൾ കുറിച്ചതു്. അദ്ദേഹം ഉന്നിയ അതേവിധത്തിലുള്ള ഒരു പൊൻപുലരി ദർശിക്കുവാൻ പോവുകയാണ്, ഏഴെട്ടു മാസങ്ങൾക്കകം, ആർഷഭാരതം. ബോംബേ ദിവ്യകാരുണ്യകോൺഗ്രസ്സിന്റെ പൊൻപുലരി—ഇൻഡ്യക്കാർ മാത്രമല്ല, ലോകജനത മുഴുവൻ അതിനെ ആശ നട്ടു കാത്തിരിക്കുകയാണ്. ഭാരതത്തെസ്സംബന്ധിച്ചിടത്തോളം ദിവ്യകാരുണ്യകോൺഗ്രസ്സുകൾ അവർക്കത്ര പുത്തരിയൊന്നുമല്ല. അന്തർദ്ദേശീയാടിസ്ഥാനത്തിൽ ഇൻഡ്യയിൽ നടക്കുന്ന ആദ്യത്തെ ദിവ്യകാരുണ്യകോൺഗ്രസ്സാണ് ഇതെങ്കിലും ഇതിനകം ആറു ദേശീയ കോൺഗ്രസ്സുകൾ നടന്നുകഴിഞ്ഞു ഭാരതത്തിന്റെ മണ്ണിൽ. കഴിഞ്ഞവയെ ഇനിയത്തേതുമായൊന്നിപ്പിച്ചിട്ട് പുതിയ കോൺഗ്രസ്സിലെ ചർച്ചാവിഷയമായ പുതിയ മനുഷ്യനെപ്പററി ചിലതു് കുറിക്കുകയാണിവിടെ.

## ആരംഭവും ഉദ്ദേശ്യവും

കഷ്ടിച്ചു് എട്ടു ദശാബ്ദങ്ങളേ കഴിഞ്ഞുള്ളൂ, ദിവ്യകാരുണ്യകോൺഗ്രസ്സ് രൂപംകൊണ്ടിട്ട്. ദിവ്യകാരുണ്യഭക്തിയുടെ പ്രത്യേക മദ്ധ്യസ്ഥനായ വി. പീററർ എയ്മാർഡാണ് ഈ സംരംഭത്തിന്റേയും ആരംഭകനായി പരിഗണിക്കപ്പെടുക. എങ്കിലും അദ്ദേഹത്തിന്റെ മരണശേഷം 1882-ൽ മാത്രമാണ് ആദ്യത്തെ ദിവ്യകാരുണ്യകോൺഗ്രസ്സ് സമ്മേളിച്ചതു്. വി. എയ്മാർഡിന്റെ ആദ്ധ്യാത്മികപുത്രിമാരിലൊരാളായ ടമസിയെ എന്ന സ്ത്രീരത്നമാണ് ഈ സംരംഭത്തിൽ മുൻകൈ എടുത്തു പ്രവർത്തിച്ചതു്. തന്റെ ആദ്ധ്യാത്മിക പിതാവിൽനിന്നാണ് ഈ പുതിയ ആശയം താൻ സ്വീകരിച്ചതെന്നു് 1909-ലെ ഒരു കത്തിൽ അവർ വിശദമാക്കിയിട്ടുണ്ട്. എന്തിനിത്തരമൊരു പ്രസ്ഥാനമുണ്ടായെന്നു ചോദിച്ചാൽ ഉത്തരമൊന്നേയുള്ളൂ: ദിവ്യകാരുണ്യനാഥനായ ക്രിസ്തുവിനു പരസ്യാരാധന നല്കാൻ; ഒപ്പം ദിവ്യകാരുണ്യത്തിന്റെ നേരെ ഓരോരുത്തർക്കുമുള്ള കടമകൾ വ്യക്തമാക്കിക്കൊടുക്കാൻ—അങ്ങനെ ദിവ്യകാരുണ്യഭക്തിയിലൂടെ ക്രിസ്തുവിന്റെ സാമ്രാജ്യം വിപുലമാക്കാൻ. ദിവ്യകാരുണ്യത്തിലൂടെ ലോകം മുഴുവനേയും നേടുക—അതായിരുന്നു കോൺഗ്രസ്സ് സ്ഥാപകന്റെ തന്നെ ലക്ഷ്യം.

## ഇൻഡ്യയിലേയ്ക്കു വന്നാൽ

വൈദികന്മാർക്കായുള്ള ദിവ്യകാരുണ്യസഖ്യം 1894-ലാണ് ഇൻഡ്യയിൽ സ്ഥാപിതമായതു്. ഇൻഡ്യയിൽ നടന്ന എല്ലാ ദിവ്യകാരുണ്യകോൺഗ്രസ്സുകളും ഈ സഖ്യത്തിന്റെ മേൽനോട്ടത്തിലാണു സംഘടിപ്പിക്കപ്പെട്ടതു്. ഒററനോട്ടത്തിൽ, അധികമൊന്നും ഒച്ചപ്പാടുണ്ടാക്കാതെയാണു കഴിഞ്ഞ കോൺഗ്രസ്സു സമ്മേളനങ്ങളെല്ലാംതന്നെ നടന്നതു്. എങ്കിലും ഭാരതസഭയുടെ ആദ്ധ്യാത്മികോന്നമനത്തിനു് ഒത്തിരിയേറെ സഹായിച്ചു ഈ കോൺഗ്രസ്സുകൾ എന്നതാണു വാസ്തവം. പ്രത്യേകിച്ചു് ദിവ്യകാരുണ്യഭക്തി പ്രചരിപ്പിക്കുന്ന കാര്യത്തിൽ. ആ നിലയ്ക്കു് കഴിഞ്ഞ കോൺഗ്രസ്സുകളോരോന്നും ഭാരതസഭയുടെ പുരോഗതിയിലെ നിർണ്ണായകഘട്ടങ്ങൾതന്നെ; തർക്കമില്ല.

**മദ്രാസ് കോൺഗ്രസ്സ്:** ഇൻഡ്യയിലെ ആദ്യത്തെ ദിവ്യകാരുണ്യകോൺഗ്രസ്സ് സമ്മേളിച്ചതു് 1898-ലായിരുന്നു, ആഗസ്റ്റ് 2നും 4നുമിടയ്ക്കു്. മദ്രാസ് മെത്രാപ്പോലീത്താ ഡോ. കോൾഗൺ ആയിരുന്നു സമ്മേളനാദ്ധ്യക്ഷൻ. അദ്ദേഹത്തെ കൂടാതെ ഏഴു മെത്രാന്മാരും എഴുപതു വൈദികന്മാരും സമ്മേളനത്തിൽ സംബന്ധിച്ചു. ദിവ്യകാരുണ്യഭക്തിയുടെ വിവിധ വശങ്ങളെ സ്പർശിക്കുന്ന അഞ്ചു പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും പത്തു തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. ദിവ്യകാരുണ്യഭക്തിയിൽ വൈദികന്മാരും അൽമായരും എന്തെന്തു നിലപാടു് സ്വീകരിക്കണമെന്നു വ്യക്തമാക്കുന്നവയാണ് ഈ തീരുമാനങ്ങളിൽപ്പലതും. നിത്യദിനാരാധനയെ ദിവ്യകാരുണ്യഭക്തിപ്രചാരണത്തിനുള്ള ഒരു മാർഗ്ഗമായി എടുത്തുകാട്ടി ഈ കോൺഗ്രസ്സ് എന്നതും പ്രസ്താവ്യമാണ്.

**ഗോവൻ കോൺഗ്രസ്സ്:–** മദ്രാസ് കോൺഗ്രസ്സ് കഴിഞ്ഞു രണ്ടു വർഷം കഴിഞ്ഞപ്പോഴേയ്ക്കും ഇൻഡ്യയിലെ രണ്ടാമത്തെ ദിവ്യകാരുണ്യകോൺഗ്രസ്സ് കൂടി. 1900 ഡിസമ്പർ നാല്, അഞ്ച്, ആറ് തീയതികളിലായിരുന്നു സമ്മേളനം നടന്നത്. ഈസ്റ്റ് ഇൻഡീസിൻെറ പാത്രിയർക്കീസായിരുന്ന ഡോ. സെബസ്ത്യാനോ വലൻറിയാനോ അദ്ധ്യക്ഷത വഹിച്ചു മെത്രാപ്പോലീത്തമാരും മെത്രാന്മാരുമായി 18 പേരും 100–ഓളം വൈദികന്മാരും സന്നിഹിതരായിരുന്നു ആറു പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും പ്രഥമ ദിവ്യകാരുണ്യസ്വീകരണം ആഘോഷപൂർവ്വമാക്കുന്നതിനെപ്പററിയും നിത്യദിവ്യബലിയിൽ പങ്കുകൊള്ളുന്നതിനെപ്പററിയുമൊക്കെ 9 പ്രതിജ്ഞകൾ സ്വീകരിക്കുകയും ചെയ്തു.

**ബാംഗളൂർ കോൺഗ്രസ്സ്:–** 1904 ലാണ് ബാംഗളൂർ കോൺഗ്രസ്സ് നടന്നത്, മേയ് 17, 18, 19 തീയതികളിൽ. ഡാക്കം ബിഷപ്പ് ഡോ. ഹത്ത് ആയിരുന്നു സമ്മേളനാദ്ധ്യക്ഷൻ. എട്ടു മെത്രാന്മാരും ഒട്ടേറെ വൈദികന്മാരും കോൺഗ്രസ്സിൽ പങ്കുകൊണ്ടു. ആറു പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും പ്രതിജ്ഞകൾ എടുക്കുകയും ചെയ്തു. ദിനംപ്രതിയുള്ള ദിവ്യകാരുണ്യസ്വീകരണത്തിൻെറ ആവശ്യകതയേയും ദിവ്യകാരുണ്യസഖ്യങ്ങളുടെ സ്ഥാപനത്തേയും കാലത്തിൻെറ ആവശ്യങ്ങളായി കോൺഗ്രസ്സ് എടുത്തുകാട്ടി.

**മൈലാപ്പൂർ കോൺഗ്രസ്സ്:–** വി. പത്താം പീയൂസ് പാപ്പാ ദിവ്യകാരുണ്യത്തെക്കുറിച്ചു വിവിധ നിർദ്ദേശങ്ങൾ നല്കിക്കഴിഞ്ഞതിൽപ്പിന്നെയാണ് ഇൻഡ്യയിലെ നാലാമത്തു ദിവ്യകാരുണ്യകോൺഗ്രസ്സ് സമ്മേളിച്ചത്. മൈലാപ്പൂരായിരുന്നു സമ്മേളനരംഗം. 1912 ജനുവരി 2–ാംനു–യായിരുന്നു സമ്മേളനത്തീയതി. മൈലാപ്പൂർ മെത്രാൻ ഡോ. റിബെയ്റോ തിരുമേനി ആദ്ധ്യക്ഷ്യം വഹിച്ചു. 15 മെത്രാന്മാരും 200–ഓളം വൈദികന്മാരും ഹാജരുണ്ടായിരുന്നു. ചർച്ചകളെല്ലാംതന്നെ പരി. പിതാവിൻെറ പുതിയ നിർദ്ദേശങ്ങളെ ആസ്പദമാക്കിക്കൊണ്ടായിരുന്നു. കുട്ടികളുടെ ദിവ്യകാരുണ്യസ്വീകരണത്തെ പ്രോത്സാഹിപ്പിച്ചു ഈ കോൺഗ്രസ്സ് എന്നതു പ്രത്യേകം പ്രസ്താവ്യമാണ്.

**ഗോവൻ കോൺഗ്രസ്സ്:–** മൈലാപ്പൂർ കോൺഗ്രസ്സ് കഴിഞ്ഞ് രണ്ടു ദശവർഷങ്ങൾക്കു ശേഷമാണ് ഭാരതത്തിലെ അടുത്ത ദിവ്യകാരുണ്യകോൺഗ്രസ്സ് ചേർന്നത്. ഈ ഇരുപതു വർഷത്തിനകം ഭാരതത്തിൽ ദിവ്യകാരുണ്യഭക്തിക്ക് നല്ല പ്രചാരം ലഭിച്ചു. പ്രത്യേകിച്ച് 1928ൽ ഫാദർ ഔറേലിയൻ വൈദികദിവ്യകാരുണ്യസഖ്യത്തിൻെറ ഡിറക്ടറായതോടെ. ഭാരതത്തിലെ ദിവ്യകാരുണ്യഭക്തിപ്രചാരണത്തിൽ ഫാദർ ഔറേലിയനെപ്പോലെ പണിയെടുത്തവർ അധികമുണ്ടെന്നു തോന്നുന്നില്ല. ഇൻഡ്യയിലെ അഞ്ചാമത്തു ദിവ്യകാരുണ്യകോൺഗ്രസ്സ് സംഘടിപ്പിച്ചതു് ഫാദർ ഔറേലിയൻെറ മേൽനോട്ടത്തിലാണ്. ഗോവയായിരുന്നു സമ്മേളനകേന്ദ്രം. ഗോവയിൽത്തന്നെ രണ്ടാംപ്രാവശ്യം കോൺഗ്രസ്സ് ചേർന്നതിനു പ്രത്യേക കാരണമുണ്ട്. വി. ഫ്രാൻസിസ് സേവ്യറിൻെറ ഭൗതികാവശിഷ്ടങ്ങൾ പരസ്യവണക്കത്തിന്നായി തുറന്നു പ്രതിഷ്ഠിച്ചതു 1931 ഡിസംബർ 4–ാം തീയതിയായിരുന്നു. അതോടൊത്ത് കോൺഗ്രസ്സുകൂടെ നടത്തുന്നതു് പലതുകൊണ്ടും സമുചിതമായിരുന്നുതാനും. 15 മെത്രാന്മാരും 200–ഓളം വൈദികരും പങ്കെടുത്തു. ചർച്ചാവിഷയങ്ങളിലൊന്ന് ആദ്യത്തെ കോൺഗ്രസ്സിൽ അവതരിപ്പിച്ച നിത്യാരാധനഭക്തിതന്നെയായിരുന്നു. ഈ കോൺഗ്രസ്സിനുശേഷമാണ് ഈ ഭക്തി ഒരു പ്രത്യേക പ്രസ്ഥാനമായിത്തന്നെ വളരാൻ തുടങ്ങിയതു്.

**മദ്രാസ് കോൺഗ്രസ്സ്:–** ഇതുവരെ ഭാരതത്തിൽ നടന്ന ദിവ്യകാരുണ്യകോൺഗ്രസ്സുകളിൽ അവസാനത്തേതാണിതു്. എങ്കിലും പ്രാധാന്യത്തിൽ എല്ലാ കോൺഗ്രസ്സുകളുടേയും മുൻപന്തിയിൽത്തന്നെയാണ് ഇതിൻെറ നില. ഇൻഡ്യൻ ഹയരാർക്കി സ്ഥാപിച്ചതിൻെറ സുവർണ്ണജൂബിലിയോടനുബന്ധിച്ച് 1937 ഡിസംബർ 21–ാംനു–യാണ് കോൺഗ്രസ്സ് സംഘടിപ്പിക്കപ്പെട്ടതു്. ഫാ. ഔറേലിയൻതന്നെയാണ് ഇത്തവണത്തിലും മുൻപന്തിയിൽ നിന്നു പ്രവർത്തിച്ചതു്. ഭാരതത്തിൻെറ വിവിധ ഭാഗങ്ങളിൽനിന്നുള്ള 60 ലേറെ മെത്രാന്മാർ ഈ കോൺഗ്രസ്സിൽ പങ്കെടുത്തു. കോൺഗ്രസ്സിൽ സംബന്ധിക്കുവാൻ ഇത്തവണ റോമിൽനിന്നും മാർപ്പാപ്പായുടെ പ്രതിനിധി നിയുക്തനായി. കോൺഗ്രസ്സിൽ ആദ്ധ്യക്ഷ്യം വഹിച്ച ലെയോ പി. കിയെക്കൽസു തിരുമേനിയായിരുന്നു ഈ പ്രതിനിധി. കോൺഗ്രസ്സിനോടനുബന്ധിച്ച് വത്തിക്കാൻ റേഡിയോയിലൂടെ പരി. പിതാവ് XI–ാം പിയൂസ് ഒരു പ്രഭാഷണം പ്രക്ഷേപണംചെയ്യുകയുമുണ്ടായി. സമ്മേളനത്തിൻെറ അവസാനത്തിൽ 60 മെത്രാന്മാരുടേയും 1000ത്തോളം വൈദികന്മാരുടേയും 60000 ത്തിലേറെ അൽമായരുടേയും സാന്നിദ്ധ്യത്തിൽ നടത്തപ്പെട്ട ദിവ്യകാരുണ്യപ്രദക്ഷിണം എല്ലാംകൊണ്ടും മദ്രാസ് കോൺഗ്രസ്സിനെ മോടി പിടിപ്പിച്ചു. 10 പ്രമേയങ്ങളാണ് കോൺഗ്രസ്സ് പാസ്സാക്കിയതു്. അവയെല്ലാംതന്നെ ഒരു വിധത്തിലല്ലെങ്കിൽ മറെറാരു വിധത്തിൽ ദിവ്യകാരുണ്യഭക്തിയുടെ പ്രചാരത്തെക്കുറിക്കുന്നവയായിരുന്നു. അൽമായർ ദിവ്യകാരുണ്യനാഥനുമായി അടുത്തബന്ധം പുലർത്തേണ്ടതിൻെറ ആവശ്യകതയെ കോൺഗ്രസ്സ് എടുത്തുകാട്ടി. അതിനായി കോൺഗ്രസ്സ് ചൂണ്ടിക്കാട്ടിയ മാർഗ്ഗമാണ്—ദൈവാരാധനക്രമത്തിൽ അൽമായർ അവശ്യം വേണ്ട അറിവു സമ്പാദിക്കുക. സമ്മേളനത്തിൽ വച്ചുതന്നെ ദിവ്യബലിയുടെ ഭാഗങ്ങളും ലാക് ആലാഹാ ഗീതവും എല്ലാവരും ഒന്നിച്ചു പാടിയപ്പോൾ ഈ നിർദ്ദേശം എങ്ങനെ പ്രായോഗികമാക്കാമെന്നു കോൺഗ്രസ്സ് വിശദമാക്കി.

(തുടരും)

# കത്തോലിക്കന്റെ കർത്തവ്യം

— ഫാദർ റാഫേൽ ചിററിലപ്പിള്ളി —

★

പ്രഥമപ്രമാണലംഘനം മനുഷ്യലോകത്തെ മൃഗീയമായി അധഃപതിപ്പിച്ചു. പാപത്തിന്റെ വിഷലിപ്തമായ അന്തരീക്ഷത്തിലൂടെ ആ വഷളായ ജീവിതം ഇഴഞ്ഞുനീങ്ങി. ചരിത്രത്തിന്റെ നാഴികക്കല്ലുകൾ പിന്നിട്ട് നൂററാണ്ടുകൾ കടന്നുപോയി. ആരംഭംമുതലിങ്ങോട്ട് ഇന്നുവരേയും പാപത്തിന്റെ ക്ഷുദ്രവാഴ്ചയാണ് പൊതുവെ പറഞ്ഞാൽ. അതുകൊണ്ട് ക്രിസ്തുവിനു മുമ്പും പിമ്പും സുകൃതചരിതർ ഉണ്ടായിട്ടില്ലെന്ന് വിവക്ഷയില്ല. ലോകപ്രസിദ്ധരായ പുണ്യാത്മാക്കളും, അജ്ഞാതരെങ്കിലും തപോധനരായ സന്യാസവര്യരും, സാധാരണക്കാരായ ദൈവഭക്തരും, നിർമ്മലരായ നീതിനിഷ്ഠരും നിഷിദ്ധമായ ലൗകായതികത്വത്തോട് അക്ഷീണം പൊരുതിപ്പോന്നു. മോസസ്സും ഏലിയാസും അഗസ്റ്റിനുമൊക്കെ തോളുരുമ്മിനില്ക്കുന്ന വിശുദ്ധരുടെ പട്ടിക അത്തരക്കാരുടെ നേട്ടമാണ്.

പക്ഷേ, സുബുദ്ധിയുള്ള മനുഷ്യരുടെ ഹൃദയത്തെ സ്പർശിക്കേണ്ട ഒരു നഗ്നസത്യമുണ്ട്. ലോകത്തിൽ തിന്മ വളർന്നു; നന്മ തളർന്നു. സത്യവും നീതിയും ക്രൂശിക്കപ്പെട്ടു. വിശ്വാസവും സന്മാർഗ്ഗവും അപ്രത്യക്ഷമായി. കളവും കാപട്യവും സമാദരിക്കപ്പെട്ടു. ധാർമ്മികമൂല്യങ്ങൾക്ക് കമ്പോളമില്ലാതായി. വിശ്വാസത്തിന്റെ വെളിച്ചത്തിൽ പാപം മുററിനിറഞ്ഞ ലോകത്തെ വി. പൗലോസ്ലീഹാ നിശിതമായി വിമർശിച്ചു. യുഗങ്ങളെ കുത്തിത്തുളച്ചുകൊണ്ട് ആ സ്വർഗ്ഗീയസിംഹത്തിന്റെ അത്യുഗ്രഗർജ്ജനം ആഗോളവ്യാപകമായി മുഴങ്ങിക്കേൾക്കാം: "യഹൂദന്മാരും പുറജാതികളുമെല്ലാം പാപത്തിന് കീഴ്പ്പെട്ടു. നീതിമാനില്ല; ഒരുത്തൻപോലുമില്ല. ദൈവത്തെ അന്വേഷിക്കുന്നവനില്ല; എല്ലാവരും ഒന്നുപോലെ വഴിപിഴച്ചു. നന്മചെയ്യുന്നവൻ ഇല്ല; ഒരുത്തൻപോലുമില്ല. അവരുടെ തൊണ്ടകൾ തുറന്ന ശവക്കുഴികൾ; അവരുടെ നാവുകൾ ചതിക്കുന്നവ; അവരുടെ ചുണ്ടുകൾക്കു കീഴെ വിരിയൻപാമ്പിന്റെ വിഷം. അവരുടെ വായ് ശാപവും കയ്പും നിറഞ്ഞത്. അവരുടെ കാലുകൾ രക്തം ചിന്തുവാൻ ബദ്ധപ്പെടുന്നവ; അവരുടെ വഴികളിൽ ഞെരുക്കവും കഷ്ടതയും. സമാധാനത്തിന്റെ വഴി അവർ അറിഞ്ഞില്ല. അവരുടെ കണ്ണുകളുടെ മുമ്പിൽ ദൈവഭയമില്ല."

(റോമ 3: 10—18)

ജോർദ്ദാൻ നദിയുടെ തീരങ്ങളിൽ ക്രിസ്തു കണ്ടുമുട്ടിയ ജനപദത്തിന്റെ പിൻമുറക്കാർ, ആദ്ധ്യാത്മികകാഴ്ചപ്പാടിലെന്നേ അന്തരമുള്ളൂ, ഇന്നും തിരുസ്സഭയ്ക്കകത്തും പുറത്തുമുണ്ട്. കഫർണാഹോമിലേയും ഗദരായിലേയും പിശാചുബാധിതർ, ജായറസ്സിന്റേയും നായേംവിധവയുടേയും മൃതരായ പുത്രീപുത്രന്മാർ, രക്തസ്രാവക്കാർ, ബധിരർ, കുരുടർ, കുഷ്ഠരോഗികൾ, ചന്ദ്രരോഗികൾ, പനിക്കാർ, പക്ഷവാതക്കാർ തുടങ്ങി ആന്തരികനാരോഗ്യരായ നിർഭാഗ്യപാപികളാൽ നിബിഡമാണ് ലോകത്തിലെ ജനലക്ഷങ്ങളുടെ സിംഹഭാഗവും. വരപ്രസാദജീവൻ നഷ്ടപ്പെട്ടവരോ ആന്തരികജീവിതം നയിക്കാത്തവരോ ആയിട്ടാണിവർ കണക്കിലെടുക്കപ്പെടുന്നത്. ദൈവനിവേശിതമായ വിശ്വാസത്തിലും സന്മാർഗ്ഗത്തിലും അടിയുറച്ച ക്രിസ്തീയ സ്നേഹത്തിന്റെ സ്വർഗ്ഗോന്മുഖപഥത്തിലൂടെ സുകൃതങ്ങൾ അഭ്യസിക്കാൻ തഴങ്ങാത്തതാണിവരുടെ രോഗകാരണം. പാപം, മരണം, വിധി, നരകം, നിത്യത്വം — ഇവയുടെ സാമാന്യസ്മരണപോലും സജീവമായി തങ്ങളുടെ ഹൃദയത്തിൽ പ്രവർത്തിക്കാൻ ഇക്കൂട്ടർ സമ്മതിക്കുന്നില്ല. ദൈവഭയത്തെ മനപ്പൂർവ്വം അവഗണിക്കുന്നു.

"എത്തുന്നേടത്ത് എത്തും; കണ്ടേടത്തു വെച്ചു കാണാം." അതാണ് മട്ട്. ലോകത്തിൽ സാധിക്കുന്നേടത്തോളം തിന്നുകയും കുടിക്കുകയും, സുഖിക്കുകയും ഉല്ലസിക്കുകയും, സന്തോഷിക്കയും സമ്പാദിക്കയും ചെയ്യുക. അനീതിയാണോ, അക്രമമാണോ, അധാർമ്മികമാണോ— അതൊന്നും പ്രശ്നമല്ല. "ഹൃദയത്തിൽ ചിന്തിക്കുന്നവരില്ല; അതുകൊണ്ട് ലോകം നശിക്കുന്നു.'' ജറേമിയസ് ദീർഘദർശിയുടെ പ്രവചനം എത്രയോ അന്വർത്ഥമാണ്.

കത്തോലിക്കരായ നമ്മൾ ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനതയാണ്. ക്രിസ്തുവിന്റെ കുരിശുമരണത്താൽ നാം വീണ്ടെടുക്കപ്പെട്ടു; കൂദാശകളാൽ നാം സുരക്ഷിതരാണ്. ദിവ്യരക്ഷകന്റെ മാംസരക്തങ്ങളാണ് നമ്മുടെ ആദ്ധ്യാത്മികഭോജനം. നമുക്കൊരു ധാർമ്മിക ജീവിതസംഹിതയുണ്ട്: ദൈവപുത്രന്റെ ദിവ്യപ്രബോധനം. നിർദ്ദിഷ്ടമായ ആ കുരിശിന്റെ ജീവിതം നമ്മെ ക്രിസ്തുവിനോടുകൂടെ സ്വർഗ്ഗത്തിന് കൂട്ടവകാശികളാക്കും. പക്ഷേ, പാപത്തിൽ ജനിക്കുകയും പാപത്തിൽ വളരുകയും പാപത്തിൽ ഉറങ്ങുകയും ചെയ്യുന്ന നാം സ്വർഗ്ഗത്തെ ലജ്ജിപ്പിക്കുകയാണിന്ന്. നാശത്തിലേയ്ക്കാണ് നമ്മുടെ നീക്കം. "നിയമത്തിൽ പ്രശംസിക്കുന്ന നീ നിയമത്തിന്റെ ലംഘനത്താൽ ദൈവത്തെത്തന്നെ അവമാനിക്കുന്നുവോ? ദൈവത്തിന്റെ നാമം നിങ്ങൾ നിമിത്തം പുറജാതികളുടെ ഇടയിൽ ദുഷിക്കപ്പെടുന്നു (റോമ 2: 23—24)." നമ്മുടെ പാപ (sin) ത്തെയും പാപത്വ (sinfulness) ത്തെ

യും ക്രിസ്തു നീതീകരിക്കുമെന്നു നാം വ്യാമോഹിക്കുന്നതു് വിഡ്ഢിത്തമാണു്. പൂർവ്വപിതാക്കളുടെ കാലത്തു സംഭവിച്ചതു് നമുക്കും അനുഭവപ്പെടും. ദൈവത്തിൻെറ ജനതയെന്നു് അവർ അവകാശപ്പെട്ടു; അഭിമാനിച്ചു. അവർ തിന്മചെയ്തു- ദൈവം അവരെ നശിപ്പിച്ചു. വെള്ളപ്പൊക്കവും തീമഴയും അവരെ സംഹരിച്ചു. പിടക്കോഴി തൻെറ കുഞ്ഞുങ്ങളെയെന്നപോലെ യഹോവ സ്നേഹിച്ച ഇസ്രായേൽജനം പാപത്തിൻെറ പതാക പൊക്കിപ്പിടിച്ചു് സ്വർഗ്ഗത്തെ ധിക്കരിച്ചപ്പോൾ ക്രിസ്തു അവരെ ആക്രോശിച്ചതു് വിസ്മരിക്കാറായിട്ടില്ല: "നിൻെറ സമാധാനത്തിനുള്ളവ ഈ ദിവസത്തിലെങ്കിലും നീ അറിഞ്ഞിരുന്നെങ്കിൽ നിനക്കു് നന്നായിരുന്നു.... എല്ലാ സ്ഥലത്തും നീ പീഡിപ്പിക്കപ്പെടുകയും, നിന്നെയും നിന്നിലുള്ള നിൻെറ മക്കളേയും അടിയോടെ നശിപ്പിക്കുകയും നിന്നിൽ കല്ലിന്മേൽ കല്ലു് ശേഷിക്കാതിരിക്കുകയും ചെയ്യുന്ന ദിവസങ്ങൾ വന്നുകൂടും."

(ലൂക്കാ 19: 42_44)

അതുകൊണ്ടു് നാമൊന്നു ധരിക്കണം: കത്തോലിക്കനൊരു കർത്തവ്യമുണ്ടു്. പുണ്യപരിപൂർണ്ണത പ്രാപിക്കുക. "സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരാകുവിൻ." അതാണു് ക്രിസ്തുവിൻെറ അനുശാസനം. കഴിയുന്നേടത്തോളം പരിപൂർണ്ണത പ്രാപിച്ചാലേ സ്വർഗ്ഗത്തിൽ കടക്കാനൊക്കൂ. "നിയമം കേൾക്കുന്നവനല്ല, നിയമം അനുസരിക്കുന്നവനാണു് നീതീകരിക്കപ്പെടുക (റോമ 2_14)." കത്തോലിക്കൻ സർവ്വതന്ത്രസ്വതന്ത്രനല്ല. സുവിശേഷസുകൃതങ്ങളവൻ അഭ്യസിച്ചേ തീരൂ. നിയമം അനുസരിക്കണം; സ്നേഹം പുലർത്തണം ചുരുക്കത്തിൽ പ്രായോഗികകത്തോലിക്കനായി ജീവിക്കുക. നസ്രാണിപ്പേരും ഞായറാഴ്ചകുർബ്ബാനയുമല്ല കത്തോലിക്കൻെറ അടയാളം. ദൈവസ്നേഹത്തിൻെറയും ദൈവഭയത്തിൻെറയും അരൂപിയുടെ ചൈതന്യത്തിൽനിന്നു് അനുസ്യൂതം നിർഗ്ഗളിക്കുന്ന സഹനത്തിൻെറയും സേവനത്തിൻെറയും സഹോദരസ്നേഹത്തിൻെറയും ക്രിയാത്മകജീവിതമാണു് അവൻെറ അടയാളം. അതുതന്നെയാണു് അവൻെറ ജീവിതകർത്തവ്യവും.

●



# ദൈവമാണു് നമ്മുടെ സർവ്വവും

*(കോടക്കാർമുകിൽ ...... പോലെ)*

ഒന്നും ദൈവത്തിൽനിന്നു മറയ്ക്കാൻ
നമ്മാലാവുകയില്ലതുസത്യം.
എല്ലാം കാണുന്ന, നല്ലവനായ
ദൈവം നമ്മെ നയിക്കുവാനുണ്ടേ.
കൊള്ളും നമ്മളു നല്ലതു ചെയ്താൽ;
തള്ളും കൊള്ളുകില്ലാത്തതായ്പ്പോയാൽ.

നമ്മൾ പന്തു കഴിച്ചുവച്ചെന്നാൽ_
പ്പോലും അപ്പൊഴെ കണ്ടിടും താതൻ
മണ്ണിൽപ്പൂഴ്ത്തിയ പാതിനോടൊപ്പം
നമ്മെത്തന്നെയും കാണുമങ്ങീശൻ.
നന്മതന്നുടെ പൂർണ്ണതയാണെ
നല്ലദൈവമെന്നോർക്കണം നമ്മൾ.
ആദിയില്ലവസാനവുമില്ല
ഏതും ശക്തിയ്ക്കതീതവുമല്ല.

ഒന്നും ഇല്ലാതിരുന്നൊരുകാലം;
അന്നും ഉണ്ടായിരുന്നു "താൻ"മാത്രം.
ഇല്ലാഞ്ഞോരിപ്രപഞ്ചം ചമച്ച
നല്ലകാരുണ്യവാനല്ലോ ദൈവം!
സൂര്യൻ, ചന്ദ്രൻ തുടങ്ങിയതെല്ലാം
പാരിൽ തീർന്നതു തൻദയതന്നെ.
ജന്തുവർഗ്ഗം, ചെടികളുമൊക്കെ_
ത്തൻെറ കാരുണ്യത്തിൻഫലമൊന്നേ.
തൻകൈ നമ്മളിൽനിന്നെടുത്തെന്നാൽ
പങ്കപോയൊരു കപ്പലായ് നമ്മൾ;
തൻകൈ നമ്മളിൽനിന്നെടുത്തെന്നാൽ
ശങ്കയെന്ന്യേ നശിച്ചുപോം നമ്മൾ.

കൈകൾ കൂപ്പി നമസ്കരിച്ചങ്ങാ_
ദൈവത്തിങ്കലണയ്ക്കണമെല്ലാം.
കൈവന്നീടുമനുഗ്രഹമപ്പോൾ
ദൈവം നമ്മുടെ സർവ്വവുമല്ലേ?

— വർഗ്ഗീസ് ജെ. മാളിയേക്കൽ

We are happy to announce to Our Patrons, Our opening of a Dyeing Section for restoring Original Look to worn-out portions of your garments like Pants, Shirts, Sarees and Blouses Etc.

**SNOW WHITE**

DRY CLEANERS & DYERS

NEAR NADUVILAL - TRICHUR

# പുതിയ വത്സരത്തിൽ ആദ്യം പറയുന്നതു്

— ഫാദർ ജോസഫ് പുതിയാപറമ്പിൽ ബി. ഏ. —

സിനിമായുടെ നോട്ടീസു കൊടുത്തുകൊണ്ടു് ചെണ്ടയുടെ അകമ്പടിയോടെ ഒരാൾ റോഡിൽക്കൂടി പോകുന്നു. കുട്ടികളും പ്രായമുള്ളവരും ഓടിയടുക്കുന്നു നോട്ടീസു വാങ്ങിക്കുന്നതിനു്. അക്കൂട്ടത്തിൽ ഒരു ഈഴവ ബാലൻ വന്നു് അയാളോടൊരു നോട്ടീസു ചോദിച്ചു. അയാൾ കൊടുത്തു. മാതൃകാപരമായ കത്തോലിക്കാജീവിതം നയിക്കുന്ന ഒരു വീട്ടിലെ ബാലൻ നോട്ടീസു് ചോദിച്ചിട്ടു് അയാൾ കൊടുത്തില്ല. കാരണമെന്തു്? അയാൾക്കറിയാം ആ കുട്ടിയോ ആ കുട്ടിയുടെ വീട്ടിലുള്ളവരോ സിനിമായ്ക്കു പോകത്തില്ലെന്നു്. കുഞ്ഞുമക്കളെ, ഇതായിരിക്കണം നിങ്ങളെപ്പററിയും നോട്ടീസുവിതരണക്കാർക്കുണ്ടാകേണ്ട അഭിപ്രായം. അതാ, ഒരു പുലയക്കൊച്ചൻ ഓടിവന്നു നോട്ടീസു ചോദിക്കുന്നു. അയാൾ കൊടുത്തില്ല. അയാൾക്കറിയാം സിനിമായ്ക്കു പോകുന്നതിനു് ഇവനോ ഇവൻെറ കൂട്ടർക്കോ സാമ്പത്തികകഴിവില്ലെന്നു്. അയാളുടെ പ്രവൃത്തിയിൽ അതൃപ്തനായ ബാലൻ മാറിനിന്നു പറയുന്നു, "എടോ, തന്നെ ഞാൻ പഠിപ്പിച്ചുകൊള്ളാം. ഭാവിയിൽ ഞാൻ റവന്യൂ മന്ത്രിയായിട്ടു് വിനോദനികുതി നിങ്ങളിൽനിന്നു ഞാൻ ഈടാക്കും. ഭാവിയിൽ ഞാൻ ഒരു നല്ല നടനാകും. എൻെറ നാടകം സിനിമായ്ക്കു കൊടുക്കും. അന്നു താൻ ആ സിനിമ കാണാൻ വരുമ്പോൾ താൻ പണം തന്നാലും സിനിമാഹോളിൽ തന്നെ കയററത്തില്ല." പ്രിയ കുഞ്ഞുമക്കളെ, ഈ കുഞ്ഞിൻെറ വാശിക്കുടുത്ത സ്വഭാവം സ്തുതിക്കത്തക്കതത്രേ. നല്ല നല്ല പദവിയിൽ എത്തിച്ചേരുന്നതിനുള്ള വാശി നല്ലതാണു്.

ബസ്സിൽ യാത്ര ചെയ്യുമ്പോൾ കുഞ്ഞുമക്കൾ കാണാറില്ലേ കാഴ്ചയും കേൾവിയും സംസാരശക്തിയും നഷ്ടപ്പെട്ട സാധു പിച്ചക്കാരൻ ഒരു പാത്രവുമായി നിങ്ങളെ സമീപിക്കുന്നതു്. പാത്രത്തിൽ ഒരു പൈസയുണ്ടായിരുന്നെങ്കിൽ അതു പാത്രത്തിലിട്ടു കുലുക്കി ശബ്ദമുണ്ടാക്കി അയാളുടെ വരവിനെ നിങ്ങളെ അറിയിക്കാമായിരുന്നു. എന്നാൽ അതിലൊന്നുമില്ല. തന്മൂലം അയാൾ കൈകൊണ്ടു തപ്പി റോഡിൽനിന്നൊരു കല്ലെടുത്തു് പാത്രത്തിലിട്ടു് ശബ്ദമുണ്ടാക്കി നിങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കുന്നു. നിങ്ങൾ ആ കല്ലെടുത്തു് അതിൻെറ സ്ഥാനത്തു് ഒരു അഞ്ചു പൈസത്തുട്ടു് സ്ഥാപിക്കണം. അങ്ങനെ ധർമ്മം ചെയ്യുന്നതിനുള്ള ആഗ്രഹം ചെറുപ്പംമുതൽ ഉണ്ടാക്കണം.

ബസ്സ് നല്ല വണ്ണം നിറുത്തുന്നതിനു മുമ്പു് കുഞ്ഞുമക്കൾ ഇറങ്ങിപ്പോകാതിരിക്കുന്നതിനു കണ്ടക്ടർ കൈകൾ നിവർത്തിപ്പിടിച്ചു് നിങ്ങളെ തടയാറില്ലേ? അയാളുടെ കൈയിൽനിന്നും ഏതെങ്കിലുംപ്രകാരത്തിൽ നിങ്ങൾ ഞൊത്തിറങ്ങിയാൽ നിങ്ങളെ തടയുന്നതിനു പോർട്ടർ ഫുട്ടുബോർഡിൽ സ്ഥലം പിടിച്ചിരിക്കുന്നു. ഇതുപോലെ കുടുംബജീവിതമാകുന്ന വാഹനത്തിൽ സഞ്ചരിക്കുന്ന നിങ്ങൾക്കു് ആത്മീയമോ ശാരീരികമോ ആയ അപകടങ്ങൾ ഉണ്ടാകാതിരിക്കുന്നതിനു മാതാപിതാക്കന്മാരാകുന്ന കണ്ടക്ടറന്മാർ ശ്രദ്ധപതിക്കുന്നു. അതുകൊണ്ടും നിങ്ങളുടെ സുരക്ഷിതത്വത്തിൽ സംശയം തോന്നിയിട്ടു് തിരുസ്സഭ കാവൽക്കാരായി വൈദികരേയും നിങ്ങൾക്കു തരുന്നു. ഇത്രയും പോരാഞ്ഞിട്ടു്, ദൈവം നിങ്ങൾക്കു് അദൃശ്യമായവിധം ഓരോ കാവൽ മാലാഖയേയും തരുന്നുണ്ടു്. ഈ പറഞ്ഞ മൂന്നു കൂട്ടരോടും നിങ്ങൾ നന്ദിയും സ്നേഹവുമുള്ളവരായിരിക്കണം.

കുഞ്ഞുദൊമ്മിനിയും കുഞ്ഞുമോനും നാലാം സ്റ്റാൻറാർഡിലാണു് പഠിക്കുന്നതു്. കുഞ്ഞുദൊമ്മിനിയുടെ അപ്പച്ചൻ കഴിഞ്ഞകൊല്ലം മരത്തിൽനിന്നും വീണു് പെട്ടെന്നു മരിച്ചു. അവൻെറ സഹപാഠികളെല്ലാവരും ശവമടക്കിൽ സംബന്ധിക്കയും അനുശോചനം പ്രകടിപ്പിക്കയും ചെയ്തു. കുഞ്ഞുദൊമ്മിനിയുടെ അപ്പച്ചൻ മരിച്ചതു് ഫെബ്രുവരി 26-ാംതീയതിയാണു്. ഈ കൊല്ലം ഫെബ്രുവരി 25-ാം തീയതി ക്ലാസ്സു കഴിഞ്ഞു് കുഞ്ഞുദൊമ്മിനി പള്ളിയിൽ വന്നു. കൂടെ കുഞ്ഞുമോനുമുണ്ടു്. കുഞ്ഞുദൊമ്മിനിയെ കണ്ടയുടനെ എനിക്കു മനസ്സിലായി അവൻെറ അപ്പച്ചൻെറ ചരമവാർഷികമായ 26-നു് (നാളെ) കുർബ്ബാന കൈക്കൊള്ളുന്നതിനു കുമ്പസാരിക്കാൻ വന്നതാണെന്നു്. എന്നാലും ഞാൻ ഇപ്രകാരം ചോദിച്ചു: "കുഞ്ഞുദൊമ്മിനി കുമ്പസാരിക്കാൻ വന്നതായിരിക്കുമല്ലോ?" "അതേ, അച്ചാ." "അപ്പോൾ കുഞ്ഞുമോൻ വന്നതു് കൂട്ടായിട്ടായിരിക്കും അല്ലേ?" എന്ന എൻെറ ചോദ്യത്തിനു് "അല്ലച്ചാ, കഴിഞ്ഞകൊല്ലം കുഞ്ഞുദൊമ്മിനിയുടെ അപ്പച്ചൻ മരിച്ചപ്പോൾ ഞാൻ ടൈഫോയിഡായിട്ടു് ആശുപത്രിയിലായിരുന്നു. അതുകൊണ്ടു് ശവമടക്കു കൂടാൻ സാധിച്ചില്ല. അതിനാൽ കുഞ്ഞുദൊമ്മിനിയുടെ അപ്പച്ചൻെറ ആത്മാവിനുവേണ്ടി നാളെ കുർബ്ബാന കൈക്കൊള്ളുന്നതിനു് ഇന്നു കുമ്പസാരിക്കാൻ വന്നതാ" എന്നു് കുഞ്ഞുമോൻ മറുപടി പറഞ്ഞു. 26-ാംതീയതി പള്ളിയിൽ കുഞ്ഞുദൊമ്മിനിയുടെ കൂട്ടുകാരിൽ കുഞ്ഞുമോൻ മാത്രമേ വന്നൊള്ളു. കുഞ്ഞുമക്കളെ, ഇതാണോ യഥാർത്ഥസ്നേഹം? നിങ്ങളുടെ സ്നേഹിതനുവേണ്ടി സ്വല്പം ക്ലേശമോ ത്യാഗമോ സഹിക്കേണ്ടിവരുന്ന സമയം നിങ്ങൾ പിന്മാറുകയാണെങ്കിൽ എവിടെയാണു് നിങ്ങളുടെ സ്നേഹം? സ്നേഹിതന്മാർക്കുവേണ്ടി എന്തും സഹിപ്പാൻ തയ്യാറാവുക. എന്നാൽ നിങ്ങൾ ഈശോയുടെ സ്നേഹിതന്മാരാകും.

# നിങ്ങളുടെ സംശയങ്ങൾ

**ഫാദർ ആൻറണി അന്തിക്കാട്ട്,**
**എൽ. പി.എച്ച്., എൽ. ഡി.**
**കുരിയച്ചിറ, തൃശ്ശൂർ – 6**

36. മിഷൻ പ്രവർത്തനത്തിനു പോകുന്ന പെൺകുട്ടികളിൽ വളരെയധികം കുട്ടികളും ദൈവവിളി നഷ്ടപ്പെട്ട് തിരിച്ചുപോരുന്നുണ്ടല്ലോ?

(ടി. എ. റോസി, താണിശ്ശേരി)

മിഷൻ വേലയ്ക്കു് പോകുന്ന പെൺകുട്ടികളിൽ നല്ലൊരു ശതമാനം തിരിച്ചുപോരുന്നുണ്ടു്. എന്തായിരിക്കാം ഇതിനു കാരണങ്ങൾ? 1. കാലാവസ്ഥയുടെ വ്യത്യാസം: നമ്മുടെ കാലാവസ്ഥ, തേച്ചുകുളി മുതലായവയിൽ തഴങ്ങിയിട്ടുള്ളവർക്കു് പലപ്പോഴും പുതിയ കാലാവസ്ഥയിൽ പ്രയാസം നേരിടുന്നു. പല സ്ഥലങ്ങളിലും എണ്ണ തേച്ചു കുളിയില്ല, അതുകൊണ്ടു് നമ്മുടെ കേരളീയകുട്ടികൾക്കു് വലിയ പ്രയാസം അനുഭവപ്പെടുന്നു. ഒരുപക്ഷെ പുതിയ സാഹചര്യങ്ങളിൽ ആരോഗ്യം തകരുന്നു. 2. പുതിയ ഭാഷ പഠിക്കാനുള്ള പ്രയാസമാണു് മറെറാരു കാരണം. "ഈശോയ്ക്കു വേണ്ടി ഞാൻ എന്തും ചെയ്യും" എന്നു് പറയുവാൻ എളുപ്പമാണെങ്കിലും ബുദ്ധി കുറവുള്ളവർക്കു് പുതിയൊരു ഭാഷ പഠിക്കുവാൻ അത്ര എളുപ്പം കാണുകയില്ല. 3. ഭക്ഷണരീതിയിലുള്ള മാററം ചിലരെ വിഷമിപ്പിക്കുന്നു. കുറച്ചു ക്ഷമയോടുകൂടി പരിശീലിച്ചാൽ ഈ വിഷമം തീരാവുന്നതേയുള്ളു. 4. യൂറോപ്യൻ സിസ്റ്റർമാർ നടത്തുന്ന മഠങ്ങളിൽ അനുസരണത്തിനു് വലിയ പ്രാധാന്യം കല്പിക്കുന്നുണ്ടു്. അതുകൊണ്ടു് തന്നിഷ്ടത്തിൽ വളന്ന ചില പെൺകുട്ടികൾക്കു് മഠത്തിലെ ജീവിതം അസഹ്യമായി തോന്നാവുന്നതാണ്. ഒരിക്കൽ ഈ വിഷയത്തെപ്പററി സംസാരിക്കുന്നതിനിടയിൽ ഒരു യൂറോപ്യൻ മദർ പറഞ്ഞതു് ഇപ്രകാരമാണു്: "കേരളത്തിൽനിന്നുള്ള പെൺകുട്ടികൾ വിശുദ്ധപുണ്യത്തിൽ മുന്നിട്ടു നില്ക്കുന്നവരാണു്. പക്ഷെ തന്നിഷ്ടവും മക്കടമുഷ്ടിയും അവരിൽ കൂടുതലാണു്." പലരും ഈ തന്നിഷ്ടം കാണിക്കലും മക്കടമുഷ്ടി പിടിക്കലും കാരണമാണു് ദൈവവിളി നഷ്ടപ്പെടുത്തി തിരിച്ചുപോരുന്നതു്. 5. കുമ്പസാരക്കാരൻെറ അനുമതി ചോദിക്കാതെ ചിലർ മിഷനിലേയ്ക്കു പോകുന്നു.

എന്തുതന്നെയായാലും മിഷൻവേലയ്ക്കു് പോകുന്നവർ നല്ല ആരോഗ്യമുള്ളവരും, സ്വഭാവശുദ്ധിയുള്ളവരും, എളിമയോടുകൂടി അനുസരിക്കുവാൻ ദൃഢനിശ്ചയമെടുത്തിട്ടുള്ളവരും, സാഹചര്യങ്ങൾക്കിണങ്ങി ജീവിക്കുവാൻ സന്നദ്ധരുമായിരിക്കണം. ആദ്ധ്യാത്മികപിതാവിൻെറ ഉപദേശവും അനുവാദവുമില്ലാതെ മിഷനിലേയ്ക്കു് ഇറങ്ങിത്തിരിക്കരുതു്. ഇക്കാര്യത്തിൽ "റിക്രൂട്ടിംഗി"നു് വരുന്ന സിസ്റ്റർമാരെ കാണുന്നതോടുകൂടി പെട്ടെന്നൊരു തീരുമാനമെടുത്തു് ചാടി ഇറങ്ങരുതു്; കുറച്ചു കാലത്തെ പ്രാർത്ഥനയ്ക്കും ചിന്തയ്ക്കും ശേഷം മാത്രമേ തീരുമാനമെടുക്കാവൂ. "മിഷൻ വേല"യ്ക്കു് പ്രത്യേകമൊരു ദൈവവിളി ആവശ്യമുണ്ടു്. ഇവിടെയുള്ള മഠങ്ങളിൽ ചേരുന്നതിനു് പത്രമേനിക്കു പണമില്ലാത്തതുകൊണ്ടു മാത്രം മിഷൻ മഠങ്ങളിൽ ചേരാമെന്നു തീരുമാനിക്കുന്നതും ശരിയല്ല. മേൽപ്പറഞ്ഞ കാര്യങ്ങളിൽ നമ്മുടെ കുട്ടികൾ ശ്രദ്ധിച്ചാൽ മിഷനിൽ പോയി തിരിച്ചുവരുന്നവരുടെ എണ്ണം കുറയും.

37. തറവാട്ടുമഹിമ നോക്കിയാണോ വിദ്യാർത്ഥികളെ വൈദികപഠനത്തിനു് തെരഞ്ഞെടുക്കുന്നതു്?

(എ. സി. ജേക്കബ്ബ്, നന്തിക്കര)

തീർച്ചയായും അല്ല. സ്വഭാവശുദ്ധി, പഠിക്കാനുള്ള ബുദ്ധി, ആരോഗ്യം എന്നിവ നോക്കി ഒരാൾക്കു് ദൈവവിളിയുണ്ടോ എന്നു പരിശോധിച്ചതിനു ശേഷമാണു് വൈദികപഠനത്തിനു് തെരഞ്ഞെടുക്കുന്നതു്, തറവാടിത്തം നോക്കിയിട്ടല്ല.

38. ദേവാലയത്തിൽ ആരാധന, ഒപ്പീസ് മുതലായവയ്ക്കു് പാടാനുള്ള ഗാനങ്ങൾ, ശാസ്ത്രീയരാഗങ്ങളിൽ രചിച്ചു് സപ്തസ്വരങ്ങൾ ചേർത്തു് പാടാമോ?

(പി. വി. റാഫേൽ, കണിമംഗലം)

ഭക്തി തോന്നിക്കാവുന്ന ശാസ്ത്രീയരാഗങ്ങൾ തെരഞ്ഞെടുക്കുന്നതിനു വിരോധമില്ല. വെറും സപ്തസ്വരങ്ങൾ പള്ളികളിൽ ഗാനമായി ആലപിക്കുന്നതു് ഉചിതമായിരിക്കുകയില്ല.

39. മനസ്തപിക്കാതെ പട്ടക്കാരനോടു് പാപങ്ങൾ ഏററുപറഞ്ഞാൽ പാപം പൊറുക്കപ്പെടുമോ? മനസ്താപമുണ്ടെങ്കിൽ പാപങ്ങൾ പട്ടക്കാരനോടു് പറയുന്നതിൻെറ ആവശ്യമെന്താണു്?

(സാനി പാറേക്കാട്ട്, ഭോപാൽ, മദ്ധ്യപ്രദേശ്)

മനസ്തപിക്കാതെ പട്ടക്കാരനോടു് പാപങ്ങൾ ഏററുപറഞ്ഞതുകൊണ്ടു മാത്രം പാപം പൊറുക്കപ്പെടുകയില്ല. മനസ്താപത്തോടുകൂടിയ കുമ്പസാരമാണു് പാപവിമോചനത്തിനു് ദൈവം നിശ്ചയിച്ചിരിക്കുന്ന നിബന്ധന. പാപം ക്ഷമിക്കുന്നതിനുള്ള അധികാരം ദൈവത്തിനുള്ളതാണു്. ഈ അധികാരം ദൈവം വൈദികർക്കു നല്കി. "ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുമോ, അവ മോചിക്കപ്പെടും; ആരുടേതു് നിങ്ങൾ ബന്ധിക്കുമോ, അവ ബന്ധിക്കപ്പെട്ടിരിക്കും" (വി. യോഹ. 20, 23) എന്നാണല്ലൊ ദിവ്യനാഥൻ അരുളിച്ചെയ്തതു്. ഒരു പാപം മോചിക്കുകയോ, മോചി

(ശേഷം 87-ാം പേജിൽ)

ഫാദർ ഹെർമ്മൻ O. F. M. Cap.

# "അനിയാ, നീയും പോരുന്നോ?"

വന്നാൽ ഫ്രാൻസിസ്സ് നിന്റെ നേതാവ്; സ്നേഹം നിന്റെ പരിപാടി; ആത്മരക്ഷ നിന്റെ മുദ്രാവാക്യം. പ്രിയ സോദരാ, നീയും വന്നാൽ വിശ്വവിഖ്യാതമായ ഫ്രാൻസിസ്കൻ കുടുംബത്തിൽ ഒരു കുഞ്ഞുമകൻ കൂടി; അനേകായിരം വിശുദ്ധന്മാർക്ക് ഒരു എളിയ സഹോദരൻ കൂടി. സഭയിലെ അനേകായിരം മിഷനറിമാരോടുകൂടി ഒരു കുഞ്ഞുമിഷനറികൂടെ, —എന്നുവന്നാൽ നൂറുനൂറു് ദിവ്യബലികൾ കൂടി; ആയിരമായിരം കുമ്പസാരങ്ങൾ കൂടി. പതിനായിരമായിരം ദിവ്യകാരുണ്യസ്വീകരണം കൂടി. ലക്ഷോപലക്ഷം ശ്രോതാക്കൾ കൂടി. അത്രയേറെ ആത്മാക്കൾകൂടി നാഥനോട് അടുക്കുകയായി. നൂറുനൂറ് നിരാശ്രയർക്ക് ഒരാലംബം കൂടി; അവരുടെ കണ്ണുനീര് തുടയ്ക്കാൻ ഒരു പിതാവു കൂടി. ആദ്ധ്യാത്മികമണ്ഡലത്തിൽ മിന്നിത്തിളങ്ങുന്ന ഒരു വിശുദ്ധതാരം കൂടി.

ഇതിനു് വേണ്ടുന്ന യോഗ്യതകൾ: 1. വി. ഫ്രാൻസിസിന്റെ ആദർശം ജീവിതത്തിലേയ്ക്കു പകർത്തിക്കൊണ്ട് പുണ്യപൂർണ്ണത നേടുവാൻ, ദൈവത്തിനുവേണ്ടി വൻകാര്യങ്ങൾ ചെയ്യുവാൻ; സേവനനിരതമായ ഒരു ജീവിതത്താൽ സ്വാർത്ഥത വെടിഞ്ഞു് മററുള്ളവരുടെ ആവശ്യങ്ങളിൽ ശ്രദ്ധപതിക്കാനുള്ള സന്മനസ്സും ത്യാഗബുദ്ധിയുമാണ് പരമപ്രധാനമായ യോഗ്യത.

2. സാമാന്യ വിദ്യാഭ്യാസം ഉണ്ടായിരിക്കണം. കപ്പൂച്ചിൻ വൈദികപഠനം വിജയപൂർവ്വം മുമ്പോട്ടുകൊണ്ടുപോകാനുള്ള വിദ്യാഭ്യാസവും ബുദ്ധിശക്തിയും. S. S. L. C. എങ്കിലും പാസ്സായിരിക്കണം.

3. സാമാന്യം നല്ല ആരോഗ്യം അത്യാവശ്യമത്രെ. സന്യാസജീവിതം നയിച്ചുകൊണ്ട് പ്രേഷിതജോലികൾ നിർവ്വഹിക്കാൻ വേണ്ടുന്ന ആരോഗ്യം ഉണ്ടായിരിക്കണം. അടുത്ത ബന്ധത്തിൽ പെട്ടന്നവരാരും ക്ഷയരോഗികളോ, മാനസികരോഗങ്ങൾ ഉള്ളവരൊ ആയിരിക്കരുതു്.

4. സഹൃദയത്വം: വിവിധ സ്വഭാവപ്രകൃതിക്കാരും പലപല നാട്ടുകാരുമായ സഹോദരങ്ങളോടൊത്തു് സൗഹാർദ്ദതയിൽ കഴിഞ്ഞുകൂടുന്നതിനും മററുള്ളവരുടെ കുററംകുറവുകൾ ക്ഷമിച്ചു് ആഹ്ളാദഭരിതരായി മുന്നേറുന്നതിനുള്ള സഹൃദയത്വം അത്യാവശ്യമാണ്.

പത്രമേനി ഒന്നും വേണ്ട: അംഗങ്ങൾക്കു സ്വന്തമായോ, സഭയ്ക്കു പൊതുവേയോ യാതൊരു സ്വത്തവകാശവും പാടില്ലാത്തവിധത്തിൽ ദാരിദ്ര്യവ്രതം നാം സ്വീകരിക്കുന്നു. ഉദാരമനസ്കരുടെ ദാനധർമ്മവും, സേവനം നിറഞ്ഞ ഒരു ജീവിതത്തിൽനിന്നു കിട്ടുന്ന അല്പസ്വല്പ സഹായങ്ങളും നമുക്ക് ധാരാളം മതി.

വന്നാൽ പിന്നെ മൂന്നു കൊല്ലത്തെ പ്രാരംഭപഠനം. ലത്തീൻ, ഇംഗ്ലീഷ് മുതലായ ഭാഷകളും ഇതര വിഷയങ്ങളും പഠിക്കാം. പഠനവും ഉല്ലാസവും, വിനോദവും കളികളും, വിശ്രമവും പ്രാർത്ഥനയും ഇടകലർന്ന ഒരാഹ്ളാദജീവിതമായിരിക്കും പഠനകാലം. അടുത്തപടി സഭാവസ്ത്രം സ്വീകരിച്ചു്, ഒരു കൊല്ലത്തെ നൊവിഷ്യേററ് ആരംഭിക്കുകയാണ്. അതു് അവസാനിക്കുന്നതു് സന്യാസവ്രതവാഗ്ദാനത്തിലാണ്. തുടർന്നു് തത്വശാസ്ത്രം തുടങ്ങിയ വിവിധ വിഷയങ്ങൾ പഠിക്കുന്നു. മൂന്നു വർഷത്തിനുശേഷം നിത്യവ്രതവാഗ്ദാനം. നാലു കൊല്ലത്തേയ്ക്കു് ദൈവശാസ്ത്രത്തിന്റെ ദിവ്യപ്രഭ ആസ്വദിക്കുകയായിരിക്കും. അതവസാനിക്കുന്നതു് വൈദികപദവിയിലാണ്. ആത്മാക്കൾക്കായി ദാഹിക്കുന്ന ആ യുവവൈദികൻ മിഷനിലോ ഏതെങ്കിലും ഒരാശ്രമത്തിലോ പ്രവർത്തനം ആരംഭിക്കുന്നു.

ഓരോരുത്തരുടെ ആഗ്രഹവും കഴിവും വാസനയും സഭയുടെ ആവശ്യങ്ങളും പരിഗണിച്ചാണ് പുതിയ ജോലിരംഗം നിർണ്ണയിക്കപ്പെടുന്നതു്. വിളവധികം, വേലക്കാർ ചുരുക്കം. ഇരശോയ്ക്കുവേണ്ടി ഫ്രാൻസിസിനെ അനുകരിച്ചു് ജോലിചെയ്യാൻ ഒരുക്കമുള്ള യുവസുഹൃത്തുക്കൾക്കു്, വയലുകൾ വിളഞ്ഞുകിടക്കുന്നു, മിഷൻരംഗങ്ങൾ, മിഷൻ ധ്യാനം, സ്റ്റഡിക്ലാസ്സുകൾ, സ്കൂൾ, ആശുപത്രി, കുമ്പസാരവേദി, സാമൂഹ്യസംഘടനകൾ, സിനിമാ, റേഡിയോ, ടെലെവിഷൻ, പത്രമാസികകൾ, ഗ്രന്ഥരചന, അനാഥശാലകൾ, കുഷ്ഠരോഗസങ്കേതങ്ങൾ, ഇടവകജോലി എന്നിങ്ങനെ പോകും ഒരു കപ്പൂച്ചിൻ വൈദികനു തുറന്നുകിടക്കുന്ന പ്രവർത്തനരംഗങ്ങൾ. ഫ്രാൻസിസിന്റെ പതാകയ്ക്കു കീഴിൽ അണിനിരക്കുവാൻ സന്മനസ്സും ധീരതയുമുള്ള യുവസുഹൃത്തുക്കൾക്കു് സ്വാഗതം.

കപ്പൂച്ചിൻ സേനയിൽ ഫ്രാൻസിസിന്റെ പിറകെ അണിനിരക്കുന്ന സന്യാസവൈദികരും സഹോദരന്മാരുമുണ്ട്. സന്യാസഗണത്തിൽ ഇവർ തമ്മിലുള്ള വ്യത്യാസം: വൈദികൻ ദിവ്യബലി അർപ്പിക്കുന്നു; സഹോദരൻ സഹായിക്കുന്നു– അത്രമാത്രം. പ്രവർത്തനരംഗത്തു് അവരിരുവരും ദൈവദത്തമായ തങ്ങളുടെ കഴിവുകൾ ഫലപ്രദമാക്കുന്നു.

വി. ഫ്രാൻസിസ് അസ്സീസി ഒരു സഹോദരനായിരുന്നു, ഫ്രാൻസിസ്കൻ സഹോദരന്മാരിൽനിന്നു് 52

പേരെ ഇതിനകം തിരുസ്സഭ വിശുദ്ധരെന്നോ വാഴ്ത്തപ്പെട്ടവരെന്നോ നാമകരണംചെയ്തുകഴിഞ്ഞു. കഴിഞ്ഞ ഡിസംബറിൽ വിശുദ്ധനെന്നു നാമകരണംചെയ്യപ്പെട്ട ഫ്രാൻസിസ് മേരി കമ്പൊറോസോയുടേയും, വി. ഇഗ്നേഷ്യസ് ലക്കോണിയുടേയും, കോൺഡ്രാഡിന്റെയും ആത്മാർപ്പണവും പരോപകാരപ്രവർത്തനങ്ങളും കണ്ടു് ഇന്നു ലോകം അതിശയംകൊള്ളുന്നതുപോലെ, അജ്ഞാതരായി സേവനനിരതരായിക്കഴിയുന്ന അനേകായിരം സഹോദരന്മാർ നാളത്തെ ലോകത്തിനു് അത്ഭുതമായിത്തീരാതിരിക്കയില്ല.

ബ്രദർ എന്നതു് ഒരു പ്രത്യേക ദൈവവിളിയാണെന്നു് ചിലർ ഗ്രഹിക്കുന്നില്ല. കഴിവുകുറവുകൊണ്ടോ, പണത്തിന്റെയോ പാണ്ഡിത്യത്തിന്റെയോ അഭാവംകൊണ്ടോ അല്ല സഹോദരഗണത്തിലേയ്ക്കു് ചിലർ ആകർഷിക്കപ്പെടുന്നതു്. അജ്ഞാതരായി ദൈവകാര്യങ്ങളിൽ മുഴുശ്രദ്ധയും പതിച്ചു് ജീവിക്കുവാൻ ദൈവം അവരെ വിളിക്കുന്നതുകൊണ്ടാണു്.

ഗോരക്പൂർ മിഷനിൽ (വടക്കേ ഇൻഡ്യാ) അതിവിശിഷ്ടസേവനങ്ങൾ ചെയ്യുന്ന ഒരു കാനഡാക്കാരനാണു് ബ്രദർ ജെയിംസ്. കാനഡായിലെ മികച്ച ഒരു ബാങ്കിന്റെ മാനേജരായിരുന്നു അദ്ദേഹം. യൂണിവേർസിററി ബിരുദങ്ങളും, ലക്ഷക്കണക്കിനു് ഡോളറും അദ്ദേഹത്തിനുണ്ടായിരുന്നു. പക്ഷെ എല്ലാം ഉപേക്ഷിച്ചു് ഒരു കപ്പൂച്ചിൻ സഹോദരനായി.

സുഭഗസ്മരണാർഹനായ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ പറയുകയാണു്, "തങ്ങൾക്കു് ലഭിച്ചിരിക്കുന്ന ദൈവദത്തമായ വേലകൾ എന്തു തീക്ഷ്ണതയോടും ത്യാഗബുദ്ധിയോടുംകൂടിയാണു് സഹോദരന്മാർ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നതെന്നു് എനിക്കറിയാം.....കുടുംബത്തിനും സഭയ്ക്കും സമുദായത്തിനും ഏററം പ്രയോജനകരമായ ഒരു മിഷനാണു് അവരുടേതു്."

പ്രയോജനപ്രദവും, പുണ്യപരിപൂർണ്ണതയ്ക്കു് പര്യാപ്തവും, അതേസമയം അപകടങ്ങൾ വളരെ കുറഞ്ഞതുമാണു് അവരുടെ മാർഗ്ഗം, XI-ാംപീയൂസ് മാർപ്പാപ്പയുടെ വാക്കുകൾ ശ്രദ്ധിച്ചാലും: "വൈദികർക്കു് അവരുടെ വേലകളുടെ ഉയർച്ചമൂലം ഉണ്ടാകാറുള്ള അപകടങ്ങളിൽനിന്നും സഹോദരന്മാർ സ്വതന്ത്രരാണു്. എന്നാൽ അതേസമയം സന്യാസസഭയുടെ എല്ലാ ആത്മീയാനുകൂല്യങ്ങളും സഹായങ്ങളും അവർക്കു് ലഭിക്കുകയും ചെയ്യുന്നു. അവർ ഈ നന്മയ്ക്കു് ദൈവത്തിനു നന്ദി പറയുകയും സ്വർഗ്ഗീയമായ ഈ ദൈവവിളിയെ ഉന്നതമായി വിലമതിക്കുകയും ചെയ്യട്ടെ."

വി. ഫ്രാൻസിസിന്റെ ചെറുഗണത്തിൽ, അനേകായിരം പുണ്യാത്മാക്കളുടെ കുഞ്ഞുസഹോദരനായി, വൈദികനായോ സഹോദരനായോ സേവനം ചെയ്യുവാനും, പുണ്യപരിപൂർണ്ണത നേടുവാനും, ആത്മാക്കളെ രക്ഷിക്കാനും ആഗ്രഹിക്കുന്നവർക്കു് സ്വാഗതം. കൂടുതൽ വിവരങ്ങൾക്കു് എഴുതുക: **Fr. Herman**

Assisi Friary, Bharananganam P. O.



# ചരിത്രം സൃഷ്ടിച്ച ആ കൂടിക്കാഴ്ച

— ജെ. സി. മാപ്ര —

II

ആയിരത്തി അൻപത്തിനാലിൽ ഉണ്ടായ ഗ്രീസ്—റോമൻ വിടവ് നികത്താതെ ഇന്നും അവശേഷിക്കുന്നു എന്നതൊരു പരമാർത്ഥം മാത്രമാണ്. എന്നാൽ, ഇതു് മാർപ്പാപ്പമാരുടെ ഭാഗത്തുനിന്നുള്ള ഉദാസീനതകൊണ്ടെന്നു പറഞ്ഞുകൂടാ. 1072_ൽ അലക്സാണ്ടർ രണ്ടാമൻ പുനരൈക്യതാല്പര്യം പ്രകടിപ്പിച്ചുകൊണ്ടു് അതിനായി ഉററ ശ്രമിക്കുകയുണ്ടായി. എന്നാൽ, ആ ശ്രമം ദാർശനികനായ മൈക്കിൾ സെല്ലോസ് (Michael Psellos), ക്സിഫിലിനോസ് പാത്രിയർക്കീസ് തുടങ്ങിയവരുടെ തെററായ നിലപാടുകാരണത്താൽ ശിഥിലമായിപ്പോയി. ഇതിനുശേഷം കോൺസ്റ്റാൻറിനോപ്പിളിൻെറ അധഃപതനം (1453) വരെ മാർപ്പാപ്പാമാർ സൗഹൃദദൗത്യങ്ങളും, പിതൃവാത്സല്യമസൃണങ്ങളായ ഉപദേശങ്ങളുംവഴി തങ്ങളുടെ പുനരൈക്യാഭിലാഷങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടു്.

പുനരൈക്യത്തിനുള്ള രണ്ടു വലിയ ശ്രമങ്ങൾ നടന്നിട്ടുള്ളതു് 2-ാം ലയൺസ്, ഫ്ളോറൻസ് എന്നീ കൗൺസിലുകളിലാണു്.

## രണ്ടാം ലയൺസ് കൗൺസിൽ

പരിശുദ്ധ പിതാവ് ഗ്രിഗരി പത്താമനാണ് 1274_ൽ ലയൺസിൽ രണ്ടാമതൊരു കൗൺസിൽ വിളിച്ചു കൂട്ടിയതു്. ക്രൈസ്തവസഭകളുടെ പുനരൈക്യമായിരുന്നു അതിൻെറ പ്രഥമ ലക്ഷ്യം. മൂന്നു മാസം നീണ്ടുനിന്നു ഈ കൗൺസിൽ.

## ഗ്രീക്കുകാർ കൗൺസിലിൽ

കൗൺസിലിൻെറ മൂന്നാമത്തെ സമ്മേളനത്തിലാണു ഗ്രീക്കു പ്രതിനിധികൾ എത്തിയതു്.

ലത്തീൻകാർക്കെതിരായി ഗ്രീക്കുകാർ ഉയർത്തിക്കാണിച്ച ആരോപണങ്ങൾ കൂടുതലും സഭാഭരണക്രമത്തേയോ, ആരാധനക്രമത്തേയോ സംബന്ധിച്ച വാദങ്ങളാണു്- ദിവ്യബലിയിൽ പുളിപ്പില്ലാത്ത അപ്പം ലത്തീൻകാർ ഉപയോഗിക്കുന്നു; ശനിയാഴ്ച ഉപവസിക്കുന്നു; നോമ്പുകാലത്തു പാലുപയോഗിക്കുന്നു; വൈദികന്മാർ താടി വളർത്തുന്നില്ല; മാമ്മോദീസായോടു കൂടിത്തന്നെ സ്ഥൈര്യലേപനം നടത്തുന്നില്ല; വിവാഹിതരായ ഗ്രീക്കുവൈദികന്മാരെ ലത്തീൻകാർ പുഛരസത്തിൽ വീക്ഷിക്കുന്നു. ഇങ്ങനെ പോയി ഗ്രീക്കുപരാതികൾ. താത്വികഭിന്നതകളിൽ പ്രധാനപ്പെട്ടതു് പരിശുദ്ധാത്മാവിൻെറ പുറപ്പാടിനെ സംബന്ധിച്ചതായിരുന്നു. പരിശുദ്ധാത്മാവു പിതാവിൽനിന്നും പുത്രനിൽ നിന്നും പുറപ്പെടുന്നു എന്നു് ലത്തീൻകാർ വാദിച്ചപ്പോൾ ഗ്രീക്കുകാർ പറഞ്ഞു: "പുത്രനിൽ നിന്നും" എന്ന ലത്തീൻകാരുടെ പദപ്രയോഗം ദൈവത്തിൻെറ ഏകത്വത്തെ പരോക്ഷമായി നിഷേധിക്കുന്നുവെന്നു്. ദൈവികപുറപ്പാടിൻെറ ഉത്ഭവസ്ഥാനം ഒന്നുമാത്രമേ പാടുള്ളൂ, അതിനാൽ ഇതു തെററാണ് എന്നവർ പറഞ്ഞു. ശരിയാകണമെങ്കിൽ "പരിശുദ്ധാത്മാവു പിതാവിൽനിന്നു് പുത്രനിലൂടെ പുറപ്പെടുന്നു"വെന്നു പ്രയോഗിക്കണം എന്നവർ പറഞ്ഞു. എന്നാൽ, "പുത്രനിലൂടെ" എന്ന ഗ്രീക്കുപ്രയോഗം പുത്രൻ പിതാവിനു വിധേയനാണു് എന്ന പ്രതീതി ജനിപ്പിക്കുന്നു എന്നു് ലത്തീൻകാർ വാദിച്ചു. എങ്കിലും, ഗ്രീക്കുകാർ തങ്ങളുടെ നിലപാടിൽ ഉറച്ചുനിന്നു. എട്ടാം ബനഡിക്ട് പാപ്പായാൽ ആരാധനക്രമത്തിൽ അംഗീകരിക്കപ്പെട്ട ഈ പദപ്രയോഗം നിക്യാവിശ്വാസപ്രമാണത്തോടു കൂട്ടിച്ചേർത്തതു് അനധികൃതമാണെന്നവർ വാദിച്ചു. കൗൺസിൽ ഇതൊരു വിശ്വാസസത്യമായി പ്രഖ്യാപിച്ചെങ്കിലും ആരാധനക്രമത്തിലതു് ഉപയോഗിച്ചുകൊള്ളണമെന്നു നിർബന്ധിച്ചില്ല.

ഗ്രീക്കു സഭയുടേയും രാഷ്ട്രത്തിൻേറയും പ്രതിനിധികളടങ്ങിയ ഗ്രീക്കുസംഘം പേപ്പൽ പ്രതിനിധികൾ നിർദ്ദേശിച്ച വിശ്വാസപ്രഖ്യാപനം സ്വീകരിച്ചു. റോമാസഭയെ പരിപൂർണ്ണമായി അനുസരിക്കുവാനും അവളുടെ വിശ്വാസത്തേയും പരമാധികാരത്തേയും അംഗീകരിക്കുവാനുമാണ് തങ്ങൾ വന്നിരിക്കുന്നതെന്നും അവർ പ്രഖ്യാപിച്ചു. അങ്ങനെ ഗ്രീക്കുസഭയും ലത്തീൻ സഭയും ഔദ്യോഗികമായി തൽക്കാല പുനരൈക്യത്തിൽ എത്തിച്ചേർന്നു.

## ഐക്യം നീണ്ടുനിന്നില്ല.

ലത്തീൻസഭയെ കഠിനമായി വെറുത്തിരുന്ന വൈദികന്മാരും അവൈദികന്മാരുമായ ഗ്രീക്കുകാർ കുറെ സന്യാസികളുടെ നേതൃത്വത്തിൽ പുതിയ തീരുമാനങ്ങളെ എതിർത്തു. ഇതിനെ അടിച്ചമർത്താനുള്ള ചക്രവർത്തിയുടെ ശ്രമങ്ങൾ നിഷ്ഫലങ്ങളായി. അവർ 1277_ൽ കോൺസ്റ്റാൻറിനോപ്പിളിൽ കൂടി പാപ്പായുടെ പരമാധികാരം അംഗീകരിച്ചെങ്കിലും "പുത്രനിൽനിന്നും" എന്ന വാക്കു വിശ്വാസപ്രമാണത്തിൽ സ്വീകരിക്കുവാൻ വിസമ്മതിച്ചു. ഗ്രിഗരിക്കുശേഷം വന്ന പുതിയ പാപ്പായുടെ ധാർഷ്ട്യപൂർവ്വകമായ പെരുമാററങ്ങളും ജനങ്ങളിൽ ലത്തീൻകാരോടുള്ള വെറുപ്പിനെ വർദ്ധിപ്പിച്ചു. അധികം താമസിയാതെ, ജനങ്ങളുടെ എതിർപ്പിനെ ഭയന്നു് കൗൺസിൽ തീരുമാനങ്ങളെ പ്ര

യോഗത്തിൽ വരുത്താൻ അമാന്തിച്ച ചക്രവർത്തിയെ മാർട്ടിൻ ൫_ാമൻ പാപ്പ മഹാറാൻ ശിക്ഷയ്ക്കു വിധേയനാക്കി. അങ്ങനെ വളരെ ആശിച്ച നേടിയെടുത്ത താല്ക്കാലികമായ പുനരൈക്യവും നഷ്ടപ്പെട്ടു.

## ജോൺ അഞ്ചാമൻ ചക്രവർത്തിയും ഗ്രീക്കുപുനരൈക്യവും

തുർക്കികൾ തന്റെ സാമ്രാജ്യം കീഴടക്കുന്നതായി കണ്ട ജോൺ അഞ്ചാമൻ ചക്രവർത്തി ജനങ്ങളുമായി ആലോചിക്കാതെ മാർപ്പാപ്പയുമായി ഒരു പുനരൈക്യ കരാറിൽ ഒപ്പുവച്ചു. എന്നാൽ, പാശ്ചാത്യരേക്കാൾ സംസ്കാരസമ്പന്നരും ഉന്നതരുമായിക്കഴിഞ്ഞിരുന്ന തങ്ങൾ അപരിഷ്കൃതരായ അവരുമായി ഒരു സന്ധിയിലേർപ്പെടുക—അതും അവരുടെ സഹായം തേടുന്നതിനുവേണ്ടി—ഒരു പരാധീനതയായി ഗ്രീക്കുകാർ വ്യാഖ്യാനിച്ചു. ആ വ്യാഖ്യാനത്തിൽനിന്നുളവായ വിദ്വേഷഭരായ ഉന്നതാധികാരികളിലൊഴികെ എല്ലാവരിലും വ്യക്തമായി പ്രകടമായിരുന്നു. പുനരൈക്യത്തിനെതിരായി നിലകൊണ്ട ഈ പ്രതിബന്ധങ്ങളെ മറികടക്കുവാൻ ഇനി ഒരു സാർവ്വത്രികസൂനഹദോസുതന്നെ ആവശ്യമാണെന്ന തീരുമാനത്തിൽ ചക്രവർത്തിയും എവുജിൻ നാലാമൻ പാപ്പായും എത്തിച്ചേർന്നു.

## ഫ്ളോറൻസ് കൗൺസിൽ

കൗൺസിൽ ആദ്യം ഇററലിയിൽ ഫെറാറായിലാണ് കൂടിയത്. ചില അസൗകര്യങ്ങൾ നിമിത്തം കൗൺസിൽ അവിടെനിന്നു ഫ്ളോറൻസിലേയ്ക്കു മാററപ്പെട്ടു. അവിടെവച്ച് ഗ്രീക്കുകാർ ഉപയോഗിച്ചിരുന്ന 'പുത്രനിലൂടെ' എന്ന പദപ്രയോഗം ഉൾക്കൊള്ളുന്ന പരിശുദ്ധാത്മാവിന്റെ പുറപ്പാടിനെ സംബന്ധിക്കുന്ന ഗ്രീക്കു'ഫോർമുല' അർത്ഥത്തിൽ ലത്തീൻ'ഫോർമുല'യോടു യോജിക്കുന്നുവെന്ന അഭിപ്രായത്തിനു പൊതുവംഗീകാരം ലഭിച്ചു. വി. കുർബ്ബാനയ്ക്കു ഉപയോഗിക്കേണ്ട അപ്പം പുളിച്ചതോ പുളിക്കാത്തതോ ആയിരിക്കണമെന്നതല്ല ഗോതമ്പായിരിക്കണമെന്നതു മാത്രമാണു സാരവത്തായ കാര്യമെന്നു തീരുമാനിക്കപ്പെട്ടു. തുടർന്ന് ശുദ്ധീകരണസ്ഥലത്തെപ്പററിയുള്ള ലത്തീൻ വിശ്വാസവും മാർപ്പാപ്പായുടെ പരമാധികാരവും ഗ്രീക്കുകാർ അംഗീകരിച്ചു. 1439_ജൂലൈ 9_ാംതീയതി പുനരൈക്യത്തിന്റെ ഡിക്രിയിൽ എല്ലാവരും ഒപ്പുവച്ചു.

## എന്നിട്ടും!

കോൺസ്റ്റാന്റിനോപ്പിളിലെ സാധാരണ ജനങ്ങൾ എന്നിട്ടും ഐക്യത്തെ എതിർത്തു. കാര്യം നേടി തിരിച്ചെത്തിയ ചക്രവർത്തി ഡിക്രി പ്രസിദ്ധപ്പെടുത്താൻ വൈകി. അതുതന്നെ, അതിന്റെ സാധുത്വം സംബന്ധിച്ചു ജനങ്ങളിൽ സംശയം ഉളവാക്കുന്നതിനു കാരണമായി. അന്നത്തെ പാത്രിയർക്കീസ് ഐക്യത്തെ അനുകൂലിച്ചെങ്കിലും എഫേസൂസിലെ മെത്രാനായ മാർക്കിന്റെ നേതൃത്വത്തിൽ ഒരു വിഭാഗം അതിനെതിരായി നിന്നു. പുതിയ പാത്രിയർക്കീസ് ജന്നേഡിയസ്, ആ പദവിയിലെത്തുന്നതിനു മുമ്പേതന്നെ ഒരു ഐക്യവിരോധിയായിരുന്നു. ഇദ്ദേഹം പുനരൈക്യഡിക്രി പ്രസിദ്ധീകരിച്ചപ്പോൾ മനഃപൂർവ്വം സന്നിഹിതനായില്ല. എന്നാൽ, അധികം താമസിയാതെ തുർക്കികൾ കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചടക്കി. ഐക്യത്തിന്റെ ബദ്ധശത്രുവായ ജന്നേഡിയസിനെ തുർക്കിസുൽത്താൻ പാത്രിയർക്കീസായി പുനരവരോധിച്ചു. അങ്ങനെ ഐക്യത്തിനുള്ള ശ്രമം മുഹമ്മദീയാധികാരികൾ അസാധ്യമാക്കിത്തീർത്തു.

(തുടരും)

# അംബികയോട്

*("ഡോക്ടറി"ലെ 'വിരലൊന്നു മുട്ടിയാൽ' എ. മ.)*

സുതരൊന്നു മാഴ്കിയാൽ കെട്ടിപ്പുണരുന്ന
കനിവേറുമംബികയേ........
പാപത്തിൻ പാഴ്ക്കടലിൽ മുങ്ങിത്തുടിക്കുമ്പോൾ
കൈയ്യിൽ പിടിക്കേണമെ .......നീയെന്റെ
കൈയ്യിൽ പിടിക്കേണമെ. (സുതരൊന്നു........
ഇരുളും തിങ്ങും വാനിലെ പാലൊളിച്ചന്ദ്രികെ,
പുലർകാലതാരകയേ,
കൂരിരുൾക്കാട്ടിലകപ്പെട്ടുഴലുമ്പോൾ
കൈത്തിരി കാട്ടേണമെ........നീയെനിക്കു
കൈത്തിരി കാട്ടേണമെ. (സുതരൊന്നു........
കണ്ടകക്കാനനേ പൊട്ടിവിരിഞ്ഞ വെൺ_
റോസാപ്പൂവല്ലയോ നീ
പാപത്തിൻമുൾച്ചെടി നീക്കിയെൻമാനസം
പൂവാടിയാക്കേണമേ........നിൻസുതന്റെ
പൂവാടിയാക്കേണമെ........ (സുതരൊന്നു........

— ഇ. കാവുംപുറം.

### ഉപകാരസ്മരണ

•

നിത്യസഹായമാതാവിന്റെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

P. P. M.

കല്യാണാവശ്യങ്ങൾക്കുള്ള
പെട്ടി, ചെരിപ്പ് മുതലായവയ്ക്കു്
Phone No. 987.
C. R. JOSEPH
LEATHER MERCHANT
Round, TRICHUR.

# QUALITIES OF A SODALITY DIRECTOR

It is so easy to determine the program for this information· It consists in training oneself in the required supernatural and natural virtues, in acquiring or perfecting the qualities and gifts that inspire confidence, assure a sound, strong personal influence, and make a man a true leader; and finally in using to advantage the gifts, great or small, with which we are endowed, for speaking, for action and for the direction of persons and activities·

Most of the points in this program are part of the general natural and supernatural formation that every priest should have if he expects to fulfill worthily any sacerdotal ministry· We are not going to discuss these points here We shall touch only on those which are of special interest to the Sodality Director and to which he must apply himself more particularly·

If he wishes, as he should, to govern with the firm and flexible authority that we have mentoined, he cannot go too far in developing his keenness of mind and vigor of will, his maturity in deliberation and promptness in decision· He should be modest enough to accept the suggestions of others and take them into account, prudent enough to sift them and profit without being dominated by them, energetic and constant enough to persevere to the end in carrying out those which he has resolved on· He must be an organizer, so should he be orderly and foresighted·

In addition, both for governing the group and for directing souls, he needs a great deal of psychological insight and tact, so as to choose men well; to see clearly what can be expected of them, what their shoulders can bear, how far and by what means they can be led·

Certain external faults should be checked and certain gifts cultivated: for example, the prospective Director should try to substitute for timidity an easy and pleasant manner of conversation· He should spare no effort to acquire a style of speaking that is substantial and familiar, fluent and solid, in group instruction as well as in private interviews

Rev. EMILE VILLARET S. J.


## നിങ്ങൾ വരുന്നോ?



S. V, D. അപ്പസ്തോലിക
സ്കൂളിൽ ചേൎന്ന് ഞങ്ങളോ
ടൊത്തു് പഠിക്കുവാനും ചി
രിക്കുവാനും ആഗ്രഹിക്കുന്ന
പഠനസാമൎത്ഥ്യവും സ്വഭാ
വശുദ്ധിയുമുള്ള കുഞ്ഞനു
ജന്മാർ ഉടനെ അപേക്ഷി
ക്കുക:

Fr. Vocation Director SVD, Apostolic School
P. O. Kaduthuruthy, Kottayam Dt.

# നവീന സ്ളീവ

ജി. ചിററിലപ്പിള്ള

## പ്രാരംഭഗാനം

*("ഓമനക്കൈ...." പോലെ)*

നോക്കുക സോദരാ കരളലിയിക്കുമാ
ഗാഗുൽത്താമലമേലാരംഗം... ഗാഗുൽത്താ....
ഹൃദയം പിടയ്ക്കുന്നു, നാഡി വലിയുന്നു
ചോരയൊഴുകീടുന്നു.... (2)
കരൾനീറുമക്കാഴ്ച, കണ്ടിട്ടുമെങ്ങനെ
കരയാതിരിക്കുന്നു നീ—തോഴാ
കരയാതിരിക്കുന്നു നീ ... (നോക്കുക ...
അന്നൊരുദിവസം ഓശാനാ പാടി
എതിരേററതാണവനെ (2)
എന്തു പറഞ്ഞാലും എത്ര കരഞ്ഞാലും
ഇപ്പാപം ദൈവം പൊറുക്കുമോ
പരിശുദ്ധ ദൈവകുമാരനെ (2)
ഞങ്ങടെ നന്ദികേടങ്ങു പൊറുക്കുകില്ലേ?
നിത്യത്തിൽ നിന്നോടുകൂടിയിരിക്കുവാൻ
ഹേതുവായ്തീരട്ടെന്നും .... നിൻ പീഡ
ഹേതുവായ്തീരട്ടെന്നും. (നോക്കുക ....

## ഒന്നാം സ്ഥലം

*(കാരിരുമ്പാണി .... "കാക്കപ്പൊന്നു്" പോലെ)*

പാപികളെത്തേടി വന്നൊരെൻ ദൈവമേ
പാതകമെന്തിതോ ചെയ്തു നീ?
പാപത്തെ ദ്വേഷിക്കാൻ പാപിയെ സ്നേഹിക്കാൻ
പാഠമായ് ഓതിയതോ? (പാപികളെ ....

1. നാലഞ്ചു നാളു മുമ്പു നിൻതിരുമുമ്പിൽ നിന്നു്
ഓശാന പാടിയവർ ഓശാന.... നാലഞ്ചു....
ഇന്നിതാ നിൻവിധിക്കായ് കൂവിവിളിച്ചിടുന്നു
പീലാത്തോസിന്നരികെ ... പീലാ ....
(പാപികളെ ....

2. നൊമ്പരമുണ്ടു നാഥാ, ഞങ്ങൾതൻ പാപമല്ലേ
നിന്നെ വിധിച്ചതിപ്പോൾ... നിന്നെ... നൊമ്പര...
നിത്യവിധിയാളാ, നീ നിൻനീതിപാലനത്തിൽ
പാപത്തെ നോക്കരുതേ.... പാപത്തെ....
(പാപികളെ....

## രണ്ടാം സ്ഥലം

*('ലൈലാ മജ്നു'വിലെ
"സ്നേഹത്തിൻകാനന" ... പോലെ)*

ലോകത്തിൽ പാപികൾ നമ്മളെ
പാപത്തിൻ കൂപത്തിൽനിന്നുമേ
മോചിച്ചു വീണ്ടെടുത്തീടുവാൻ
സ്നേഹത്താലേന്തി വൻക്രൂശുമേ.
(ലോകത്തിൽ....

1. കഠിനമാം പീഡകൾ സർവ്വതും
ക്ഷമയോടെയേററാരെൻ നായകാ,
പാരിൽ വരുന്നേതുക്ലേശവും
താങ്ങാൻ കരുത്തു നീ നൽകണേ.
(ലോകത്തിൽ....

2. കൈകാൽ കുഴഞ്ഞും ക്രൂശുമായ്
കാൽവരി കേറിയ നായകാ,
പാരിൽ വരുന്നേതുക്ലേശവും
താങ്ങാൻ കരുത്തു നീ നൽകണേ.
(ലോകത്തിൽ....

## മൂന്നാം സ്ഥലം

*("വീണ പൂവേ .... വീണ പൂവേ...." പോലെ)*

വീണുവല്ലോ വിണ്ണിൻനാഥൻ
വിവശനായ് വഴിയിൽ അയ്യോ
വിവശനായ് വഴിയിൽ.

1. ഒരിക്കൽ നീയൊരു കടലിൻമീതെ
നടന്നുപോയില്ലേ (2)
ഇന്നു നിൻ കാലുകൾ കുഴയുവതെന്തേ
കർത്താവേ, ജഗദീശാ.... (വീണുവല്ലോ....

2. പലപ്പോഴും ഞാൻ പിഴച്ചതല്ലേ
പതിച്ചതിപ്പോൾ നീ (2)
ഒരിക്കലും ഞാൻ വീഴാതിരിക്കാൻ
തുണച്ചിടേണം നീ.... (വീണുവല്ലോ....

## നാലാം സ്ഥലം

*("അദ്ധ്വാനിക്കുന്നവർക്കും ..." പോലെ")*

കന്യകാമേരിയമ്മേ, കാണുന്നിതെന്തിതോ നീ
നിൻ മകനല്ലേയിതാ വൻകുരിശേന്തിടുന്നു....

1. "ഹാ! നിന്ദ്യലോകമേ, നീ
എൻമകനെന്തു ചെയ്തു,
ഇവ്വിധം ദ്രോഹിച്ചീടാൻ
കള്ളനെപ്പോലെ ... ചൊല്ലു!" (കന്യകാ....

2. അമ്മേ, നിൻ പൊന്നുമോനെ
ദ്രോഹിച്ചതീ ഞാനാണേ
മേലിലാവർത്തിക്കില്ലാ
അമ്മേ, പൊറുക്കണമേ. (കന്യകാ....

# പ്പാതഗാനങ്ങൾ

ടി. എൽ. കിഴൂർ

## അഞ്ചാം സ്ഥലം

*(മൂടുപടത്തിലെ 'തളിരിട്ട കിനാക്കൾ....' പോലെ)*

കനിവററ നരാധമർ കാട്ടിയ പാതകങ്ങൾ_
ക്കതിരില്ലയതിനാലെ തളന്നു നാഥൻ
അയ്യോ! തളർന്നു നാഥൻ. (കനിവററ........
1. ക്രൂശേന്തി ക്രൂശേന്തി കാൽകരം കുഴഞ്ഞങ്ങ്
ക്ലേശത്താൽ മൃതിയടഞ്ഞിടും മുമ്പെ
കുരിശിൽ തറച്ചങ്ങെ വധിക്കേണെ,മതിനായി
ക്രൂശതു താങ്ങിടുവാൻ കൂട്ടു നൽകി.
(കനിവററ........
2. കാൽവരിമലയിലെ യാഗത്തിൽ നീയേററ
പീഡകൾ മനസ്സിലോർത്താലെന്തു ഘോരം!
ക്രൂശേന്താൻ തുണചെയ്ത ശിമോനെപ്പോലെങ്ങൾ
ഭാരമാം ക്രൂശെടുക്കാം നീ തുണച്ചിടിൽ.
(കനിവററ........

## ആറാം സ്ഥലം

*('എന്തിനു പൊൻകനികൾ .......'പോലെ)*

എന്തിനു കേണിടുന്നു മഹിളേ,
വന്നിതെൻ ചാരത്തിങ്കൽ. (എന്തിനു........
1. നീലനീണ്ടവിലോചനാ, നിൻ
പൂമുഖമെങ്ങനെയീവണ്ണമായി. (2)
വിത്തു തുടുത്തു നിണം പുരണ്ടും
ബാഷ്പവിഭൂഷിതമായ്. (എന്തിനു........
2. നാഥാ! ഞാൻ കഴുകാം, തുടയ്ക്കാം
നിൻമുഖമെൻപുണ്യകർമ്മങ്ങളാലേ. (2)
കാത്തിടണേ കനിവായ് നിരന്തം
കാത്തിടാൻ നിൻസ്വരൂപം. (എന്തിനു........

## ഏഴാം സ്ഥലം

*('ലൈലാ മജ്നു'വിലെ "ചുടുകണ്ണീരാലെൻ
ജീവിതകഥ ഞാൻ...." പോലെ)*

കുരിശേന്തിനാഥൻ കാൽവരിമലയിൽ
വീണ്ടുമേ വീഴുന്നു
കരപാദമങ്ങെ മുഖമതും പൊട്ടി_
യൊഴുകിടുമേ രുധിരം
പൊട്ടി_യൊഴുകിടുമേ രുധിരം!
(കുരിശേന്തി........
1. സോദരരേ, നാം വീണ്ടും ചെയ്തൊരു
ഘോരമാം പാപങ്ങൾ മൂലം
വീണ്ടുമെയീവിധം നാഥൻ വീണതു_
മോർപ്പിൻ ഹൃദന്തത്തിൽ_
വീണതു_മോർപ്പിൻ ഹൃദന്തത്തിൽ.
(കുരിശേന്തി........
2. ആരുടെയേതും തീരാത്ത കറകൾ
മായ്ക്കാനല്ലോ നാഥൻ
കൂർത്തെഴും മുള്ളിൽ, കൊടുംകരിങ്കല്ലിൽ,
വീണതു താൻ, പരിതാപം—ക്രൂശുമായ്
വീണതു താൻ, പരിതാപം! (കുരിശേന്തി........

## എട്ടാം സ്ഥലം

*('ഉമ്മ'യിലെ
'കഥപറയാമെൻ കഥ പറയാം'....... പോലെ)*

'കരയരുതാരും കരയരുതേ
ഓർശ്ലേമിൻനഗരിതൻ മഹിളകളേ!
(കരയരുതാരും....
1. നാഥൻ സഹിക്കും പീഡകളഖിലം
കണ്ടപ്പോൾ കരൾ തകരുന്നു....
അവരുടെയാഴമാം കേഴലു കണ്ടാ—
തിരുനാഥൻ ഏവം മൊഴിയുന്നു:
(കരയരുതാരും ....
2. "എന്നേ നിനച്ചു കരഞ്ഞിടേണ്ടിടം
എൻവിധി നിറവേറണമല്ലോ....
നിനച്ചു നിങ്ങളെ, പൊഴിക്കു, കണ്ണീർ
നിങ്ങളുടെ സുതരവർക്കായും...."
(കരയരുതാരും....

## ഒമ്പതാം സ്ഥലം

*(നിത്യകന്യകയിലെ
"കണ്ണുനീർമുത്തുമായ്..."പോലെ)*

ഭാരമാം ക്രൂശുമായ് ഗാഗുൽത്താമല
കയറിടുമ്പോൾ മിശിഹാ!
മൂന്നാംവട്ടം കുരിശുമായ് വീണുതാൻ
എന്തു ദുരന്തം ഹാ! (ഭാരമാം ....
1. സ്വർഗ്ഗീയാഭയാൽ മിന്നിയ തൻമുഖം
രക്തപങ്കിലമായ്....
തൃപ്പാദം രണ്ടുമേ പാറയിൽ മുട്ടി
പൊട്ടി—ക്കീറുന്നു ...പൊട്ടിക്കീറുന്നു....
(ഭാരമാം....
2. രക്തം ചിന്തി കുരിശിൽ മരിക്കുവാൻ
വന്നോരു നായകനേ!
ഞങ്ങൾ ചെയ്താപാപങ്ങളെല്ലതും
നാഥാ, പൊറുക്കണമേ.... നാഥാ....
(ഭാരമാം....

## പത്താം സ്ഥലം

('ഉണ്ണിയാർച്ച'യിലെ
"അന്നു നിന്നെ കണ്ടതിൽപ്പിന്നെ ..." പോലെ)

കർത്താവിന്റെ പാവനവസ്ത്രം
കനിവെന്ന്യെ യൂദരഴിച്ചെടുത്തു
നാഥനെ നഗ്നനായ് ഹാ! ചമച്ചു.
ദാഹാർത്തനാം നാഥന്നു പാനം–
ചെയ്യാനായ് കയ്പേറും നീർ കൊടുത്തു
പരിഹാസപാത്രമായ് ഹാ! ചമച്ചു.
(കർത്താവിന്റെ........

1. രക്ഷകാ, നിൻ പീഡനങ്ങൾ
എത്ര കഠിനമായ് തീർന്നിടുന്നു.
എല്ലാ ദുരിതവും നീയേല്ക്കുവാൻ
എൻഘോരപാപങ്ങൾ കാരണമായ്
(കർത്താവിന്റെ........

2. ഭോഗങ്ങളും മോഹങ്ങളും
പാരിൽ നരർക്കെഴും ഹീനങ്ങളാം
നീചരാം ഞങ്ങളെ കാത്തുകൊൾക!
കനിവിന്റെ പൂന്തേൻ ചൊരിഞ്ഞിടുക.
(കർത്താവിന്റെ.......

## പതിനൊന്നാം സ്ഥലം

('ജ്ഞാനസുന്ദരി'യിലെ 'വേദനകൾ
കരളിൻ വേദനകൾ........' പോലെ)

പാതകമേയുലകിൻ പാതകമേ
കുരിശിലേററിടുന്നല്ലോ ... (പാതകമേ .......

1. നിരുപമമെ തിരുസുതനെ നീചയഹൂദർ
കൈകാൽകൾ കുരിശിൽ ചേർത്താണിതറച്ചു.
മാംസത്തിൻപേശികളും പൊട്ടിടുന്നഹോ
പൂമേനി രക്തമതിൽ മുങ്ങിടുന്നഹോ!
(പാതകമേ .......

2. വേദനയാൽ പുളഞ്ഞിടുന്ന മിശിഹാനാഥന്റെ
മാറാത്ത രോദനമൊന്നോർക്കുക നമ്മൾ
പാപികളാ പാതകത്തെ ചെയ്തുവെങ്കിലും
പാഹി സദാ പാലകനേ! ഏഴകൾ ഞങ്ങൾ.
(പാതകമേ........

## പന്ത്രണ്ടാം സ്ഥലം

('കാണുക ക്രൂശിലെ യാഗമേ'........പോലെ)

കാൽവരി കുന്നിലെ യാഗമേ
ആ മരക്രൂശിലെ ത്യാഗമേ
പാരിലെ പാവനദീപമേ.

1. മാനവരാശിതൻ പാപമാലിന്യം
തൻതിരുച്ചോരയാൽ മാച്ചുനീക്കുവാൻ (2)
പ്രാണൻ വെടിഞ്ഞതാം ദിവ്യചൈതന്യമേ
പാരിലെ പാവനദീപമേ. (കാൽവരി........

2. അജ്ഞരാം ഞങ്ങൾതൻ തെററുകുററങ്ങൾ
അജ്ഞതയാലാണേ, പൊറുക്കേണമേ (2)
പ്രാണൻ പോയാലുമേ, മേലിൽ പിഴച്ചിടാ
പാരിലെ പാവനദീപമേ. (കാൽവരി .......

## പതിമൂന്നാം സ്ഥലം

("ടൂഠേ ഹുയേ"........പോലെ)

അമ്മേ, കരയരുതമ്മേ
നിൻതിരുസുതനെ നോക്കി
അമ്മേ, പൊറുക്കണമേ എൻ പാപം
നിൻ മകനെക്കൊന്നോരെൻപാപം. അമ്മേ...

1. കാലിത്തൊഴുത്തിലന്ന് നിൻ
പൊൻമടിയിൽ കിടത്തി (2)
ലാളിച്ചോനെയിന്നു നീ
മൃതനായ് തഴുകുന്നു. (അമ്മേ........

2. കാൽവരിമാമലയിൽ നിൻ
ഹൃദയമതെൻ പേർക്കായ് (2)
മുറിവേററവളെ, നാഥേ,
വഴി നീ കാട്ടിടണേ. (അമ്മേ........

## പതിനാലാം സ്ഥലം

('നിത്യകന്യക'യിലെ
"എന്തെന്തു മോഹങ്ങളായിരുന്നു"........പോലെ)

സംസ്കരിച്ചിടുന്നു പൂജ്യദേഹം
അക്ഷയമാം മൃത–പൂജ്യദേഹം.

1. നരപാപമൊക്കെയും തീർത്തു ചമച്ചോരാ
മരക്കുരിശേന്തിയ തൻമേനി (സംസ്കരി........

2. ഒരു കല്ലറയ്ക്കുള്ളിൽ ഒരു നാളുമഴിയാത്ത
തിരുമൃതമേനിയടക്കി
കരയുന്നു സന്തപ്തചിത്തരായ് ശിഷ്യരും
ഗുരുവിന്റെ മൃത്യുവതോർത്തു (സംസ്കരി........

3. ബലഹീനരാണിവർ പലനാളും ചെയ്തോരാ
ഘനപാപം പോക്കിടുവാനായ്
ഇതുപോലെ ലോകത്തിൽ മൃത്യു വരിക്കുവാൻ
വരമേക ഞങ്ങൾക്കു നാഥാ! (സംസ്കരി........

## പീഠത്തിൻ മുമ്പാകെ

('ഡാക്ടർ' എന്ന ചിത്രത്തിലെ 'പൊന്നിൻ
ചിലങ്കയണിഞ്ഞ ......' പോലെ)

മന്നിൽ നരർക്കു കനിഞ്ഞങ്ങു സ്വർഗ്ഗത്തിൻ
വാതിൽ തുറന്നുവല്ലോ – നിത്യമാം
വാതിൽ തുറന്നുവല്ലോ.
നിൻതിരുസൂനുവിൻ യാഗത്തെ ഞങ്ങളീ
ക്രൂശിൻവഴി കഴിപ്പാൻ – ജനനീ,
നീയും തുണച്ചുവല്ലോ. (മന്നിൽ ..

1. വ്യാകുലമാതാവേ, നിൻ പുത്രനീവിധം
തൻ കുരിശാൽ ലോകം വീണ്ടെടുത്തു – സുതൻ
തൻ കുരിശാൽ ലോകം വീണ്ടെടുത്തു.
ഞങ്ങളുമക്കുരിശാൽ സ്വർഗ്ഗഗൃഹം പൂകി–
യങ്ങേ വാഴ്ത്തിപ്പുകഴ്ത്താൻ തുണയ്ക്കൂ. (മന്നിൽ....



ഉദ്ദിഷ്ടകാര്യം
സാധിച്ചതിനു്
ഉപകാരസ്മരണ.

•

– *Mary Kundoor*



നിത്യസഹായമാതാവിൻെറ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു്
**ഉപകാരസ്മരണ.**

•

ഇ. സി. ഇ.
ചെവ്വൂർ.

---

കല്യാണസാരികൾക്കു്

# വെള്ളാനിക്കാരൻസ്
# മോഡേൺ
# ഫേബ്രിക്സ്

PHONE 90 ചാലക്കുടി

---

★ "ഈശോയുടെ മണവാട്ടി
കരിശിൻെറ പിന്നാലെ" ★

•

ബ. സിസ്റ്റർമാക്കും കന്യാസ്ത്രീകളാകുവാൻ ആഗ്രഹിക്കുന്ന പെൺകുട്ടികൾക്കും ധ്യാനിക്കുന്നതിനും വിയാസാക്ര (കുരിശിൻെറ വഴി) കഴിക്കുന്നതിനും പററിയ ഒരൊന്നാന്തരം പുസ്തകം.

വില 1–നു് 25 ന.പ


(പോസ്റ്റേജു് 10 ന.പ. പുറമെ)

*10 കോപ്പിയിൽ കൂടുതൽ എടുക്കുന്നവർക്കു് 20% കമ്മീഷൻ. ആവശ്യപ്പെടുക:–*

**ഫാ. ആൻറണി അന്തിക്കാട്ടു്,**
കുരിയച്ചിറ, തൃശ്ശൂർ–6.

---

# മഞ്ഞിലാസിൻെറ ആട്മാക്ക്




## ശീലക്കുടകൾ

ഉപയോഗിക്കുക.

ആട്മാക്കു് കുടകൾ എല്ലാ കച്ചവടക്കാരിൽനിന്നും ലഭിക്കുന്നു.

*മിതമായ വിലയ്ക്കു് മികച്ച സേവനം*

**മഞ്ഞിലാസ് അമ്പ്രല്ലാ മാർട്ട്**
**പോസ്റ്റ്ഓഫീസ്റോഡ് തൃശ്ശൂർ-1**




"കിളച്ചുകേറണം; റപ്പായി എന്താ നോക്കി നില്ക്കുന്നെ?" വൃക്ഷത്തണലിൽ നിന്നു് ചിന്നമ്മ ചോദിച്ചു. എട്ടു റാത്തൽ തൂക്കമുള്ള തൂമ്പാ ആ പണിക്കാരുടെ കൈകളിൽ ഉയരുകയും താഴുകയും ചെയ്യുന്നു. അവർ വിയർത്തൊലിച്ചു വശംകെട്ടു. ഒന്നു വിശ്രമിച്ചിരുന്നെങ്കിൽ!

പക്ഷെ സാദ്ധ്യമല്ല. ചിന്നമ്മ നേരെ മുമ്പിൽ വന്നുനിന്നു പണിയിക്കുകയാണു്. അവരുടെ കൈവെള്ളയിലെ തൊലി പോളച്ചുപൊട്ടി. വല്ലാതെ വേദനിക്കുന്നു. തൂമ്പാക്കൈയ്യിൽ പിടി മുറുകുന്നില്ല

## VI. "പെണ്ണരശുനാട്ടിൽ പിട കൂവി"

"കൈ നോവുന്നു ചിന്നമ്മേ!" റപ്പായിയുടെ പരാതി! അവൻ തൂമ്പാ തൊട്ടിട്ടുള്ളവനല്ല. മററുള്ളവരെ കുററം പറഞ്ഞുള്ള പരിശീലനമേ അവനുള്ളൂ.

"സാരമില്ല. തഴമ്പായാൽപ്പിന്നെ വേദനിക്കില്ല. വേഗം കിളച്ചോ."

ഹൊ, അവളെന്തൊരു പെണ്ണാണു്. ചങ്കൂററമുള്ള ചെറുപ്പക്കാരുടെ മുമ്പിൽ പട്ടാളമേധാവിയെപ്പോലെയല്ലേ ആജ്ഞകൾ വാരിവിതറുന്നതു്.

മത്തായിച്ചൻ ഒന്നും പറയുന്നില്ല. ദിവസം ഒരു മണിക്കൂറെങ്കിലും പറമ്പിൽ വല്ലതും ചെയ്യാൻ അമ്മ എന്നും പറഞ്ഞിരുന്നതു് അവൻ ഓർമ്മിച്ചു. അന്നതു ചെയ്തില്ല. അമ്മയുടെ നേരെ തട്ടിക്കേറി; വേണ്ടതും വേണ്ടാത്തതും പറഞ്ഞു. പത്തു മാസം ചുമന്നു് പ്രസവിച്ച അമ്മയുടെ മുമ്പിൽ അവൻ ഒരു തുള്ളി വിയർപ്പു പോലും ചിന്തിയിട്ടില്ല. ഏതോ ഒരു 'ചട്ടമ്പി'പ്പെണ്ണിനുവേണ്ടി വിയർത്തൊലിച്ചു പണിയുകയാണു്. അവൾക്കു് അവനോടു ദയയില്ല; സഹതാപമില്ല; സ്നേഹമില്ല. എല്ലുമുറിയെ അവനെക്കൊണ്ടവൾ പണിയെടുപ്പിക്കുന്നു. കൂലി കൊടുക്കുമോ എന്നാർക്കറിയാം.

"ഇനി പ്രാതൽ കഴിക്കാം ചിന്നമ്മേ!"

"മിണ്ടിപ്പോകരുതു്. ആ നിര തീരാതെ പോകാൻ പാടില്ല."

"ചിന്നമ്മയ്ക്കു വെശക്കുന്നില്ലേ?"

"അതു താനെന്തിനാ അന്വേഷിക്കുന്നേ?"

"ഞങ്ങൾക്കു വെശക്കുന്നു."

"വെശപ്പു തീരണമെങ്കിപ്പണിയെടുക്കണം."

കട്ടായമായ കല്പന; അവളുടെ മുഖത്തൊരു പുഞ്ചിരിപോലുമില്ല.

എരിഞ്ഞുപൊരിയുന്ന വെയിൽ; ആകാശത്തുനിന്നു തീക്കനലാണൊഴുകിയിറങ്ങുന്നതു്. ഉണങ്ങിവരണ്ട വയൽ; പാറപോലെ കട്ടിപിടിച്ചിരിക്കുന്നു. ഇരുമ്പുതൂമ്പാ ആഞ്ഞിറങ്ങുന്നതിനു പകരം തെറിച്ചുപോകുന്നെന്നു തോന്നി.

ഒന്നരമണിയ്ക്കാണു് അവർ ഉണ്ണാൻ ചെന്നതു്. മത്തങ്ങാക്കറിയും വാഴയ്ക്കാത്തോരനും മോരും ഉണ്ടായിരുന്നു. വിശന്നുപൊരിയുമ്പോൾ കറികളുടെ മേന്മയെപ്പററി നോക്കാറില്ല. എങ്ങനെയായാലും ആ ചോറും കറിയും വളരെ നല്ലതായിരുന്നു.

ഊണു കഴിഞ്ഞു; വിയർപ്പു പററിയ തോർത്തു് തിണ്ണയിൽ വിരിച്ചു് ആ പണിക്കാർ കിടന്നു. അവർ പെട്ടെന്നുറങ്ങിപ്പോയി.

പത്തു മിനിട്ടിൽ കൂടുതൽ വിശ്രമം പണിക്കാർക്കു ചിന്നമ്മ അനുവദിക്കയില്ല. കുംഭകർണ്ണസേവയ്ക്കല്ല, അവൾ കൂലി കൊടുക്കുന്നതു്.

കുറെ തണുത്ത വെള്ളം മുഖത്തു വീണപ്പോഴാണു് റപ്പായിയും മത്തായിച്ചനും ഉണർന്നതു്. ചിന്നമ്മ ഒരു പിച്ചളമൊന്തയുമായി മുമ്പിൽ നില്ക്കുന്നു, ഒപ്പിയെടുക്കാവുന്ന ഒരു പുഞ്ചിരിയുമായി.

"ഇതെന്നാ മുടിഞ്ഞ .........." റാക്കുറപ്പായി പിന്നെന്തോ കൂടെ പറഞ്ഞു. സംസാരം അവൻ തീരെ മയപ്പെടുത്തിയതാണു്. നാട്ടിൽവച്ചാണെങ്കിൽ നല്ല "കല്ലുവച്ചു"തൊക്കെയേ അവൻ പറയൂ.

"മിണ്ടിപ്പോകരുതു്; എഴുന്നേല്ക്കു്; ജോലിയുണ്ടു്."

"ഇപ്പം മനസ്സില്ല."

"മനസ്സു ചോദിച്ചില്ലെടോ." അവളുടെ ശബ്ദത്തിൽ ഒരു പൊലിസു് ഇൻസ്പെക്ടറുടെ സ്വരഗാംഭീര്യം മുഴങ്ങി.

"ചുമ്മാതല്ല കെട്ടാമങ്കചമഞ്ഞുനില്ക്കുന്നെ."!

റപ്പായിയും വിടാൻ ഭാവമില്ല. അവന്റെ പരുഷത്തെത്തന്നെ അവൾ ആക്ഷേപിച്ചിരിക്കുന്നു.

"ആട്ടെ, തനിക്കങ്ങു കെട്ടാമോ?"

"പിന്നെന്താ; ആരെങ്കിലും ഒരു ഭാഗ്യംകെട്ടവൻ വേണ്ടെ?"

"എന്നാലേ?"

"ഉം."

"ആ മുററത്തൊരു വരത്തപ്പട്ടി കിടപ്പുണ്ട്". അതിനെച്ചെന്നു കെട്ട്".''

ഗൗരവം ഭാവിച്ചിരുന്ന മത്തായിച്ചൻപോലും പൊട്ടിച്ചിരിച്ചുപോയി. അവൻ എഴുന്നേററു മുററത്തേയ്ക്കിറങ്ങി. പിന്നാലെ റപ്പായിയും.

''ഉച്ചയ്ക്ക് ആ കിണറു തേകണം" ചിന്നമ്മയാണു പറഞ്ഞത്.

അവർ അനുസരിച്ചു. മത്തായിച്ചൻ കിണററിലിറങ്ങി. റപ്പായി വെള്ളം വലിച്ചുകയററി; ചേറും ചെളിയുമെല്ലാം വാരിക്കളഞ്ഞു. രണ്ടു മണിക്കൂർ പണിയെടുത്തപ്പോൾ കിണർ വെടിപ്പായി. ഓരോ ഗ്ലാസ്സു കട്ടൻകാപ്പിയും കുടിച്ച് അവർ വീണ്ടും പണിസ്ഥലത്തേയ്ക്കു പോയി. ചിന്നമ്മയും കൂടെയെത്തി. അവളും വെറുതെയിരുന്നില്ല. കാടു വെട്ടുകയും നിലമൊരുക്കുകയുമൊക്കെ നല്ല കൈച്ചുറുക്കോടെ അവൾ ചെയ്തു.

രാത്രിയിൽ ചായിപ്പിലാണ് അവർ ഉറങ്ങുന്നത്. റപ്പായി ഒരു ചാക്കുകട്ടിലിൽ കിടക്കും. മത്തായിച്ചൻ വെറും തറയിൽ തഴപ്പായ വിരിക്കും. ഉണങ്ങിയ മുളകുചാരടു നിറച്ച കുട്ടിച്ചാക്കാണ് അവർക്ക് തല വയ്ക്കാൻ കിട്ടുന്നത്.

അകത്തെ മുറിയിൽ ചിന്നമ്മയ്ക്കും അമ്മയ്ക്കും നല്ല കട്ടിലുണ്ട്; മെത്തപ്പായും തലയണയും കമ്പിളിപ്പുതപ്പുമുണ്ട്. അതൊക്കെ വെയിലത്തിട്ട് ഉണക്കിവയ്ക്കുന്നതു പണിക്കാരാണ്. റപ്പായിയും അതു ചെയ്തിട്ടുണ്ട്. അവനു് അവളോടു അസൂയ തോന്നി. ആണുങ്ങളെക്കൊണ്ട് വീട്ടുപണി ചെയ്യിക്കുന്ന ഈ പെണ്ണ് ഏതു നാട്ടുകാരിയാണ്? അവളോടു ചോദിച്ചാൽ ഒരെത്തും പിടിയും കിട്ടുകയില്ല.

ഒരു പട്ടാളക്യാമ്പിലെ ചിട്ടയും നിയന്ത്രണവുമുണ്ടവിടെ. കൃത്യസമയത്തുണരണം. ചിന്നമ്മ നിർദ്ദേശിക്കുന്ന ഏതു ജോലിയും ചെയ്തുതീരു. രാത്രി ഉറക്കമാരംഭിച്ചാൽപ്പിന്നെ നിശ്ശബ്ദത പാലിക്കണം. ആരും യാതൊരു കാരണവശാലും ഒച്ചയെടുക്കാൻ പാടില്ല.

"ചിന്നമ്മേ!..." ഒരു രാത്രി റപ്പായി വിളിച്ചു. ശരത്കാലനിശീഥിനിയുടെ ഏകാന്തതയാണ്. എല്ലാവരും ഉറങ്ങാൻ കിടന്നുകഴിഞ്ഞു. വിളക്കണഞ്ഞിട്ടില്ല.

"വിളിക്കണ്ടാ; താൻ വല്ലോം കേക്കാറായി.'' മത്തായിച്ചൻ കൂട്ടുകാരന്റെ ചെവിയിൽ പറഞ്ഞു.

"ഓ, പിന്നെ ഇതെന്നാ വെള്ളരിങ്ങാപ്പട്ടണമാണോ?"

''എടാ, ആ പെണ്ണ് സാമാന്യക്കാരിയല്ലെന്നറിഞ്ഞുകൂടെ?''

"അവളാരാണെന്ന് എനിക്കൊന്നറിയണം. നമ്മളെയിട്ടിങ്ങനെ അടിമപ്പണി ചെയ്യിക്കാൻ...." പതുക്കെയാണവരുടെ സംസാരം. അകത്തെ മുറിയിൽ കേൾക്കാൻ പാടില്ല.

**അടുത്ത ലക്കത്തിൽ:**

## പട്ടണം കണ്ടോ? വെള്ളരിങ്ങാപ്പട്ടണം.

**കഥ തുടരുന്നു**

''നമുക്കിവിടെനിന്നു കടക്കണം; അല്ലാതെ രക്ഷയൊന്നുമില്ല."

"ഇവിടെ താമസിച്ചാലൊരു ഗുണമുണ്ട്; ആരും നമ്മളെ കണ്ടുപിടിക്കില്ല."

പക്ഷെ, ഇങ്ങനെ കിടന്നു പണിയാൻ എനിക്കു വയ്യാ; ഞാൻ ആകെ തളർന്നുപോയി."

''അക്കാര്യമൊന്നു പറയാനാ ഞാൻ അവളെ വിളിച്ചത്.''

"ഇപ്പോൾ വേണ്ടാ, നാളെയാട്ടെ."

"നാളെ നേരം കിട്ടുമോ? പണിയല്ലേ; ശ്വാസം വിടാൻ നേരമില്ലാത്ത പണി."

''ചിന്നമ്മേ!...." കുറേക്കൂടെ ഉച്ചത്തിൽ റപ്പായി വിളിച്ചു.

"ആരാണത്?" ആ ചോദ്യം ഉഗ്രമായ ഒരു താക്കീതായിരുന്നു.

''ഒരു കാര്യം?"

''മിണ്ടിപ്പോകരുത്"

"വളരെ അത്യാവശ്യമാ."

"മിണ്ടരുതെന്നല്ലേ പറഞ്ഞെ?...."

"നാളെ ഞങ്ങൾക്ക്........'' റപ്പായി അതു മുഴുമിക്കും മുമ്പ് അകത്തുനിന്നൊരു വെടി പൊട്ടി. ഒരു കൈത്തോക്കിന്റെ നിറയൊഴിഞ്ഞതാണ്.

"ഇനി ശബ്ദിച്ചാൽ ചുട്ടുകളയും."


## The Catholic Syrian Bank Limited,

**Estd: 1920 :: H. O. TRICHUR.**

24 Branches in
Kerala and Madras States.

*All Types of Banking Business Transacted.*

Interest Rate for Deposits:

| | | |
|---|---|---|
| FIXED - 6 to 60 Months | .... | 4½% to 5½% |
| CALL - Three Days Notice | .... | 4½% to 4¾% |
| Special Savings Bank | .... | 3½% |
| Savings Bank | .... | 3% |
| Current | .... | 1½% |

ADVANCES GRANTED
Against Approved Securities.

JOSEPH CHALISSERY, CHAIRMAN — M. B. KURUP B. A. (Hons.), GENERAL MANAGER

നിശ്ശബ്ദത! അവിടെയെങ്ങും പിന്നെ ഒരു നേരിയ സ്വരംപോലുമുയന്നില്ല. ഒരു മൊട്ടുസൂചി തറയിൽ വീണാൽപ്പോലും അറിയാം.

റാക്കറപ്പായിയുടെ പൌരുഷം വിറങ്ങലിച്ചുപോയി. അവൻ താഴെയിറങ്ങി മത്തായിച്ചൻെറ പായയിൽ കിടന്നു. അവക്ക് ഒത്തിരി സംസാരിക്കണമെന്നുണ്ട്. പക്ഷെ ശബ്ദം ശ്വാസനാളത്തിൽ വന്നിരുന്ന് ഞെരുങ്ങി അമരുന്നു.

"ഠേ ... ഇനി ശബ്ദിച്ചാൽ ചുട്ടുകളയും ..." അലറിയുയരുന്ന തിരമാലപോലെ കണ്ണരന്ധ്രങ്ങളിൽ ആ സ്വരം അലയടിക്കുന്നു. അതൊരു പെണ്ണിൻെറ ശബ്ദമാണ്. ഹൊ! ചോരത്തിളപ്പുള്ള ആ യുവാക്കൾ അതു കേട്ട ഞെട്ടിവിറയ്ക്കണം! അവർ ആരാണ്? ആരായാലും അതൊരു പെണ്ണരുത്തുനാടാണ്; അവിടെ കുവിത്തെളിഞ്ഞ 'പിട' ചിന്നമ്മയും! അവളെ തകക്കണം, എങ്ങനെയെങ്കിലും.

റാക്കറപ്പായിയുടെ അന്തരംഗത്തിൽ നുര നുര പദ്ധതികൾ രൂപംകൊണ്ടു. അനന്തരക്ഷണത്തിൽ അതൊക്കെ മായുകയും ചെയ്തു. മത്തായിച്ചൻ തൻെറ വീട്ടിലും ഈ തടങ്കൽപാളയത്തിലുമുള്ള ജീവിതത്തെ താരതമ്യപ്പെടുത്തുകയാണ്. സ്നേഹത്തിൻെറ നിറകുടമായ അമ്മ ഇപ്പോൾ എവിടെയാണ്? അതുപോലെ ഒരമ്മ ഇവിടെയുമുണ്ട്. ചിന്നമ്മയുടെ അമ്മ ഏലിച്ചേടത്തി. ആ അമ്മയ്ക്കും മകൾക്കും അവൻ ദാസ്യവൃത്തി ചെയ്യണം..... .. ഈ നരകത്തിൽനിന്ന് എങ്ങനെ മോചനം നേടും.

*  *  *

കാലമാകുന്ന വന്മരത്തിൽനിന്നു കരിയിലകൾപോലെ ദിവസങ്ങൾ കൊഴിഞ്ഞു. ഓരോ ദിവസത്തിനും വർഷത്തിൻെറ ദൈർഘ്യമുണ്ടെന്ന് അവക്കു തോന്നി.

ഒരു ദിവസം ചിന്നമ്മ മാത്രം അടുക്കളയിലുള്ളപ്പോൾ റാക്കറപ്പായി പണിസ്ഥലത്തുനിന്നു കയറി വന്നു.

"ചിന്നമ്മേ .. ...."

"ആ വാഴയ്ക്കാ തടമെടുത്തു തീന്നോ?"

"ഒരു കാര്യം!"

"അതു തീന്നിട്ട്!"

"തീന്നു."

"മുഴവൻ?" ചിന്നമ്മ തിണ്ണയിലേയ്ക്കിറങ്ങിച്ചെന്നു.

"ചെയ്തിടത്തോളം........" റാക്കറപ്പായി വിസ്തരിച്ചൊന്നു ചിരിച്ചു.

"തൻെറ പല്ലിളിയൊന്നും കാണണ്ടാ. പോയി പണിയെടുക്ക്."

"ഒരു കാര്യം പറയട്ടെ."

"എന്നോടോ?"

"പിന്നല്ലാതെ?"

"വേണ്ടാ വേണ്ടാ, തൻെറ കാര്യം കേൾക്കാനിരിക്കയല്ല ഞാൻ."

"ഞാൻ പിന്നാരോട്........"

"തൻെറ കെട്ട്യോളോടു ചെന്നു പറ."

"അതൊന്നും നടന്നിട്ടില്ല ചിന്നമ്മേ!" അവൻ പിന്നേയും ചിരിച്ചു.

"എൻെറടുത്തുനിന്നു കൊരങ്ങിനേപ്പോലെ പല്ലിളിച്ചാലുണ്ടല്ലോ. ......"

"ഇത്തിരി വെള്ളം ......."

ചിന്നമ്മ ഒരു കുടവൻകോപ്പ നിറയെ മോരുംവെള്ളം എടുത്തുകൊണ്ടുവന്നു തിണ്ണയിൽ വച്ചു. റപ്പായി അതെടുത്ത് ഒററവീർപ്പിനു കുടിച്ചു. നെററിയിൽനിന്നൊലിച്ചിറങ്ങിയ വിയർപ്പ് അവൻ വടിച്ചുകളഞ്ഞു.

ചിന്നമ്മ പിന്നേയും അടുക്കളയിലെന്തോ ജോലിയാണ്. റപ്പായി വാതില്ക്കൽച്ചെന്ന് അകത്തേയ്ക്കു തല കാണിച്ചു

"പോയില്ലേ. പിന്നെയും നില്ക്കുന്നോ?

"ചിന്നമ്മേ! ഞാൻ ചിന്നമ്മേ സ്നേഹിക്കുന്നു...."

കഴിയുന്നത്ര മധുരമായിട്ടൊന്നുകൂടെ റപ്പായി ചിരിച്ചു.

"ഫ! കാട്ടുകുരങ്ങേ! നിൻെറമ്മേച്ചെന്നു സ്നേഹിക്ക്." വാഴയ്ക്കാ കഴുകിയ വെള്ളമെടുത്തവൾ അവൻെറ തലയിലൊഴിച്ചു.


ഏതു കാലാവസ്ഥയ്ക്കും യോജിച്ച തുണിത്തരങ്ങൾക്ക്

Estd: 1934 സന്ദർശിക്കുക: PHONE: 841

★ കുററിച്ചാക്കു ★

ലോന അന്തോണി സൺസ്

തുണിച്ചരക്കു കച്ചവടം, ബസ്സ്റ്റാൻറിനു സമീപം, തൃശ്ശൂർ.

# നിങ്ങളുടെ സംശയങ്ങൾ

*(74_ാം പേജിൽനിന്നു തുടർച്ച)*

ക്കാതിരിക്കുകയോ ചെയ്യുന്നമെങ്കിൽ, വൈദികൻ ആ പാപം എന്താണെന്നു മനസ്സിലാക്കണം. അതിനു് പാപി അതു് വൈദികനോട്ട പറയേണ്ടിയിരിക്കുന്നു. അതുകൊണ്ടു് പാപം ക്ഷമിക്കപ്പെടണമെങ്കിൽ, മനസ്താപം മാത്രം പോരാ; പാപം വൈദികനോടു് പറയുകയും വേണം. എന്നാൽ ഒരു അപകടഘട്ടത്തിൽ, വൈദികനെ ലഭിക്കാൻ നിവൃത്തിയില്ലാത്തപ്പോൾ കുമ്പസാരിക്കണമെന്ന ആഗ്രഹത്തോടെ ഉത്തമമനസ്താപമുണ്ടെങ്കിൽ, പാപം ക്ഷമിക്കപ്പെടും. എന്നാൽ ആ അപകടഘട്ടം നീങ്ങുകയും വൈദികനെ കണ്ടെത്താൻ സാധിക്കുകയും ചെയ്യുമ്പോൾ, ആ പാപങ്ങൾ വൈദികനോടു് ഏററുപറയണം. പാപവിമോചനത്തിനു് കർത്താവു് കുമ്പസാരം ഒരു നിബന്ധനയാക്കിയതുകൊണ്ടാണു് കുമ്പസാരത്തിന്റെ ആവശ്യം നേരിടുന്നതു്.

40. മലയാളകുർബ്ബാനയിൽ ചില ഭാഗങ്ങൾ ഇനിയും സുറിയാനിയിൽത്തന്നെ ചൊല്ലുന്നുണ്ടല്ലോ. ആ ഭാഗങ്ങളും മലയാളത്തിലാക്കരുതോ?

(സണ്ണി, സി. തെക്കേക്കര, ചൂണ്ടൽ)

മലയാളകുർബ്ബാനയിൽ ഇപ്പോൾ ചില ഭാഗങ്ങൾ സുറിയാനിയിൽ ചൊല്ലുന്നുണ്ടു്. സീറോ_മലബാർ റീത്തിൽപ്പെട്ട വൈദികമേലദ്ധ്യക്ഷന്മാർ ആവശ്യപ്പെടുകയും, റോമിൽനിന്നു് അനുവാദം ലഭിക്കുകയും ചെയ്താൽ, ആ ഭാഗങ്ങളും മലയാളത്തിൽ ചൊല്ലാം. പക്ഷെ, ഇപ്പോൾ ഒരു വൈദികന്റെ ഇഷ്ടപ്രകാരം അവ മലയാളത്തിലാക്കാൻ പാടില്ല.

41. ഭർത്താവു് മരിച്ച സ്ത്രീയെ ഒരാൾ വിവാഹം കഴിച്ചു; അദ്ദേഹം മരിച്ചു. ആ സ്ത്രീ ഇപ്പോൾ വേറൊരുവനെ വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്നു. വാസ്തവത്തിൽ ആ സ്ത്രീ ഇപ്പോൾ ആരുടെ ഭാര്യയാണു്?

(ആൻറണി പള്ളിക്കുന്നത്തു്, അന്തിക്കാടു്)

ആ സ്ത്രീ ഇപ്പോൾ ആരുടെയും ഭാര്യയല്ല. സ്നേഹബന്ധം മരണാനന്തരം സ്വർഗ്ഗത്തിൽ നിലനില്ക്കുമെങ്കിലും, ഭാര്യാഭർതൃബന്ധം അവരിൽ ഒരാളുടെ മരണത്തോടെ അവസാനിക്കുന്നു.

42. വൈദികന്മാരും മെത്രാന്മാരും മാർപ്പാപ്പമാരും അൽമായരെപ്പോലെ പാപങ്ങൾ ഏററുപറഞ്ഞു് കുമ്പസാരിക്കുന്നുണ്ടോ?

(തങ്കമ്മ കെ. വി. അലനാടു്കര, വരാപ്പുഴ.)

അൽമായരെപ്പോലെ വൈദികന്മാരും മെത്രാന്മാരും മാർപ്പാപ്പയും മറെറാരു വൈദികനോടു് പാപങ്ങൾ ഏററുപറഞ്ഞു കുമ്പസാരിക്കുന്നുണ്ടു്. ആഴ്ചയിലൊരിക്കൽ, ചുരുങ്ങിയപക്ഷം രണ്ടാഴ്ചയിലൊരിക്കൽ, കുമ്പസാരിക്കണമെന്നു് അവർക്കു നിയമമുണ്ടു്. കഴിഞ്ഞ കുമ്പസാരത്തിനുശേഷം യാതൊരു ചെറിയ പാപമെങ്കിലും ചെയ്തിട്ടില്ലെങ്കിൽ, പഴയ പാപങ്ങളെപ്പററി മനസ്തപിച്ചു് കുമ്പസാരിക്കുന്നു.

43. ലോകാവസാനത്തിൽ മരിച്ചവരെയും ജീവിച്ചിരിക്കുന്നവരെയും വിധിക്കുന്ന സ്ഥിതിക്കു്, ഇതുവരെ മരിച്ചവർ വിധിക്കപ്പെട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ അവർ ഇപ്പോൾ എവിടെയാണു്?

(വർഗ്ഗീസ്, സി. തയ്യിൽ ഏഴല്ലൂർ, തൊടുപുഴ)

ലോകാവസാനത്തിലുള്ള വിധി (പൊതുവിധി) ക്കു പുറമെ, ഓരോരുത്തരും മരിക്കുന്നതോടെ തനിച്ചു് വിധിക്കപ്പെടുന്നു. ആ വിധിക്കു് തനതുവിധിയെന്നു് പേരു പറയുന്നു. ഇതുവരെ മരിച്ചവരെല്ലാം തനതുവിധിക്കു് വിധേയരായിക്കഴിഞ്ഞു. അവർ വിധിയും പാർത്തു് ഒരിടത്തു് വസിക്കുകയോ, ലോകത്തിൽ ചുററിക്കറങ്ങിനടക്കുകയോ അല്ല.

നമ്മുടെ കർത്താവു് അരുളിച്ചെയ്ത "ധനവാനും ലാസറും" എന്ന അന്യാപദേശത്തിൽനിന്നു് തനതുവിധി ഉണ്ടെന്ന നിഗമനത്തിലെത്തുവാൻ സാധിക്കും. മരണശേഷം ധനാഢ്യൻ നരകത്തിലേയ്ക്കും, ലാസർ അബ്രാഹമിന്റെ മടിയിലേയ്ക്കും പോയി. ധനവാനു് ലാസറിന്റെ ഒരു ദർശനം ദൈവം അനുവദിച്ചു. ധനവാൻ കുറച്ചു വെള്ളം ചോദിക്കുന്നു. കിട്ടാതെ വന്നപ്പോൾ അബ്രാഹമിനോടു് യാചിക്കുകയാണു്: "പിതാവെ, അവനെ (ലാസറിനെ) എന്റെ പിതൃഗൃഹത്തിലേയ്ക്കു് ഒന്നയക്കേണമെ. അവിടെ എനിക്കു് അഞ്ചു സഹോദരന്മാരുണ്ടു്. അവരെങ്കിലും ഈ പീഡനാകാരത്തിൽ വരാതിരിക്കാൻ അവൻ ചെന്നു് വിവരം പറയട്ടെ"....അബ്രാഹം പ്രതിവചിച്ചു: "മോശയെയും പ്രവാചകന്മാരേയും വിശ്വസിക്കാത്തവർ, മരിച്ചവൻ ഉയിർത്തു ചെന്നു പറഞ്ഞാലും വിശ്വസിക്കുകയില്ല. (വി. ലൂക്ക. 16, 19_31)

ഈ അന്യാപദേശത്തിൽനിന്നു് താഴെ കാണിക്കുന്ന നിഗമനങ്ങൾ ലഭിക്കുന്നു: 1. ധനികൻ മരിച്ചയുടനെ ശിക്ഷിക്കപ്പെടുന്നു; ലാസർ മരിച്ചയുടനെ സമ്മാനിക്കപ്പെടുന്നു. 2 ശിക്ഷയ്ക്കോ സമ്മാനത്തിനോ ലോകാവസാനംവരെ കാത്തുനില്ക്കുന്നില്ല. വിധിക്കപ്പെടാതെ നിത്യനരകമോ സമ്മാനമോ മരിച്ച ആൾക്കു് ലഭിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടു്, ധനവാന്റേയും ലാസറിന്റേയും വിധി നടന്നുകഴിഞ്ഞു. ധനികൻ നരകത്തിൽ പീഡിപ്പിക്കപ്പെടുമ്പോൾ, അയാളുടെ അഞ്ചു സഹോദരന്മാർ ലോകത്തിൽ ജീവിച്ചിരിപ്പുണ്ടു്. അതുകൊണ്ടു് ലോകാവസാനത്തിനു ശേഷമുള്ള കാര്യമല്ല അന്യാപദേശത്തിൽ പ്രതിപാദിക്കപ്പെടുന്നതു്.

തനതുവിധിയുണ്ടെങ്കിൽ, എന്തിനാണു് പിന്നീടൊരു പൊതുവിധി? മനുഷ്യൻ ഒരു സാമൂഹ്യജീവിക്കൂടിയാണു്. അതുകൊണ്ടു് വ്യക്തിപരമായ ഒരു വിധിക്കു പുറമെ, ഒരു സാമൂഹ്യവിധിയും ആവശ്യമുണ്ടു്. മനുഷ്യരുടെ മുമ്പിൽ നല്ലവരായി ചമഞ്ഞിരുന്ന ദുഷ്ടന്മാർ പരസ്യമായി ലജ്ജിപ്പിക്കപ്പെടുന്നതിനും, ലോകത്തിന്റെ മുമ്പിൽ അവമാനം സഹിക്കേണ്ടിവന്ന പുണ്യവാന്മാർ പരസ്യമായി മഹത്വം പ്രാപിക്കുന്നതിനും ഒരു പൊതുവിധി ആവശ്യമാണു്.

# കാലടികളും റോസാപ്പൂക്കളും

(കൃഷിക്കാരനായ പത്രോസുചേട്ടന്റെ വീട്. തിരുഹൃദയപടത്തിനു ചുവട്ടിലുള്ള ഒരു കയറുകട്ടിലിൽ ഗൃഹനാഥൻ ഇരിക്കുന്നു. യോഹന്നാൻ (12 വയസ്സ്) തെക്കുവശത്തെ ചുമരിൽ ചാരി അശ്രദ്ധനായി ഇരിക്കുന്നു. സമയം പ്രഭാതം.)

പത്രോസ്: എടാ യോഹന്നാനെ! നീ ഇന്നു നെറ്റിയിൽ കുരിശു വരച്ചിട്ടാണോടാ, എഴുന്നേറ്റത്?

യോഹന്നാൻ: കൊന്ത എത്തിച്ചിട്ടല്ല്യോ ഞാൻ പല്ലു തേയ്ക്കാൻ പോയതു? അപ്പാപ്പൻ അതൊക്കെ മറന്നോ ഇത്ര വേഗം?

പത്രോ: പിന്നെ എന്തെടാ നീ ഇങ്ങനെ ഉറക്കപ്പിച്ചോടെ കുത്തിയിരിക്കുന്നതു?

യോഹ: (മൗനം)

പത്രോ; എന്തെടാ നീ കുന്തം വിഴുങ്ങിയതുപോലെ ഇരിക്കുന്നത്? നിനക്കൊന്നു മിണ്ടിക്കൂടെ?

(ഗൃഹനായികയായ മറിയംചേടത്തി അടുക്കളയിൽനിന്നു കടന്നു വരുന്നു.)

മറിയം: വെറുതെ എന്തിനാണ് നേരം വെളുക്കുമ്പോഴേയ്ക്കും ചെക്കനെ ഇങ്ങനെ ചീത്ത പറയാൻ തൊടങ്ങണതു? കുരിശു വരിച്ചിട്ടല്ല്യോ നമ്മളെല്ലാവരും കൂടി കൊന്ത എത്തിച്ചത്?

പത്രോ: അത് ഇന്നലെയല്ലായിരുന്നോ?

മറി: അതെ! ഇന്നലെ ...! വയസ്സായപ്പോഴത്തേയ്ക്കു തലയ്ക്കു ഭ്രാന്തും പിടിച്ചോ?

പത്രോ: (കാര്യം ഓർമ്മയിൽ വന്നിട്ടെന്നപോലെ) ശരി ..ഇന്നുതന്നെയാണെന്നു കൂട്ടിക്കോ ...പണ്ടത്തെ മാതിരി ഒന്നും ഓർമ്മയിൽ നില്ക്കുന്നില്ല ... ങാ! പിന്നൊരു കാര്യം! പൂട്ടാനുള്ള കാളന്മാർക്കു ഗോതമ്പുംപൊടിയും, പിണ്ണാക്കും കലക്കിക്കൊടുത്തോ?

യോഹ: ഇത്തിരികൂടി ഒന്നു വെള്ള വെയ്ക്കട്ടെ അപ്പാപ്പാ .. ഇരുട്ടത്ത് എങ്ങനെയാണു വെള്ളം കോരാൻ ഒക്കുവാ?

മറി: പാതിരാക്കോഴി കൂകുമ്പഴത്തേയ്ക്ക് എല്ലാത്തിനേയും വിളിച്ചൊണർത്താൻ തുടങ്ങും .. എന്നിട്ട് അവിടെയിരുന്നു ഓരോന്നങ്ങനെ കല്പിക്കും. ... മനുഷ്യരായാൽ രാത്രി ഉറക്കം വേണം ...അതില്ലെങ്കിൽ വലിയ ബുദ്ധിമുട്ടാണേ!

പത്രോ: നിങ്ങടെ കാലത്ത് ഇവനെയൊക്കെ ജന്മാന്തരം ഇല്ലാണ്ടാക്കും .. അല്ലെങ്കിൽത്തന്നെ ഇവൻ ആള് ഒരു കുഴിമടിയനാണെന്നു കൂട്ടിയ്ക്കോ.

മറിയം: എന്നാൽ ഇനി ഞാനൊന്നും പറയണില്ല.... ഒക്കെ നിങ്ങളു തന്നെ ആയിക്കോ ..

(മറിയംചേടത്തി അടുക്കളഭാഗത്തേയ്ക്കു നടന്നുപോകുന്നു.)

പത്രോ; എടാ, യോഹന്നാനെ ... അമ്മാമ അങ്ങനെയൊക്കെപ്പറയും .... പൂട്ടാനുള്ള കരിയും നുകവും ശരിയാക്കി വെച്ചോ നീയ്?

യോഹ: ഉവ്വേ! ഇന്നലെ കിടക്കാൻ പോകണതിനു മുമ്പുതന്നെ ഒക്കെ ശരിയാക്കിവെച്ചിട്ടുണ്ടേ.

പത്രോ: ഇന്നലെ പൂള് ഇളകിയ കരികൾ ശരിയാക്കിച്ചുവെച്ചോ?

യോഹ: ഉവ്വേ!

പത്രോ: എടാ! നമ്മുടെ എണ്ണമയിലനെ ഇടത്തു വെച്ചു പൂട്ടിയാൽ മതി പുള്ളിക്കാളയോളം മിടുക്ക് അവനില്ല കേട്ടോ, പറഞ്ഞത്?

യോഹ: അങ്ങനെ ചെയ്യിച്ചോളാമേ!

പത്രോ: ഇന്നലെ വെയിലത്തിട്ട ഗോതമ്പും ചോളവുമൊക്കെ നല്ലപോലെ ഉണങ്ങിയോ?

യോഹ: നല്ലപോലെ ഉണങ്ങിയിട്ടുണ്ടേ!

പത്രോ: എങ്കില് അതൊക്കെ പത്തായത്തിലാക്കാൻ പറയായിരുന്നില്ല്യേ?

യോഹ: ശകലം ചൂടാറിയിട്ടു മതിയെന്ന് അമ്മാമ പറഞ്ഞു.

പത്രോ: വെണ്ണീറും ചാണകപ്പൊടിയും ശരിയാക്കിവെച്ചോ?

യോഹ: എല്ലാം പൊടിച്ചു ചാക്കിൽ കെട്ടിവെച്ചിട്ടുണ്ട്.

പത്രോ: കട്ട തട്ടാൻ ഇന്നലെ പോയവര് മാത്രമായാല് ഇന്ന് എല്ലാം തീർത്തുപോരാൻ ഒക്കുമോ?

യോഹ: ഇന്നലെ കൊടുത്ത കൂലി പോരെന്നാണ് അവരു പറഞ്ഞത്.

പത്രോ: പിന്നെ എന്ത് കിട്ടണമെന്നാണ് പറഞ്ഞത്?

യോഹ: തൊട്ടതിനൊക്കെ തീപ്പിടിച്ച വെലയാണെന്ന് അവരു പറഞ്ഞു.

പത്രോ: നമുക്കു കിട്ടുന്ന സാധനങ്ങൾക്ക് അതിനൊപ്പിച്ചു വെലക്കൂടുതല് കിട്ടണൊണ്ടോ?

യോഹാ: അതൊന്നും അവർക്കറിയാൻ പാടില്ലെന്നു പറഞ്ഞു.

പത്രോ: (അർത്ഥഗർഭമായി ഒന്നു മൂളിയിട്ട്) എന്തെങ്കിലും കുറച്ചു കൂട്ടിക്കൊടുക്കാമെന്നു പറയായിരുന്നില്ലേ? ങാ! പിന്നൊരുകാര്യം! പശുക്കിടാവിന്റെ കാര്യം ഇങ്ങനെ ഒരു വാലും തുമ്പും ആകാതെ ഇട്ടാല് അതു ചത്തുപോകില്ലേ?

യോഹ: നാളെ നമ്മുടെ കുരുവിളവൈദ്യനെ വിളിച്ചു കാണിക്കാം....

പത്രോ: നേരം കിട്ടിയാൽ ഇന്നുതന്നെ വിളിച്ചോ ...

(ചെവിയോർത്തിട്ട്) കുർബ്ബാനയ്ക്കുള്ള മണിയല്ലേ ആ കൊട്ടുന്നത്? വേഗം പള്ളിയിൽ പോകാൻ നോക്ക്! ശകലം കാപ്പി കുടിച്ചിട്ട് ഞാനും പോരണ്ണ്ട്........

യോഹ: (പത്രോസുചേട്ടന്റെ മുട്ടുകാലിൽ സൂക്ഷിച്ചു നോക്കിയിട്ട്) അപ്പാപ്പന്റെ മുട്ടുകാലിൽ നീരല്ലേ ആ കാണണത്? വയ്യെങ്കിൽ പോരണ്ട. ശകലം തൈലം പുരട്ടി ചൂടുപിടിക്കാം....

പത്രോ: പോടാ, പോ! തൈലോം കൊഴമ്പും ഇല്ലാതെ കഴിഞ്ഞില്ലേ ഇത്ര നാളും ..! ഇനി ഈ തൊണ്ണൂറാം കാലത്തു് നിൻെറ ഒരു തൈലം!

(വൃദ്ധൻ പതുക്കെ എഴുന്നേററ വെച്ചു വെച്ചു നടക്കുന്നു. കൂടെ യോഹന്നാനും യാത്രയാകുന്നു.)

യോഹ: അപ്പാപ്പനു നടക്കാൻ തീരെ സുഖമില്ലല്ലോ .. കണ്ടില്ലേ വീഴാൻ പോണതു്?

(വൃദ്ധൻ റോഡിലുള്ള ഒരു സർവ്വേക്കല്ലിന്മേൽ ഇരിക്കുന്നു.)

പത്രോ: (കിതച്ചുകൊണ്ടു്) വയ്യെടാ മകനേ ...തീരെ വയ്യാ .. എന്തൊരു ശ്വാസംമുട്ടു്! കാലിൻെറ മുട്ടു് പിടിച്ചു വലിക്കണതുപോലെ....ഒരു വിഷമം....

യോഹ: ഇങ്ങനെ സുഖമില്ലാത്തവർക്ക് പള്ളിയിൽ പോകാൻ കടമില്ല .. അപ്പാപ്പാ.

പത്രോ: ഞാൻ പതുക്കെ നടന്നു വന്നോളാം. നിനക്കു് ഏതായാലും കുർബ്ബാന തെററണ്ട. നീ നടന്നോ വേഗം.

(യോഹന്നാൻ പോകാൻ കൂട്ടാക്കാതെ നില്ക്കുന്നു. മറിയംചേടത്തി പതുക്കെ നടന്നുവരുന്നു. വലതുകൈയിൽ ജപമാല, പള്ളിയിൽ പോകുന്ന വേഷം)

മറി: നടക്കാൻ വയ്യെങ്കിൽ വീട്ടിലിരുന്നാൽപ്പോരെ? സുഖമില്ലാത്തവരോടു പള്ളിയിൽ പോകാൻ തമ്പുരാൻകർത്താവു് കല്പിക്ക്വോ?

പത്രോ: (അസഹ്യമായ വിഷമത്തോടെ) കാലിനു്....ഒരു തരിപ്പു് .. പോരെങ്കിൽ ഒരു ശ്വാസംമുട്ടും (ചുമയ്ക്കുന്നു.)

യോഹ: വയ്യെങ്കിൽ വീട്ടിലിരുന്നാൽ മതിയെന്നു ഞാനും പറഞ്ഞു.... പക്ഷെ കൂട്ടാക്കില്ലെന്നു വെച്ചാൽ എന്തു ചെയ്യും?

പത്രോ: എന്താണു നിങ്ങളിങ്ങനെ കട്ടപ്പം പറയണതു്. വല്ല വിധവും പള്ളിയിൽ ഒന്നു് എത്തിയിട്ടു് നമ്മുടെ നിത്യസഹായമാതാവിൻെറ അൾത്താരയിൽ ചൊല്ലുന്ന കുർബ്ബാന കണ്ടാലേ മനസ്സിനു് ഒരു സമാധാനമുള്ളു. ഇന്നുവരെ മാതാവു് അതിനു് ഒരു മുടക്കം വരുത്തീട്ടില്ലെന്നു കൂട്ടിക്കോ.

മറി: എന്നും കുർബ്ബാന കണ്ടു് ശീലിച്ചാലു് അങ്ങനെതന്നെയാണേ! സുഖമില്ലെന്നു തോന്നിയാലും പള്ളിയിൽ മണി കൊട്ടണതു കേട്ടാൽ ഇരിപ്പുറയ്ക്കില്ല .......

പത്രോ: നിങ്ങളു് വേഗം പള്ളിയിൽ പോയേൻ! ഞാൻ കാരണം നിങ്ങൾക്കു കുർബ്ബാന തെററണ്ട.

(മറിയംചേടത്തി നടന്നകലുന്നു. പത്രോസുചേട്ടൻ ചുമയ്ക്കുന്നു.....യോഹന്നാൻ അവിടെത്തന്നെ നില്ക്കുന്നു.)

യോഹ: അപ്പാപ്പനു തീരെ സുഖമില്ല ...നമുക്കു വീട്ടിലേയ്ക്കു മടങ്ങാം...

പത്രോ: എടാ യോഹന്നാനെ! എന്തെടാ നീ ഈ പറയുന്നതു്? നമ്മുടെ കർത്താവീശോമിശിഹാ ഗാഗുൽത്താമലമുകളിൽ ബലി അർപ്പിക്കാൻ പോയതു് എങ്ങനെയാണെന്നു് അറിയാമോ നിനക്കു്?

യോഹ: (മൗനം)

പത്രോ: എന്തെടാ! നിൻെറ നാവിറങ്ങിപ്പോയോ? നിന്നെയൊക്കെ വേദപാഠം പഠിപ്പിക്കാൻ വിട്ടിട്ടു് എന്തെടാ പ്രയോജനം?

യോഹ: ഭാരമേറിയ സ്ലീവായും ചുമന്നിട്ടു്....

പത്രോ: (സുസ്മേരവദനനായി) ങ്ഹാ! അപ്പോൾ നിനക്കറിയാം കാര്യങ്ങളൊക്കെ.

യോഹ: ഇന്നാളു് വികാരിയച്ചൻ അതൊക്കെ എത്ര വ്യക്തമായിട്ടാണു് പള്ളിയിൽ പറഞ്ഞതു് !

പത്രോ: എന്നാലു് നീ വേഗം ചെന്നു കുർബ്ബാന കണ്ടിട്ടു വായോ. .ഇത്തിരി കഴിഞ്ഞു് ഞാനും അങ്ങോട്ടു വരാൻ നോക്കാം ..

(യോഹന്നാൻ അനങ്ങാതെ നില്ക്കുന്നു.)

പത്രോ: (ദേഷ്യഭാവത്തിൽ) എടാ നിന്നോടാണു് പറഞ്ഞതു് .നിൻെറ ചെവിക്കല്ലു് അടഞ്ഞുപോയോടാ, യോഹന്നാനെ? വേഗം ചെല്ലു്.... "കാഴ്ചവെപ്പി"ൻെറ സമയം ആയിട്ടുണ്ടാവും.

(യോഹന്നാൻ പതുക്കെ നടന്നകലുന്നു. വഴി വിജനം....)

പത്രോ: (ആത്മഗതം)

"എൻെറ കർത്താവെ! വിഷമംപിടിച്ച ഈ യാത്ര ഇനിയും തുടരാൻ എനിക്കു സാദ്ധ്യമല്ലെന്നു് അവിടത്തേയ്ക്കു് അറിയാമല്ലോ! മടികൊണ്ടല്ല കർത്താവെ! പക്ഷെ..."

(പിറകിൽ അപരിചിതമായ ഒരു സ്വരം കേട്ടു് പിൻതിരിഞ്ഞു നോക്കുന്നു. മിന്നൽപോലെ ഒരു വെളിച്ചം പ്രകാശിച്ചുകാണുന്നു......സുഗന്ധപുഷ്പങ്ങളും വഹിച്ചുകൊണ്ടു് തേജോമയനായ ഒരു ദിവ്യപുരുഷൻ വൃദ്ധൻെറ സമീപത്തേയ്ക്കു നടന്നടുക്കുന്നു. വളരെ പ്രയാസപ്പെട്ടു് പത്രോസുചേട്ടൻ നിലത്തു മുട്ടുകുത്തുന്നു.)

പത്രോ: "എൻെറ കർത്താവെ! എൻെറ ദൈവമെ! അങ്ങു് പാപിയായ എൻെറ അടുക്കൽ വരുവാൻ ഞാനൊരിക്കലും യോഗ്യനല്ല...."

ദിവ്യപുരുഷൻ: ഞാൻ കർത്താവല്ല .. നേരെമറിച്ചു് നിൻെറ കാവൽമാലാഖയാണ്. നിൻെറ ഓരോ കാലടിയും പിൻതുടരുവാൻ ദൈവം എന്നോടു കല്പിച്ചിരിക്കുകയാണ്. വിഷമിച്ചും ബുദ്ധിമുട്ടിയും നീ ദേവാലയത്തിലേയ്ക്കു പോകുന്ന സന്ദർഭങ്ങളിലെല്ലാം നിൻെറ കാലടികൾ ഞാൻ സൂക്ഷ്മമായി എണ്ണി തിട്ടപ്പെടുത്തുന്നുണ്ടു്....

പത്രോ: (പരിഭ്രമത്തോടെ) പരിശുദ്ധനായ എൻെറ കാവൽമാലാഖയെ! നീ എന്തിനാണു് എനിക്കുവേണ്ടി ഇത്ര പാടുപെടുന്നതു്?

മാലാഖ: ദിവ്യബലി കാണാൻ നീ പള്ളിയിലേയ്ക്കു പോകുമ്പോൾ, നീ വെയ്ക്കുന്ന ഓരോ കാലടിക്കും സുഗന്ധമേറിയ ഒരു റോസാപ്പുഷ്പം വഴിയിൽ പ്രത്യക്ഷപ്പെടുന്നു. അവയെ ശ്രദ്ധാപൂർവ്വം ശേഖരിക്കുകയാണ് എൻെറ തൊഴിൽ. ഇതാ ഇങ്ങോട്ടു നോക്കു്! ഇന്നു് ഞാൻ ശേഖരിച്ചതാണ് ഈ പൂക്കൾ. .മരണാനന്തരം മോക്ഷത്തിൽ നിൻെറ സിംഹാസനം അലങ്കരിക്കാനുള്ള പൂക്കളാണിവ........

(മിന്നൽവെളിച്ചം വീണ്ടും പ്രത്യക്ഷപ്പെടുന്നു. അതിനിടയിൽ ദൈവദൂതൻ മറഞ്ഞുപോകുന്നു.)

പത്രോ: (ആത്മസംതൃപ്തിയോടെ) എൻെറ കർത്താവെ! ദിവ്യബലിയിൽ സംബന്ധിക്കുവാൻ എത്ര ബുദ്ധിമുട്ടു കഴിച്ചാലും ഞാനിനി പരാതി പറയുകയില്ല .. (ദൈവദൂതൻ നിന്നിരുന്ന സ്ഥലം ചുംബിക്കുന്നു.)

— ★ —

# നാട്ടാരുടെ മുതൽക്കൂട്ടും
# നാട്ടിൻെറ രക്ഷയും
# തമ്മിൽ ബന്ധമുണ്ടോ? - ഉണ്ടു്.




മിതവ്യയം നന്നു്. എന്നാൽ അതിലും മെച്ചമാണു് ഡിഫൻസു് സർട്ടിഫിക്കറ്റുകൾ വാങ്ങുന്നതു്. നിങ്ങളുടെ നേരിട്ടുള്ള ഈ ഉപഹാരം വികസനത്തിന്നു് കൂടുതൽ വിഭവങ്ങളും പ്രതിരോധത്തിന്നു് കൂടുതൽ ഉപകരണങ്ങളും കിട്ടുമാറാക്കാൻ സഹായിക്കുന്നു.

## നിങ്ങളുടെ സമ്പാദ്യം രാജ്യരക്ഷയ്ക്കു്
## അത്യന്താപേക്ഷിതം

DA 63/408




*ഗാനം*

## വ്യാകുലാംബികയോട്

*(നന്മനിറഞ്ഞോരമ്മേ........എ. മ.)*

അമ്മേ, വ്യാകുലമാതേ, നിന്റെ
സൂനു നിന്നെ പിരിഞ്ഞോ ? (അമ്മേ ....

ഞങ്ങൾതൻ അമ്മച്ചിയായ്
നിന്നെ ഏകിക്കൊണ്ടു്
പാരിൽ പാപം പോക്കീടുന്ന
രക്ഷകൻ പിരിഞ്ഞല്ലോ
രക്ഷകൻ പിരിഞ്ഞല്ലോ (അമ്മേ... ....

ആശ്രയമില്ലാതെ
വലയുകയാണോ നീ ?
മകനെ ഓർത്തു തേങ്ങിതേങ്ങി
കരയുകയാണോ നീ ?
കരയുകയാണോ നീ ? (അമ്മേ .......

ആശ്വാസമേകീടാം
ആലംബദായകിയേ
നിൻതിരുപാദേ പുൽകിക്കൊണ്ടു്
സാന്ത്വനമേകീടാം.
സാന്ത്വനമേകീടാം (അമ്മേ.......

കൂരിരുൾ തിങ്ങിടുമീ
ലൌകികജീവിതത്തിൽ
നേർവഴി തെററി വലയും ഞങ്ങളെ
കാത്തുകരേററണമേ
കാത്തുകരേററണമേ. (അമ്മേ .......

— മേരി പി. വള്ളകുളം

## കുമ്പിടുന്നു ഞങ്ങൾ

*(കൊഞ്ചി—കൊഞ്ചി പേശി........എ. മ.)*

കണ്ടു കണ്ടു ഞാനാ ദിവ്യമുഖം
പുഞ്ചിരി തൂകി കനിയും മുഖം
പാപികളിൽ നീ സങ്കേതം
ആശ്രിതർക്കു നീ നല്ലമ്മ
കുമ്പിടുന്നു ഞങ്ങൾ—വന്നിടുന്നു ഞങ്ങൾ
നിൻസ്തുതിഗീതങ്ങൾ പാടുവാനായ്.
(കണ്ടു........

ദുഃഖിതർക്കു നീ ആശ്വാസം
എന്നുമെന്നുമരുളിടുന്നു
കുമ്പിടുന്നു ഞങ്ങൾ—വന്നിടുന്നു ഞങ്ങൾ
നിൻസ്തുതിഗീതങ്ങൾ പാടുവാനായ്.
(കണ്ടു.......

ഹൃദയം വിങ്ങി ഞാൻ കേഴുമ്പോൾ
നിൻസവിധത്തിലണയുന്നു
കുമ്പിടുന്നു ഞങ്ങൾ—വന്നിടുന്നു ഞങ്ങൾ
നിൻസ്തുതിഗീതങ്ങൾ പാടുവാനായ്.
(കണ്ടു .......

— ബർണാഡ്, ചാലക്കുടി

## ഫലിതബിന്ദുക്കൾ

നാട്ടുംപുറത്തുകാരനായ തോമ്മാച്ചേട്ടനോട് ടൗണിൽ താമസിക്കുന്ന ചാണ്ടി കുശലപ്രശ്നത്തിനിടയിൽ ചോദിച്ചു.

"തന്റെ വീട്ടിൽ വൈഫ് ഇല്ലെ ?"

വാട്ടർ പൈപ്പ് ആണെന്നു് തെററിദ്ധരിച്ച തോമാച്ചേട്ടൻ പറഞ്ഞു:

"അടുത്ത വീട്ടിലുണ്ടു്."

* * *

"താൻ ധാരാളം പച്ചക്കറികൾ കഴിക്കണം" ഡാക്ടർ രോഗിയോടു പറഞ്ഞു.

വീട്ടിൽ വന്ന രോഗി കറിക്കുള്ള മത്സ്യം പച്ചയോടെ തിന്നുന്നതു കണ്ട ഭാര്യ ചോദിച്ചു:

''നിങ്ങൾക്കു കിറുക്കു തുടങ്ങിയോ ?"

"കറിക്കുള്ളതെല്ലാം പച്ചയ്ക്കു തിന്നാനാണ് ഡാക്ടർ പറഞ്ഞിരിക്കുന്നതെടി" അയാൾ മറുപടി പറഞ്ഞു.

— കെ. ആർ. അമ്മിണി, തുരുത്തിപ്പുറം.

* * *

അദ്ധ്യാപകൻ അപ്പുക്കുട്ടനോടു ചോദിച്ചു:

"മഹാന്മാരാകുവാൻ നാം എന്തു ചെയ്യണം ?"

''സോക്രട്ടീസിനെപ്പോലെ വിഷം കഴിച്ച് മരിക്കുകയോ, ഗാന്ധിജിയെപ്പോലെ വെടിയേററ് മരിക്കുകയോ ചെയ്യണം'' __ അപ്പുക്കുട്ടൻ പറഞ്ഞു.

— ആൻറണി, എൽത്തുരുത്ത്

* * *

കള്ളൻെറ ഭീഷണിക്കത്ത്: "ഉടൻ 10000 രൂപാ ഇന്ന സ്ഥലത്തു വയ്ക്കണം. അല്ലെങ്കിൽ നിങ്ങളുടെ ഭാര്യയെ അപഹരിക്കുന്നതായിരിക്കും."

മറുപടി: "പണം കൈവശം ഉണ്ടെങ്കിലും തരാൻ ഉദ്ദേശിക്കുന്നില്ല. പിന്നെ, ഭാര്യയെ തട്ടിക്കൊണ്ടുപോകുന്ന കാര്യമല്ലേ. അതെത്രവേഗം ചെയ്യുമോ, അത്രയും സന്തോഷം."

— കെ. എസ്. ജോർജ്ജ്, ചാലക്കുടി.

## പദപ്രശ്നം

ഞാൻ ലോകത്തിൻെറ ചൂണ്ടുപലകയും സ്വർഗ്ഗത്തിൻെറ വഴിത്താരയുമാണ്. എന്നെ നിങ്ങൾ അറിയുകയും അനുസരിക്കുകയും ചെയ്യുക. എൻെറ പേരിന്നു നാലക്ഷരമാണുള്ളത്. ഒന്നാമത്തെ അക്ഷരം "തിരുവനന്തപുര"ത്തുണ്ടു്, "തൃശ്ശിവപേരൂരി"ല്ല. രണ്ടാമത്തെ അക്ഷരം 'കാരുണ്യ'ത്തിലുണ്ടു്, 'വിദ്വേഷ'ത്തിലില്ല. മൂന്നാമത്തെ അക്ഷരം 'സമാധാന'ത്തിലുണ്ടു്, "വിപ്ലവ"ത്തിലില്ല. നാലാമത്തെ അക്ഷരം "ഭവന"ത്തിലുണ്ടു്, കൊട്ടാരത്തിലില്ല. എൻെറ പേർ പറയുന്നവർക്കു രക്ഷയുണ്ടു്. — പോൾ കാളപ്പറമ്പത്ത്, മാള

(ഉത്തരം 94_ാം പേജിൽ)

*കൊച്ചുകഥ*

## പൗണ്ടൻപുസ്തകം

ചെറിയേലെ പോത്തച്ചനെ ആ നാട്ടുകാർ 'വക്കീൽ പോത്തച്ചൻ' എന്നാണ് വിളിക്കുക. അതിനു തക്ക കാരണവുമുണ്ടു്. ആ നാട്ടിൽ എന്തു് വഴക്കും തർക്കവും നടന്നാലും അവിടെ പോത്തച്ചനുണ്ടു്.

ഒരു ദിവസം അങ്ങാടിയിലെ ഏലമ്മയുടെ പത്തു കട പുഞ്ചപ്പയറ് തോമാക്കൊച്ചിൻെറ പശു തിന്നു. ഏലമ്മ കലിതുള്ളി, മുണ്ടു മടക്കിക്കുത്തി വഴക്കിന്നു പുറപ്പെട്ടു. തോമാക്കൊച്ചും വിട്ടില്ല. രണ്ടുപേരും ഉഗ്രൻ വഴക്കായി. അടിപിടിയായി. വക്കീലുപോത്തച്ചൻ ഉടനെ അവിടെ പ്രത്യക്ഷനായി, അതിലിടപെട്ടു് വഴക്കു തീർത്തു.

ഇത്തരത്തിലുള്ള നാട്ടുകാര്യങ്ങളന്വേഷിക്കാനാണ് പോത്തച്ചനു് കൂടുതൽ താല്പര്യം. വീട്ടുകാര്യങ്ങൾ ശ്രദ്ധിക്കാറേയില്ല. ഏതു കേസിനെവിടെപ്പോയാലും വക്കീലുപോത്തച്ചൻ ദിവസക്കുർബ്ബാനയ്ക്കു് മുടക്കം വരുത്തുകയില്ലെന്നൊരു ഗുണമുണ്ടു്. 'അന്നാമ്മയുടെ കഴുത്തിൽ താലി വച്ചപ്പഴേ വീട്ടുകാര്യങ്ങളെല്ലാം അവൾക്കു കൊടുത്തു' എന്നാണ് വക്കീലുപോത്തച്ചൻ നാട്ടുകാരോടു് പറയുന്നതു്.

അന്നാമ്മ വായാടിയും സാമർത്ഥ്യക്കാരിയുമാണെന്നുള്ളതിൽ അയാൾ അഭിമാനിക്കുകയും ചെയ്യുന്നു. ഒരു മകനുണ്ടു്. അവൻ പത്താംക്ലാസ്സിലാണ് പഠിക്കുന്നതു്. അനവധി ക്ലാസ്സിൽ തോററിട്ടുണ്ടെന്നുള്ളതു് ഒരു മഹാഭാഗ്യമായി അവൻ കരുതുന്നു.

ഒരു ദിവസം പള്ളിയിൽ പ്രസംഗത്തിന്നിടയ്ക്കു് വികാരിയച്ചൻ കുടുംബഭരണത്തെ പുരസ്കരിച്ചു് പറഞ്ഞു. പറഞ്ഞതിലെല്ലാം ശരിയായ വകുപ്പുകളുണ്ടെന്നു് വക്കീലുപോത്തച്ചനും തോന്നി.

അന്നു് വീട്ടിൽ ചെന്നു് നേരെ ഇറയത്തു കിടന്ന 'ഈസിച്ചെയറിൽ' കിടന്നു. എന്നിട്ടു് അച്ചൻ പ്രസംഗത്തിൽ പറഞ്ഞ കാര്യങ്ങളെപ്പററി വകുപ്പുതിരിച്ചു് ചിന്തിക്കാൻ തുടങ്ങി.

തെല്ലു കഴിഞ്ഞപ്പോൾ അന്നാമ്മ കടന്നുവന്നു തിരക്കി:_ "എന്താ നിങ്ങള് ചിന്തിക്കുന്നെ, വല്ല കേസുമുണ്ടോ?"

"ഞാൻ കുടുംബഭരണത്തെപ്പററി ചിന്തിക്കുകയാണ്" __ പോത്തച്ചൻ പറഞ്ഞു.

"കുടുംബകാര്യം ഒരു കോട്ടവും കൂടാതെ ഞാൻ നടത്തുന്നുണ്ടു്. ഇന്നലെ ചെക്കനു് പൗണ്ടൻ പുസ്തകം വാങ്ങിക്കാൻ 20 രൂപ ആടിനെ വിററിട്ടാ കൊടുത്തെ" — അന്നാമ്മ പറഞ്ഞു.

പോത്തച്ചൻ ചാടിയെഴുന്നേററിട്ടലറി:—

''എടീ ദ്രോഹി ...! അങ്ങനെ ഒരു പുസ്തകമില്ലല്ലോടീ ... നിങ്ങൾ കുടുംബം നശിപ്പിക്കും."

അന്നാമ്മ ഞെട്ടിവിറച്ചു.

കുടുംബകാര്യം നോക്കാതെ നടന്നിരുന്ന പോത്തച്ചൻ മിഴിച്ചുനിന്നു.

— ജോർജ്ജ് പള്ളിക്കുന്നത്ത്, അന്തിക്കാട്

★

*PERMISSU SUPERIORUM*
Edited & Published by Fr. J. Chemmanoor B. A.
Printed at the
Union Press, Mariapuram, Trichur - 5.

# സൊഡാലിററിവാർത്തകൾ

**എൽത്തുരുത്ത്:** 2-2-64. ആശ്രമദേവാലയത്തിലേയും സെൻറ് അലോഷ്യസ് ബോർഡിംഗ് ഹൗസിലേയും മരിയാസഖ്യങ്ങളുടേയും മററു ഭക്തസംഘടനകളുടേയും സംയുക്തവാർഷികം റവ. ഫാദർ ജെപ്പ ഇരിമ്പൻ ബി. ഏ. അവർകളുടെ ആദ്ധ്യക്ഷ്യത്തിൽ ആഘോഷിച്ചിരിക്കുന്നു. "തീപിടിച്ച ആത്മാവ്" എന്ന സാമൂഹ്യ നാടകം സഖ്യാംഗങ്ങൾ അഭിനയിക്കുകയുണ്ടായി.

**മുക്കാട്ടുകര:** സൊഡാലിററി മദ്ധ്യസ്ഥയായ അമലോത്ഭവനാഥയുടെ തിരുനാൾ ജനുവരി 11, 12 തീയതികളിൽ ആഘോഷിച്ചു. 12_ാംനു- സൊഡാലിററിയുടേയും മററു ഭക്തസംഘടനകളുടേയും സംയുക്ത വാർഷികം കൊണ്ടാടി. റവ. ഫാദർ തോമസ് മൂത്തേടൻ എം. ഏ., ഡി. ഡി. അദ്ധ്യക്ഷത വഹിച്ചു. പ്രൊഫസ്സർ ടി. ഒ. മാത്യു എം ഏ. ആയിരുന്നു പ്രാസംഗികൻ നാടകം: "നക്ഷത്രവിളക്ക്"."

**എരവിമംഗലം:** 11-2-64. മരിയാസഖ്യത്തിൻെറ 11–ാം വാർഷികം വെ. റവ. ഫാദർ ജോൺ ചിറയത്തിൻെറ അദ്ധ്യക്ഷതയിൽ ആഘോഷിച്ചു. ഫാദർ വടക്കൻ, ഫാദർ ജി. കുന്നൻ എന്നിവർ പ്രസംഗിച്ചു. യോഗത്തിൽവച്ച്, മോൺ. സഖറിയാസ് വാഴപ്പിള്ളി ഡി. ഡി. ബോസ്ക്കോ യൂത്ത്സ് ക്ലബ്ബ് എന്നൊരു സംഘടന ഉൽഘാടനം ചെയ്തു. യോഗാനന്തരം ക്ലബ്ബംഗങ്ങൾ "തീ പിടിച്ച ആത്മാവ്" എന്ന നാടകമഭിനയിച്ചു. മരിയസഖ്യാംഗങ്ങളുടെ പരിശ്രമഫലമായി ഇവിടത്തെ എല്ലാ കത്തോലിക്കാ ഭവനങ്ങളിലും ഓരോ കത്തോലിക്കാ മാസികവീതം വിതരണംചെയ്തുവരുന്നു.

**അരണാട്ടുകര:** (W.) 12_1-64. മരിയാസഖ്യമാദി ഭക്തസംഘടനകളുടെ സംയുക്ത വാർഷികം കെങ്കേമമായി ആഘോഷിച്ചിരിക്കുന്നു. പൊതുയോഗത്തിൽ റവ. ഫാദർ ജി. ടി. തെക്കേക്കര പി. എച്ച്. ബി., ബി. ഡി. അദ്ധ്യക്ഷത വഹിച്ചു. ബാലികാബാലന്മാരുടെ വിവിധ കലാപരിപാടികളുണ്ടായിരുന്നു. സെൻറ് സെബാസ്റ്റ്യൻസ് ഡ്രമാററിക് ഗ്രൂപ്പ് അവതരിപ്പിച്ച "പാപം ചെയ്യാത്തവർ കല്ലെറിയട്ടെ" എന്ന നാടകം സദസ്യരുടെ പ്രശംസയ്ക്കു പാത്രമായി.

**കണ്ടൂർ:** 8_2-.64. അമലോത്ഭവതിരുനാൾ പ്രമാണിച്ച് റവ. ഫാദർ തോമസ് പുതുശ്ശേരിയുടെ അദ്ധ്യക്ഷതയിൽ പൊതുയോഗം ചേന്നു. "രക്തബന്ധം" എന്ന ഏകാങ്കം സൊഡാലിസ്ററുകളും "ചിതച്ചതു കൊയ്യുന്നു" എന്ന സാമൂഹ്യ നാടകം Y. M. A. ക്ലബ്ബുകാരും അവതരിപ്പിച്ചു.

**മൂർക്കനാട്:** 26-1-64. മൂർക്കനാട് പള്ളിയുടെ 125–ാം വാർഷികവും ഭക്തസംഘടനകളുടെ വാർഷികവും റവ. ഡോക്ടർ തോമസ് മൂത്തേടൻ M. A. D. D. അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ അതിഗംഭീരമായി ആഘോഷിച്ചിരിക്കുന്നു. മിസ്സിസ് ആനി തയ്യിൽ B. A., B. L. പ്രസംഗിച്ചു. യോഗാനന്തരം "കുരിശിലെ ബലി" എന്ന ചരിത്രനാടകം നന്നായവതരിപ്പിക്കുകയുണ്ടായി.

**ചെമ്മണ്ട:** 9_2-64. സൊഡാലിററിയുടെ ഒന്നാം വാർഷികം റവ. ഫാദർ റാഫേൽ ചിററിലപ്പിള്ളിയുടെ അദ്ധ്യക്ഷതയിൽ ആഘോഷിച്ചിരിക്കുന്നു. "രക്തബന്ധം അവസാനിക്കുകയില്ല" എന്ന നാടകവും "ലഡാക്ക്" എന്ന നിഴൽനാടകവും ഉണ്ടായിരുന്നു.

---


## Statement about ownership and other particulars about MARYVIJAYAM
### FORM IV *(See Rule 8)*

| | |
|---|---|
| 1. Place of Publication | : Mariapuram. |
| 2. Periodicity of Publicatioa | : Monthly |
| 3. Printer's Name | : Br. Louis Manjaly |
| Nationality | : Indian |
| Address | Mariapuram, Trichur-5 |
| 4. Publisher's Name | : Fr. J. Chemmanoor, |
| Nationality | : Indian |
| Address | P. O. Parappur, Trichur. |
| 5. Editor's Name, Nationality, Address | As in 4 above |
| 6. Name & Address of individuals who own the newspaper and partners holding more than one per cent of the total capital. | Diocesan Director of Sodalities, Trichur Diocese, Trichur (Kerala). |

I, Fr. J. Chemmanoor, hereby declare that the particulars given above are true to the best of my knowledge and belief.

(*Sd.*) Publisher 1—3—'64


## പുത്രവാത്സല്യം

*(68_ാം പേജിൽനിന്നു തുടർച്ച)*

പോലും വഴിതെററി പോകുന്നുണ്ടെന്നുള്ളതു് ഒരു പരമാർത്ഥം മാത്രമാണ്. ക്രിസ്തുവിനെതിരായുള്ള കുപ്രചരണങ്ങളെ സമർത്ഥമായി നേരിടുന്നതിനു് വിശ്വാസികളും സമർത്ഥന്മാരുമായ കത്തോലിക്കർ മുന്നോട്ടു വരേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ക്രിസ്തുവിനെ ഉപേക്ഷിച്ച് ബറാബാസിനെ സ്വീകരിക്കുവാൻ ശ്രമിക്കുന്ന ശക്തികളെ ശരിയായ എതിർപ്രചരണവും, സന്മാർഗ്ഗാധിഷ്ഠിതമായ ജീവിതവുംവഴി നമുക്ക് പരാജയപ്പെടുത്താം.

**മുല്ലശ്ശേരി:** 8-12-'63-ൽ സൊഡാലിററിത്തിരുനാൾ ആഘോഷിച്ചു. അതോടനുബന്ധിച്ച് 9 അംഗങ്ങളെ സീനിയർ സൊഡാലിററിയിൽ ചേർത്തു. 19 പേർക്ക് നീലപ്പീത്തയും 23 പേർക്ക് പച്ചപ്പീത്തയും നല്കി. സൊഡാലിററി അംഗങ്ങളെ 9 ഗ്രൂപ്പുകളായി തിരിച്ച് ഓരോ ഗ്രൂപ്പിനും ലീഡർമാരെ നിശ്ചയിച്ചു.

5_1_'64_ൽ സൊഡാലിററിയുടേയും മററു ഭക്തസംഘടനകളുടെയും സംയുക്തവാർഷികം വെരി റവ. ഡോക്ടർ തോമസ് മൂത്തേടൻ M. A., D. D. അവർകളുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടി. റവ. ഫാദർ ജോൺ ചെമ്മണ്ണൂർ സ്വാഗതം ആശംസിക്കുകയും ശ്രീ. എ. ഡി. വർഗ്ഗീസ് നന്ദി രേഖപ്പെടുത്തുകയുംചെയ്തു. യോഗത്തിൽവച്ച് "ഉദയതാര"ത്തിൻെറ മൂന്നാം വാർഷികപ്പതിപ്പ് അദ്ധ്യക്ഷൻ ഔപചാരികമായി ഉൽഘാടനംചെയ്തു. വേദോപദേശത്തിന് ഒന്നും രണ്ടും സ്ഥാനങ്ങളിൽ വിജയികളായവർക്ക് സമ്മാനങ്ങൾ നല്കപ്പെട്ടു. യോഗത്തിൽ കുട്ടികളുടെ വിവിധ കലാപരിപാടികൾ ഉണ്ടായിരുന്നു.

19_1_'64-ൽ പുതിയകൊല്ലത്തേയ്ക്കുള്ള ഭാരവാഹികളായി എം. എ. ഫ്രാൻസിസ്. സി. എ. ത്രേസ്യ എന്നിവരെ പ്രീഫെക്ടുമാരായും ടി. എ. ആൻറണി, പി. ഡി. ബേബി എന്നിവരെ സെക്രട്ടറിമാരായും തെരഞ്ഞെടുത്തു.

**തത്തംപള്ളി:** സൊഡാലിററിയുടെ ആഭിമുഖ്യത്തിൽ അമലോത്ഭവത്തിരുന്നാൾ 8_12_'63_ൽ ആഘോഷിച്ചു. ഉച്ചകഴിഞ്ഞ് റവ. ഫാദർ ജോൺ കിഴക്കേത്തയ്യിൽ അവർകളുടെ അദ്ധ്യക്ഷതയിൽ പൊതുസമ്മേളനം നടത്തി. സെലീനാമ്മ കുര്യൻ മലയിൽ പ്രസംഗിച്ചു. സഖ്യാംഗങ്ങളുടെ ഗാനാലാപങ്ങളും കലാപ്രകടനങ്ങളും സമ്മേളനത്തിനു മോടികൂട്ടി. തുടർന്ന് സഖ്യാംഗങ്ങൾക്കായി "സോഷ്യൽ" നടത്തപ്പെട്ടു.

28_8_'63-ൽ സ്ഥലത്തെ മരിയസഖ്യാംഗങ്ങൾ മരിയസഖ്യത്തിൻെറ നാലാം ശതാബ്ദജൂബിലി റവ. ഫാദർ ജോർജ്ജ് ചാലങ്ങാടിയുടെ അദ്ധ്യക്ഷതയിൽ ആഘോഷിച്ചു. കെ. എം. ജോർജ്ജ് പ്രസംഗിച്ചു.

**കൂനമ്മാവ്:** മരിയൻ സൊഡാലിററിയുടെ നാലാം ശതവർഷജൂബിലി, സമീപപ്രദേശങ്ങളിലെ സൊഡാലിററികളുടെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 2_ാംനു കൂനമ്മാവ് സെൻറ് ഫിലോമിനാസ് ദേവാലയാങ്കണത്തിൽ വച്ച് കൊണ്ടാടി.

ഉച്ചകഴിഞ്ഞ് 3 മണിക്ക് സൊഡാലിററി വിഭാഗത്തിനു മാത്രം നടത്തപ്പെട്ട സ്റ്റഡിക്ലാസ്സിൽ ആയിരത്തിൽപരം സൊഡാലിററി അംഗങ്ങൾ സംബന്ധിച്ചിരുന്നു. അതിനുശേഷം റാലിയും പൊതുയോഗവും ഉണ്ടായി റവ. ഡോക്ടർ ചേന്നാട്ട് Ph. D., D. D. അദ്ധ്യക്ഷത വഹിക്കുകയും, കുമാരി ഡൊറിററ് ഫെർണാണ്ടസ് B Sc., B. Ed., ശ്രീ. ജോർജ്ജ് ഇരുമ്പയം M. A. എന്നിവർ പ്രസംഗിക്കുകയും ചെയ്തു. യോഗത്തിനിടയ്ക്ക് വിവിധ സ്ഥലങ്ങളിലെ സൊഡാലിററി അംഗങ്ങളുടെ കലാപരിപാടികളും ഉണ്ടായിരുന്നു.

**കൂനമ്മൂച്ചി:** മരിയാസഖ്യത്തിൻേറയും മററു ഭക്തസംഘടനകളുടേയും സംയുക്തവാർഷികസമ്മേളനം വെരി റവ. ഫാ. ആൻറണി തേലപ്പിള്ളി B. A., B. T. യുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടി. മരിയാസഖ്യം ആൺകുട്ടികൾ "നിണത്തിൻെറ കാല്പാടുകൾ" എന്ന പ്രഹസനവും പെൺകുട്ടികൾ "നല്ല മനുഷ്യൻ" എന്ന പ്രഹസനവും അവതരിപ്പിച്ചു. വിവിധ മത്സരങ്ങളിൽ വിജയികളായ 75_പേർക്ക് സമ്മാനം നല്കപ്പെട്ടു. റവ. ഫാ. പോൾ ചാലിശ്ശേരി നന്ദി പ്രകടിപ്പിച്ചു.

**കോട്ടപ്പടി:** മരിയാസഖ്യത്തിൻെറ 44_ാം വാർഷികം 8_12_1963_ൽ റവ. ഫാ. ജോസഫ് തോട്ടങ്ങൽ Ph. D., B. D. അവർകളുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടി. ശ്രീ. സി. വി. ലൂവിസ് B. Sc. പ്രസംഗിച്ചു. വിവിധ കലാപരിപാടികൾക്കു പുറമെ യോഗാനന്തരം "പൊള്ളുന്ന പരമാർത്ഥങ്ങൾ" എന്ന നാടകം അവതരിപ്പിച്ചു.

*നിത്യസഹായമാതാവിൻെറ സഹായത്താൽ ഉദ്ദിഷ്ട കാര്യം സാധിച്ചതിന് ഉപകാരസ്മരണ. വൈകിയതിന് ക്ഷമാപണം.*

**P. P. മാത്യു, കല്ലൂർ.**

(പദപ്രശ്നം ഉത്തരം: തിരുസഭ)


## Winning Souls

*Through Books, Films & Radio.*

•

Young men who desire to be modern apostles of Christ are invited to become Priests or Brothers in THE SOCIETY OF ST PAUL. Candidates for the priesthood must have passed at least the S. S. L. C. or Matriculation.

*For free booklet write to:*

VERY REV. FR. SUPERIOR
SOCIETY OF ST PAUL
ALLAHABAD 2, U. P.

സ്റ്റെയിൻലസ്സ് സ്റ്റീൽ ചോറ്റുപാത്രങ്ങൾക്ക്

PHONE: 789

# Wares

റൗണ്ട് സൗത്ത്, :: തൃശ്ശൂർ.




സുരഭിലമായ സ്നാനത്തിനും
നിർമ്മലമായ ചർമ്മത്തിനും

# അജന്ത
നാല്പാമര
സോപ്പ്

**AJANTA CHEMICALS (REGD.) POONITHURA**

സേക്രഡ് ഹാർട്ട് ബുക്ക്സ്റ്റാൾ :: കോളെജ് റോഡ്, തൃശ്ശൂർ-1.

പ്രാർത്ഥനപ്പുസ്തകങ്ങൾ, കൊത്തുരൂപങ്ങൾ, കുരിശുരൂപങ്ങൾ, പടങ്ങൾ, കൊന്ത മുതലായ എല്ലാ ഭക്തവസ്തുക്കളും മിതമായ നിരക്കിൽ വിററുവരുന്നു. ആകർഷണീയമായ കമ്മീഷൻ.

Prop: T. V. Joseph.

# ഇന്ത്യൻ ഭാഷകളിൽ ടെലഗ്രാമുകൾ

സന്ദേശം
ദേവനാഗരി ലിപിയിൽ
എഴുതുന്ന പക്ഷം
ഏതു ഇന്ത്യൻ ഭാഷയിൽ
വേണമെങ്കിലും
നിങ്ങൾക്കു ടെലഗ്രാം
അയയ്ക്കാം

കമ്പി സന്ദേശങ്ങൾ ഇംഗ്ലീഷിൽ അയക്കാനുള്ള സൗകര്യത്തോടൊപ്പം തന്നെ, അവ ദേവനാഗരി ലിപിയിൽ അയക്കാനുള്ള സൗകര്യവും നിങ്ങൾക്കു ലഭിയ്ക്കുന്നതാണ്. ഗ്രീററിങ്ങ്സ് ടെലഗ്രാമുകൾ (ആശംസാവചനങ്ങൾ ഹിന്ദിയിൽ) ഡിലക്സ് ടെലഗ്രാമുകൾ, പത്രവാർത്തകൾ, പ്രയോററിററി ഹ്യൂമൻ ലൈഫ് ടെലഗ്രാമുകൾ, ഫോണോഗ്രാമുകൾ, ചുരുക്കിയ ടെലിഗ്രാഫിക് മേൽവിലാസങ്ങളുടെ രജിസ്ട്രേഷൻ എന്നിവ.

2000 ടെലഗ്രാഫ് ഓഫിസുകളിൽ
ഈ സേവനം ലഭിയ്ക്കുന്നതാണ്



കമ്പി-തപാൽ വകുപ്പ്

DA 63/475